# ദീനീ മഅ്ലൂമാത്ത്

# "DINI MALUMAT"

This book is a compilation of information regarding History of Islam and Ahmadiyya emphasizing the religious basics in the form of question and answers.

81-7912-061-9

# ദീനീ മഅ്ലൂമാത്ത്

വിവർത്തനം:

**ഇബ്നു വഫ, കോഴിക്കോട്**

**Dini Malumat**
(Malayalam - Translation of Urdu Book)

Compiled By
**Nazarat Nashr-o-Ishaat,Qadian**

Translated By
**Ibnu wafa** Kozhikode

D.T. P
**Mubashira**

First Edition
April 2017

Printed at:
Orange Offset Printers, Kozhikode, Kerala

Published by
**Islam International Publications- Kerala**
**Fort Road,Kannur-670001**

**Copies 1000**
Price Rs: 40/-

# കൃതജ്ഞത

അൽഹംദുലില്ലാഹ്, 'ദീനീ മഅ്ലൂമാത്ത്' എന്ന ഗ്രന്ഥത്തിന്റെ മലയാള പരിഭാഷയാണ് നിങ്ങളുടെ കൈകളിലിരിക്കുന്നത്. ഈ ഗ്രന്ഥം പ്രസിദ്ധീകരിക്കുന്ന കാര്യത്തിൽ സഹകരിച്ചത് ബഹുമാന്യരായ  നാസിർ സാഹിബ് നശ്റോ ഇശാഅത്ത് ഖാദിയാൻ, ഇൻചാർജ് മലയാളം ഡസ്ക് ഖാദിയാൻ, കേരളാ ഇശാഅത്ത് കമ്മിറ്റി, റിവ്യൂകമ്മിറ്റി ഭാരവാഹികൾ എന്നിവരോടുള്ള നന്ദി രേഖപ്പെടുത്തുന്നു.  പ്രസിദ്ധീകരണത്തിന്റെ ചെലവു ഏറ്റെടുത്തിരുന്നത് പഴയങ്ങാടി ജമാഅത്തിലെ ബഹുമാന്യയായ മർഹൂമ പി.പി.കുഞ്ഞാമിന സാഹിബയായിരുന്നു. അവരുടെ ഈ സൽക്കർമ്മത്തിനു അല്ലാഹു ഉചിതമായ പ്രതിഫലം നൽകുമാറാകട്ടെ.  ജസാഹുമുല്ലാഹു അഹ്സനൽ ജസാഅ്. അല്ലാഹു ഈ  പ്രസിദ്ധീകരണം എല്ലാ നിലക്കും അനുഗൃഹീതമാക്കട്ടെ. ആമീൻ

പ്രസാധകർ

# <u>അല്ലാഹു, ഇസ്ലാം,</u>
# <u>വിശുദ്ധ ഖുർആൻ</u>

## അല്ലാഹു

**1. അല്ലാഹുതആലായുടെ മാത്രമായ പേരെന്ത്? അതു കൊണ്ട് ഉദ്ദേശിക്കുന്നതെന്ത്?**

അല്ലാഹുതആലായുടെ സ്വന്തം പേര് അല്ലാഹു എന്നാ ണ്. അവൻ എല്ലാ ഗുണങ്ങളുടേയും കേദാരവും എല്ലാ ന്യൂനതകളിൽ നിന്നും പരിശുദ്ധനുമാകുന്നു. അല്ലാഹുവിന്റെതു മാത്രമായ ഈ പേര് മറ്റാർക്കുവേണ്ടിയും ഉപയോഗിക്കപ്പെടുന്നില്ല.

**2. അല്ലാഹുവിന്റെ എത്ര ഗുണനാമങ്ങൾ ഖുർആനിൽ വിവരിക്കപ്പെട്ടിട്ടുണ്ട്?**

104, ഉദാഹരണമായി അർറഹ്മാൻ, അർറഹീം, അൽഹയ്യ്, അൽഖയ്യ് മുതലായവ. (ദീപാച്ച തഫ്സീറുൽ ഖുർആൻ - ഹദ്റത്ത് മുസ്ലിഹ് മൗഊദ് (റ) പേജ് - 308)

**3. ദൈവാസ്തികൃത്തിന് ഖുർആനിൽ നിന്ന് ഒരു തെളിവ് നൽകുക?**

പ്രവാചകന്മാരുടെ വിജയം. വിശുദ്ധഖുർആൻ പറയുന്നു:

كَتَبَ اللّٰهُ لَاَغْلِبَنَّ اَنَاوَرُسُلِىْ ط *കത്തബല്ലാഹു ലാഅഗ്‌ലിബന്ന അന വ റുസൂലീ* (സൂറ: മുജാദല ആയത്ത് 22) ഞാനും എന്റെ ദൂതന്മാരും വിജയിക്കുക തന്നെ ചെയ്യുമെന്ന് അല്ലാഹു വിധി എഴുതിയിരിക്കുന്നു.

**4. ഇസ്‌ലാം എന്നതിന്റെ അർത്ഥമെന്ത്?**

അനുസരണം, കീഴ്‌വണക്കം

اسلام چیز کیا ہے خدا کے لئے فنا
ترکِ رضائے خویش پئے مرضیءِ خدا

(ദൈവത്തിനായി അലിഞ്ഞില്ലാതാകൂ,
ദൈവേച്ഛ നിൻ ദേഹേച്ഛയാക്കൂ
അതല്ലോ ഇസ്‌ലാം, പരിപൂർണ്ണ മതം ഇസ്‌ലാം.)

**5. ഇസ്‌ലാമിന്റെ അടിസ്ഥാന കാര്യങ്ങൾ എന്തൊക്കെയാണ്?**

ഇസ്‌ലാമിന്റെ അടിസ്ഥാന കാര്യങ്ങൾ അഞ്ചാണ്.
1. പരിശുദ്ധകലിമ 2. നമസ്കാരം 3. റമദാൻ മാസത്തിലെ നോമ്പ് 4. സക്കാത്ത് 5. ഹജ്ജ്.

**6. പരിശുദ്ധ കലിമ എന്താണ്?**

لَا اِلٰهَ اِلَّااللّٰهُ مُحَمَّدٌ رَّسُوْلُ اللّٰهِ

ലാഇലാഹ ഇല്ലല്ലാഹു മുഹമ്മദു റസൂലുള്ളാഹ്.

**7. ഈമാൻ കാര്യങ്ങൾ എത്ര? അവ ഏതൊക്കെയാണ്?**

**ഈമാൻ കാര്യങ്ങൾ ആറെണ്ണം.**

1. അല്ലാഹുവിൽ വിശ്വസിക്കുക. 2. അവന്റെ മലക്കുകളിൽ വിശ്വസിക്കുക. 3. അവന്റെ ഗ്രന്ഥങ്ങളിൽ വിശ്വസിക്കുക. 4. അവന്റെ പ്രവാചകന്മാരിൽ വിശ്വസിക്കുക. 5.അവസാന നാളിൽ വിശ്വസിക്കുക. 6. നന്മയും തിന്മയും അവന്റെ വിധിപ്രകാരമാണെന്ന് വിശ്വസിക്കുക.

**8. വിശുദ്ധ ഖുർആനിലെ സൂറത്തുകളുടെയും ആയത്തുകളുടെയും റുകൂഅ്കളുടേയും വാക്കുകളുടേയും എണ്ണം എത്ര?**

വിശുദ്ധ ഖുർആനിൽ 114 സൂറത്തുകളും, 6,348 ആയത്തുകളും 558 റുകൂഅ്കളും 86,430 വാക്കുകളും ഉണ്ട്.

(കുറിപ്പ്: ആയത്തുകളുടേയും വാക്കുകളുടേയും എണ്ണത്തിൽ ഭിന്നാഭിപ്രായമുണ്ട്.ചിലർ ബിസ്മില്ലാഹ്.. എല്ലാ സൂറത്തിന്റെയും ആയത്തായി കണക്കാക്കുന്നു. മറ്റു ചിലർ അങ്ങിനെ ചെയ്യുന്നില്ല. അതാണ് അതിന്റെ കാരണം. അതുപോലെ തന്നെ ചിലരുടെ അഭിപ്രായ ത്തിൽ ഏതാനും വാചകങ്ങൾ ചേർന്നാൽ ഒരു ആയത്തായി പക്ഷേ ചിലരുടെ അഭിപ്രായത്തിൽ അതൊരു പൂർണ്ണ ആയത്താവുകയില്ല. ഇതൊക്കെയാണെങ്കിലും വിശുദ്ധഖുർആനിലെ ബിസ്മില്ലായിലെ ബ മുതൽ വന്നാസിലെ സ വരെയുള്ള എല്ലാം തന്നെ റസൂൽ കരീം (സ) ന് അല്ലാഹു ഇറക്കിയ അതേ ഖുർആൻ തന്നെയാണ് എന്ന് എല്ലാവരും ഏകകണ്ഠമായി വിശ്വസിക്കുകയും സമ്മതിക്കുകയും ചെയ്യുന്നു.)

## 9. വിശുദ്ധ ഖുർആന്റെ ക്രോഡീകരണത്തേക്കുറിച്ച് ചുരുക്കി വിവരിക്കുക?

നബി കരീം (സ) ദൈവീക വെളിപാടനുസരിച്ച് ഖുർആൻ ശേഖരിച്ചു അല്ലാഹുവിന്റെ വഹ്‌യ് അനുസരിച്ച് തന്നെ ക്രമപ്പെടുത്തി ലിഖിതരൂപത്തിൽ ഭദ്രമാക്കിയിരുന്നു. ഹദ്റത്ത് അബൂബക്കർ (റ) തന്റെ ഖിലാഫത്ത് കാലത്ത് റസൂൽ (സ) ന്റെ വഹ്‌യ് എഴുത്തുകാരനായ ഹദ്റത്ത് സൈദ് ബിൻഥാബിത്ത് (റ) നാൽ എഴുതപ്പെട്ട ഖുർആൻ ഏടുകളെ തുന്നി പുസ്തകരൂപത്തിലാക്കുകയും അതിനെ ഒരു ഗ്രന്ഥരൂപത്തിൽ സൂക്ഷിക്കുകയും ചെയ്തിരുന്നു. പിന്നീട് ഹദ്റത്ത് ഉസ്മാൻ(റ)ന്റെ ഖിലാഫത്ത് കാലത്ത് ഗ്രന്ഥരൂപത്തിലുള്ള ഈ ഖുർആന്റെ ഏതാനും കോപ്പികൾ തയ്യാറാക്കുകയും അതിൽ നിന്ന് ഓരോരോ കോപ്പി മുസ്‌ലിം രാഷ്ട്രങ്ങൾക്ക് അയച്ച് കൊടുക്കുകയും ചെയ്തിട്ടുണ്ടായിരുന്നു ഇത്തരത്തിൽ ഖുർആനെ ലോകത്ത് വ്യാപിപ്പിക്കുകയുണ്ടായി. ഈ രുപത്തിലുള്ള ഖുർആൻ തന്നെയാണ് ഇന്ന് നമ്മുടെ പക്കലുള്ളത്. (ദീപാച്ച തഫ്സീറുൽ ഖുർആൻ പേജ് - 257)

**10. വിശുദ്ധ ഖുർആൻ സംരക്ഷണത്തെക്കുറിച്ച് അല്ലാഹു എന്ത് വാഗ്ദാനമാണ് ചെയ്തിട്ടുള്ളത്?**

اِنَّانَحْنُ نَزَّلْنَا الذِّكْرَوَاِنَّالَهٗ لَحٰفِظُوْنَ (سورةالحجر:10)

ഇന്നാ നഹ്നു നസൽനാ ദിക്ക്റാ വഇന്നാ ലഹു ലഹാഫിളൂൻ സത്യമായും ഈ ഗ്രന്ഥം ഇറക്കിയത് നാം തന്നെയാണ്.തീർച്ചയായും നാം തന്നെ അതിനെ സംരക്ഷിക്കുന്നതുമാണ്. (15:10)

**11. വിശുദ്ധ ഖുർആന്റെ ആദ്യത്തേതും അവസാനത്തേതുമായ രണ്ട് സൂറത്തുകളുടെ പേര് പറയുക?**

സൂറാ:ഫാത്തിഹയും സൂറാ: ബഖറയുമാണ് ആദ്യത്തെ രണ്ട് സൂറത്തുകൾ.

സൂറാ: ഫലഖും സൂറാ: നാസുമാണ് അവസാനത്തെ രണ്ട് സൂറത്തുകൾ. ഈ രണ്ട് സൂറത്തുകളെയും 'മുഅവിസതൈൻ' (Mu'avizathain) എന്നും പറയുന്നു. ഈ രണ്ട് സൂറത്തുകളും ഖുൽ അഊദു എന്ന പദങ്ങൾ കൊണ്ടാണ് ആരംഭിച്ചിരിക്കുന്നത്. ഈ രണ്ട് സൂറത്തുകളിലും അവസാന നാളിലെ കുഴപ്പങ്ങളിൽ നിന്നും രക്ഷപ്രാപിക്കാനുള്ള പ്രാർത്ഥന പഠിപ്പിക്കപ്പെട്ടിരിക്കുന്നു.

**12. വിശുദ്ധ ഖുർആനിലെ ഏറ്റവും വലുതും ഏറ്റവും ചെറുതുമായ സൂറത്തുകൾ ഏതൊക്കെയാണ്?**

സൂറത്തുൽ ബഖറ ഏറ്റവും വലുതും സൂറത്തുൽ കൗസർ ഏറ്റവും ചെറിയ സൂറത്തുമാകുന്നു.

**13. വിശുദ്ധ ഖുർആനിന്റെ ആദ്യവും അവസാനവും ഇറങ്ങിയ ആയത്തുകൾ ഏവ?**

ആദ്യ ആയത്ത് اِقْرَاْبِاسْمِ رَبِّكَ الَّذِىْ خَلَقَ (سورة العلق:2)

ഇഖ്റഅ് ബിസ്മി റബ്ബിക്കല്ലദീ ഹലഖ്
(സർവ്വവും) സൃഷ്ടിച്ച നിന്റെ നാഥന്റെ നാമത്തിൽ വായിക്കുക. അവസാനമിറങ്ങിയ ആയത്ത്:

وَاتَّقُوا يَوْمًا تُرْجَعُوْنَ فِيْهِ اِلَى اللّٰهِ (سورة البقرة:282)

വത്തഖു യൗമ തുർജഊന ഫീഹി (2:282)
നിങ്ങൾ അല്ലാഹുവിങ്കലേക്ക് തിരിച്ചയക്കപ്പെടുന്ന ഒരു നാളിനെ സൂക്ഷിക്കുക.
(അവസാനമിറങ്ങിയ ആയത്ത് സംബന്ധമായി ധാരാളം നിവേദനങ്ങൾ വന്നിട്ടുണ്ട്. അതിൽ വളരെ പ്രസിദ്ധമായതും അറിയപ്പെടുന്നതുമായ നിവേദനത്തിൽ ഈ ആയത്താണ് രേഖപ്പെടുത്തിയിരിക്കുന്നത്.)

**14. വിശുദ്ധ ഖുർആന്റെ ക്രോഡീകരണമനുസരിച്ച് നോക്കുകയാണെങ്കിൽ അതിൽ ആദ്യത്തെ കല്പന എന്ത്?**

يَـٰٓأَيُّهَا النَّاسُ اعْبُدُوا رَبَّكُمُ الَّذِىْ خَلَقَكُمْ وَالَّذِيْنَ مِنْ قَبْلِكُمْ
لَعَلَّكُمْ تَتَّقُوْنَ (سورة البقرة:22)

യാ അയ്യുഹന്നാസു അഅ്ബുദു റബ്ബക്കുല്ലദീ ഹലഖക്കും വല്ലദീന മിൻ ഖബ്ലിക്കും ലഅല്ലക്കും തത്തക്കൂൻ (2:22)
ജനങ്ങളേ! നിങ്ങളേയും നിങ്ങൾക്ക് മുമ്പുള്ളവരേയും സൃഷ്ടിച്ച നിങ്ങളുടെ നാഥനെ നിങ്ങൾ ആരാധിക്കുവിൻ.(എല്ലാ ആപത്തുകളിൽ നിന്നും) നിങ്ങൾ രക്ഷപ്പെടുന്നതിന് വേണ്ടി.

**15. സൂറത്തുൽ ബഖറയിലെ ആദ്യത്തെ 17 ആയത്തുകളിൽ എത്ര വിഭാഗങ്ങളെ കുറിച്ചാണ് പ്രതിപാദിച്ചിട്ടുള്ളത്. അവരുടെ പേര് പറയുക?**
മൂന്ന് വിഭാഗങ്ങൾ. 1. മുത്തഖി (സൂക്ഷ്മത കൈകൊള്ളുന്നവർ),

2. കാഫിർ (നിഷേധികൾ), 3. മുനാഫിഖ് (കപടവിശ്വാസികൾ).

**16. വിശുദ്ധ ഖുർആൻ കരീമിലെ ഏത് സൂറത്തിന്റെ ആരംഭത്തിലാണ് ബിസ്മില്ലാഹ് ഇല്ലാത്തത്. എന്തുകൊണ്ട്?**

സൂറ: തൗബ, കാരണം ഈ സൂറത്ത് അതിന് മുമ്പുള്ള സൂറത്തായ സൂറ: അൻഫാലിന്റെ തന്നെ ഭാഗമാണ്.

**17. വിശുദ്ധ ഖുർആന്റെ ഏത് സൂറത്തിലാണ് ബിസ്മില്ലാഹ് രണ്ട് പ്രാവശ്യം വന്നിട്ടുള്ളത്?**

സൂറ: നംലിൽ (27-ാം അധ്യായം) ഒന്ന് ആരംഭത്തിലും മറ്റൊന്ന് 31-ാം ആയത്തിലും.

**18. ഏതെങ്കിലും മൂന്ന് ഖുർആനിക ദുആകൾ പറയുക?**

(١)رَبَّنَآ اَفْرِغْ عَلَيْنَا صَبْرًا وَّثَبِّتْ اَقْدَامَنَا وَانْصُرْنَا عَلَى الْقَوْمِ الْكٰفِرِيْنَ ۔ (سورة البقره:251)

1.റബ്ബനാ അഫ്രിഗ് അലൈനാ സബ്റൻ വഥബ്ബിത് അഖ്ദാമനാ വൻസുർനാ അലൽ ഖൗമിൽ കാഫിരീൻ(2:251)...

ഞങ്ങളുടെ നാഥാ! ഞങ്ങൾക്ക് നീ സഹനശക്തി ചൊരിഞ്ഞു തരികയും ഞങ്ങളുടെ പാദങ്ങളെ ഉറപ്പിച്ചു നിറുത്തുകയും അവിശ്വാസികൾക്കെതിരായി ഞങ്ങളെ നീ സഹായിക്കുകയും ചെയ്യേണമേ!

(٢)رَبِّ زِدْنِیْ عِلْمًا (سورة طٰه:115)

2.റബ്ബി സിദ്നീ ഇൽമാ (താഹാ:115)

എന്റെ നാഥാ! എനിക്ക് ജ്ഞാനം വർദ്ധിപ്പിച്ച് തരേണമേ.

(٣)رَبَّنَآ اٰتِنَا فِى الدُّنۡيَا حَسَنَةً وَّفِى الۡاٰخِرَةِ حَسَنَةً وَّقِنَا عَذَابَ النَّارِ

(سورة البقرة: 202)

3..റബ്ബനാ ആത്തിനാ ഫിദ്ദുൻയാ ഹസനത്തൻ വഫിൽ ആഖിറത്തി ഹസനത്തൻ വഖിനാ അദാബന്നാർ(2:202).. ഞങ്ങളുടെ നാഥാ! ഐഹികജീവിതത്തിൽ ഞങ്ങൾക്ക് നീ നന്മ നൽകേണമേ, പരലോകത്തും നീ ഞങ്ങൾക്ക് നന്മ നൽകേണമേ, നരകശിക്ഷയിൽ നിന്ന് നീ ഞങ്ങളെ കാത്തു രക്ഷിക്കേണമേ!

**19. വിശുദ്ധ ഖുർആനിൽ നബികരീം (സ) യുടെ തിരുനാമം എത്ര പ്രാവശ്യം വന്നിട്ടുണ്ട്. ഏതെങ്കിലും ഒരു സ്ഥലത്തെ ക്കുറിച്ച് വിവരിക്കുക.?**

നാല് പ്രാവശ്യം, (1) സൂറ: ആലുഇംറാൻ ആയത്ത് :145, (2) സൂറ: അഹ്സാബ് ആയത്ത് :41, (3) സൂറ: മുഹമ്മദ് ആയത്ത് :3, (4) സൂറ: ഫതഹ് ആയത്ത് :30

مُحَمَّدٌ رَّسُوۡلُ اللّٰهِ وَالَّذِيۡنَ مَعَهٗۤ اَشِدَّآءُ عَلَى الۡكُفَّارِ رُحَمَآءُ بَيۡنَهُمۡ

(سورة الفتح:30)

(4) മുഹമ്മദ് അല്ലാഹുവിന്റെ ദൂതനാകുന്നു, അദ്ദേഹത്തിന്റെ കൂടെയുള്ളവർ അവിശ്വാസികൾക്ക് വഴങ്ങാത്തവരും പരസ്പ രം കാരുണ്യമുള്ളവരുമാണ്.

**20. ഹദ്റത്ത് നബി (സ) ഖാത്തമുന്നബിയ്യീനും, റഹ്മത്തു ല്ലിൽ ആലമീനും ആണെന്ന് ഏത് സൂറത്തിൽ ഏത് ആയ ത്തിലാണ് പ്രതിപാദിച്ചിട്ടുള്ളത്?**

സൂറത്തുൽ അഹ്സാബിലെ 41-ാം ആയത്തിലാണ് തിരു നബി(സ) ഖാത്തമുന്നബിയ്യീൻ ആണെന്ന കാര്യം പ്രതിപാ ദിച്ചിട്ടുള്ളത്...

مَا كَانَ مُحَمَّدٌ اَبَآ اَحَدٍمِّنْ رِّجَالِكُمْ وَلٰكِنْ رَّسُوْلَ اللّٰهِ وَخَاتَمَ النَّبِيّٖنَ ط

(മാ കാന മുഹമ്മദുൻ അബാ അഹദിൻ മിർ റിജാലിക്കും വലാക്കിർ റസൂലല്ലാഹി വ ഖാത്തമ്മന്നബിയ്യീൻ)
മുഹമ്മദ് നിങ്ങളിൽ ഒരു പുരുഷന്റെയും പിതാവല്ല. പക്ഷെ അദ്ദേഹം അല്ലാഹുവിന്റെ ദൂതനും എല്ലാ പ്രവാചകന്മാരുടേയും മുദ്രയുമാകുന്നു.
സൂറത്തുൽ അമ്പിയായിലെ 108-ാം ആയത്തിലാണ് തിരുമേനി (സ) റഹ്മത്തുല്ലിൽ ആലമീൻ ആണെന്ന് പ്രതിപാദിച്ചിട്ടുള്ളത്.

وَمَآ اَرْسَلْنٰكَ اِلَّا رَحْمَةً لِّلْعٰلَمِيْنَ

(വമാ അർസൽനാക്ക ഇല്ലാ റഹ്മത്തല്ലിൽ ആലമീൻ.....
നാം നിന്നെ ലോകത്തിന് ഒരു കാരുണ്യമായി മാത്രമാണ് അയച്ചിട്ടുള്ളത്)

**21. പ്രവാചകന്മാരുടെ അതേ നാമത്തിലുള്ള സൂറത്തുകളുടെ പേരുകൾ പറയുക?**
സൂറ: യൂനുസ്, ഹൂദ്, യുസുഫ്, ഇബ്റാഹിം, മുഹമ്മദ്, നൂഹ്.

**22. ശരീഅത്ത് നൽകപ്പെട്ട പ്രവാചകന്മാർ.**
ഹദ്റത്ത് നൂഹ്(അ), ഹദ്റത്ത് മൂസ(അ), ഹദ്റത്ത് മുഹമ്മദ് (സ)

**22A. ഖുർആനിൽ വിവരിക്കപ്പെട്ട ശരീഅത്തില്ലാതെ നിയോഗിതരായ നബിമാരുടെ പേരു പറയുക?**
1. ഹദ്റത്ത് ഇബ്റാഹീം നബി (അ)
2. ഹദ്റത്ത് ലൂത്ത് നബി (അ)
3. ഹദ്റത്ത് ഇസ്മാഈൽ നബി (അ)
4. ഹദ്റത്ത് ഇസ്ഹാഖ് നബി (അ)

5. ഹദ്റത്ത് യഅ്ഖൂബ് നബി (അ)
6. ഹദ്റത്ത് യൂസുഫ് നബി (അ)
7. ഹദ്റത്ത് ഹൂദ് നബി (അ)
8. ഹദ്റത്ത് സ്വാലിഹ് നബി (അ)
9. ഹദ്റത്ത് ശുഐബ് നബി (അ)
10. ഹദ്റത്ത് ഹാറൂൻ നബി (അ)
11. ഹദ്റത്ത് സുലൈമാൻ നബി (അ)
12. ഹദ്റത്ത് ഇൽയാസ് നബി (അ)
13. ഹദ്റത്ത് യൂനുസ് നബി (അ)
14. ഹദ്റത്ത് ദുൽകിഫ്ൽ നബി (അ)
15. ഹദ്റത്ത് അൽ യസഅ് നബി (അ)
16. ഹദ്റത്ത് ഇദ്രീസ് നബി (അ)
17. ഹദ്റത്ത് അയ്യൂബ് നബി (അ)
18. ഹദ്റത്ത് സക്കറിയാ നബി (അ)
19. ഹദ്റത്ത് യഹ്യാ നബി (അ)
20. ഹദ്റത്ത് ഈസാ നബി (അ).

**23. വിശുദ്ധ ഖുർആൻ മജീദിൽ ഏത് സഹാബിയുടെ പേരാണ് വന്നിരിക്കുന്നത്? സൂറത്തിന്റെ പേരും പറയുക?**
ഹദ്റത്ത് സൈദി ബിൻ ഹാരിസി (റ) ന്റെ പേരാണ് ഖുർആനിൽ വന്നത്. സൂറ: അഹ്സാബ് ആയത്ത് 38.

**24. പ്രവാചകത്വം, ഈസാനബിയുടെ മരണം, ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സത്യസാക്ഷ്യം എന്നീ വിഷയങ്ങളെ കുറിച്ചുള്ള ഖുർആനിലെ ആയത്തുകൾ വിവരിക്കുക?**
<u>പ്രവാചകത്വ തുടർച്ച:</u>

وَمَنْ يُّطِعِ اللّٰهَ وَالرَّسُوْلَ فَاُولٰٓئِكَ مَعَ الَّذِيْنَ اَنْعَمَ اللّٰهُ عَلَيْهِمْ مِّنَ

النَّبِيّٖنَ وَالصِّدِّيْقِيْنَ وَالشُّهَدَآءِ وَالصّٰلِحِيْنَ ج وَحَسُنَ اُولٰٓئِكَ رَفِيْقًا ○

(سورة النساء:70)

വമൻ യുഖിഇല്ലാഹ വറസൂല.......വ ഹസന ഉലായിക്ക റഫീഖ് (4:70)

വല്ലവരും അല്ലാഹുവിനേയും ഈ ദൈവദൂതനേയും അനുസരിക്കുന്നതായാൽ, അവർ അല്ലാഹു അനുഗ്രഹിച്ചിട്ടുള്ള പ്രവാചകന്മാർ, സത്യാത്മാക്കൾ, രക്തസാക്ഷികൾ, സദ്‌വൃത്തന്മാർ എന്നിവരുടെ കൂട്ടത്തിൽ ഉൾപ്പെടുന്നതാണ്. ഏറ്റവും നല്ല കൂട്ടുകാരത്രെ അവർ.

ഈസാ നബിയുടെ മരണം

(ഈസാ നബി (അ)ന്റെ സ്വന്തം വിവരണം):

كُنْتُ عَلَيْهِمْ شَهِيْدًا مَّا دُمْتُ فِيْهِمْ ج فَلَمَّا تَوَفَّيْتَنِىْ كُنْتَ اَنْتَ الرَّقِيْبَ عَلَيْهِمْ

(سورة المائده :118)

വകുൻതു അലൈഹിം ശഹീദൻ......... അന്തർ റഖീബ അലൈഹിം (5:118).

ഞാൻ അവരിൽ ഉണ്ടായിരുന്നിടത്തോളം (കാലം) ഞാൻ അവരുടെ മേൽ സാക്ഷിയായിരുന്നു. എന്നാൽ നീ എന്നെ മരിപ്പിച്ചപ്പോൾ അവരുടെ മേൽനോട്ടകാരൻ നീ തന്നെയായി.

ഹദ്റത്ത് മസീഹ് മൗഊദിന്റെ സത്യസാക്ഷ്യം:

فَقَدْ لَبِثْتُ فِيْكُمْ عُمُرًا مِّنْ قَبْلِهٖ ط اَفَلَا تَعْقِلُوْنَ ○

ഫഖദ് ലബിസ്തു....അഫലാ തഅ്ഖിലൂൻ (10:17)

ഇതിനുമുമ്പ് ഒരു ദീർഘകാലം ഞാൻ നിങ്ങളുടെ ഇടയിൽ ജീവിച്ചിട്ടുണ്ടല്ലോ? എന്നിട്ടും നിങ്ങൾ കാര്യങ്ങൾ ഗ്രഹിക്കുന്നില്ലേ?

ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു:

ഈ പ്രസ്ഥാനത്തിലേക്ക് നിങ്ങളെ ക്ഷണിക്കുന്ന വ്യക്തി ഏത് തരത്തിലുള്ള ദൈവീക ജ്ഞാനത്തിന്റെ ഉടമയാണെന്നും നിങ്ങളുടെ മുന്നിൽ എന്ത് തെളിവുകളാണ് നിരത്തുന്നതെന്നും നിങ്ങൾ ചിന്തിക്കുവിൻ. എന്റെ കഴിഞ്ഞ ജീവിതത്തിൽ വല്ല കുറ്റവും കുറവും നിങ്ങൾക്ക് ചൂണ്ടിക്കാണിക്കാൻ പറ്റുമെങ്കിൽ, വല്ല കള്ളമോ ചതിയോ കറ്റുകെട്ടോ ചെയ്തതായി ആരോപിക്കാൻ സാധിക്കുമെങ്കിൽ ഞാൻ കള്ളം പറയുന്ന സ്വഭാവക്കാരനാണെന്നും ഇപ്പോഴുള്ള എന്റെ വാദവും കള്ളമാണെന്ന് നിങ്ങൾക്ക് പറയാമായിരുന്നു. എന്റെ ജീവിതാരംഭത്തിൽ തന്നെ അല്ലാഹു എന്നെ തഖ്‌വയുടെ പാതയിൽ  നിലനിർത്തിയത് അവന്റെ അപാരമായ അനുഗ്രഹമാണ്. ചിന്തിക്കുന്നവർക്ക് ഇതൊരു തെളിവും ദൃഷ്ടാന്തവുമാണ് (തദ്കിറത്തുശ്ശഹാദതൈൻ, റൂഹാനീ ഖസാഇൻ വാള്യം: 20, പേജ് 64)

സമീന്താർ പത്രത്തിന്റെ എഡിറ്റർ മൗലവി സഫർ അലിഖാൻ സാഹിബിന്റെ പിതാവും പത്രത്തിന്റെ സ്ഥാപകരുമായ മുൻശി സിറാജുദ്ദീൻ അഹ്മദ് സാഹിബ്, ഹദ്റത്ത് മസീഹ് മൗഊദ് (അ) നെക്കുറിച്ച് എഴുതുന്നു... അദ്ദേഹം തന്റെ യുവത്വകാലത്ത് പോലും അങ്ങേയറ്റത്തെ സ്വാലിഹും (സദ്‌വൃത്തനും) മുത്തഖിയും (സൂക്ഷ്മത കൈകൊള്ളുന്നവൻ) ആണെന്നതിലേക്ക് ഞാൻ ദൃക്സാക്ഷിയാണ്. തന്റെ തൊഴിലോ ഉദ്യോഗമോ കഴിഞ്ഞുള്ള ബാക്കി മുഴുവൻ സമയവും മതഗ്രന്ഥപാരായണത്തിൽ അദ്ദേഹം മുഴുകിയിരുന്നു. 1877 ലെ ഒരു രാത്രി  അദ്ദേഹത്തിന്റെ വീട്ടിൽ അതിഥിയാകാനുള്ള മഹാഭാഗ്യം എനിക്ക് ലഭിച്ചിരുന്നു. ആ ദിവസങ്ങളിലും അദ്ദേഹം ഇബാദത്തിലും ദൈവീക സ്മരണയിലും മുഴുകിക്കൊണ്ട് പ്രാർത്ഥനകൾ ഉരുവിടുന്നതിൽ വ്യാപൃതനായതിനാൽ അതിഥികളോട് പോലും വളരെ കുറച്ച് മാത്രമേ സംസാരിച്ചിരുന്നുള്ളൂ. (ബദ്ർ പത്രം, ജൂണ് 2, 1908, പേജ് 13, കോളം 1, 2)

അമൃതസറിലെ അഖ്ബാർ വക്കീൽ (വക്കീൽ പത്രം) എഴു

തുന്നു.... മീർസാ സാഹിബിന്റെ സ്വഭാവം പരിശോധിക്കുകയാണെങ്കിൽ കളങ്കത്തിന്റെ ഒരു ചെറിയ കണികപോലും അതിൽ പുരണ്ടതായി കാണുവാൻ സാധിക്കുകയില്ല. അദ്ദേഹം ഒരു പരിശുദ്ധന്റെ പരിപാവനമായ ജീവിതം നയിച്ചു. ഒരു പൂർണ്ണ മുത്തഖിയായി കാലം കഴിച്ചു. മീർസാ സാഹിബിന്റെ ആദ്യ 50 വർഷക്കാലം പരിഗണിക്കുകയാണെങ്കിൽ അദ്ദേഹം കൈ കൊണ്ട ഉയർന്ന ധാർമ്മീകഗുണങ്ങളും സദാചാരപരമായ സൽസ്വഭാവങ്ങളും ദൈവഹിതത്തിൽ അധിഷ്ടിതമായ ഇഷ്ടാനിഷ്ടങ്ങളും ദീനുൽ ഇസ്‌ലാമിന്ന് ചെയ്ത സേവനങ്ങളും സഹായങ്ങളും കാരണം അദ്ദേഹത്തെ ഇന്ത്യയിലെ മുസ്‌ലിംകളിൽ വെച്ച് ഏറ്റവും അസൂയാവഹമായ മഹനീയസ്ഥാനത്ത് എത്തിച്ചിട്ടുണ്ട്. (അഖ്ബാർ വക്കീൽ...മെയ്...30..1908)

**25.ലൈലത്തുൽ ഖദ്ർ എന്നാൽ എന്താണ് ?**

ഖുർആൻ കരീം ഇറങ്ങാൻ തുടങ്ങിയ അനുഗ്രഹീതരാത്രിയാണ് ലൈലത്തുൽ ഖദ്ർ. അതിന്റെ ശ്രേഷ്ഠതയെ കുറിച്ച് അല്ലാഹു അരുൾ പറയുന്നു. لَيۡلَةُ الۡقَدۡرِ خَيۡرٌ مِّنۡ اَلۡفِ شَهۡرٍ ۝

ലൈലത്തുൽ ഖദ്ർ (നിർണയരാവ്) ആയിരം മാസത്തേക്കാൾ ഉത്തമമാകുന്നു (97:4).

1. നബി കരീം (സ) റമസാൻ മാസത്തിലെ അവസാന പത്തിലെ ഒറ്റ രാത്രികളിൽ ലൈലത്തുൽ ഖദ്റിനെ അന്വേഷിക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. അല്ലാഹു ആ രാത്രി തന്റെ ദാസന്മാരുടെ വളരെ സമീപത്തേക്ക് ആഗതനാവുകയും അവരുടെ പ്രാർത്ഥനകൾ സ്വീകരിക്കുകയും ചെയ്യുന്നു.

2. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അഭിപ്രായത്തിൽ, പ്രവാചകന്മാർ ആഗതരാകുന്ന അന്ധകാരനിബിഡയുഗത്തേയും ലൈലത്തുൽ ഖദർ എന്ന് പറയാം.

**26. വിശുദ്ധ ഖുർആൻ എത്ര വർഷം കൊണ്ടാണ് അവതരിച്ചത്?**

ഏകദേശം 23 വർഷക്കാലം.

**27. വിശുദ്ധ ഖുർആനിൽ വിവരിക്കപ്പെട്ടിട്ടുള്ള ഫലങ്ങളുടെ പേരു പറയുക?**

ഉറുമാമ്പഴം (رُمَّانٌ റുമ്മാൻ), മുന്തിരി (عِنَبٌ ഇനബ്), അത്തിപ്പഴം (اَلتِّيْنُ തീൻ), വാഴപ്പഴം (طَلْعٌ തൽഅ്), ഒലീവ് (اَلزَّيْتُوْنُ സൈതൂൻ), ഈത്തപ്പഴം (اَلنَّخْلُ നഖൽ).

**28. വിശുദ്ധ ഖുർആനിൽ ഏതൊക്കെ നാൽക്കാലി മൃഗങ്ങളുടെ പേരാണ് വന്നിരിക്കുന്നത്?**

ഒട്ടകം (اَلْجَمَلُ), ആട് ( غَنَمٌ ), മുട്ടനാട് (اَلضَّانُ), പശു (بَقَرَةٌ), നായ (اَلْكَلْبُ), പന്നി (اَلْخِنْزِيْرُ), കുതിര (اَلْخَيْلُ), കോവർ കഴുത (اَلْبِغَالُ), കഴുത (اَلْحِمَارُ), ആന (اَلْفِيْلُ), സിംഹം (قَسْوَرَةٌ), കുരങ്ങ് ( اَلْقِرَدَةُ ), ചെന്നായ (اَلذِّئْبُ), ചെമ്മരിയാട് (اَلنَّعْجَةُ), പശുക്കുട്ടി (عِجْلٌ).

**29. വിശുദ്ധ ഖുർആൻ സൂചിപ്പിച്ച നശിപ്പിക്കപ്പെട്ട ചില ജനതകളുടെ പേരു പറയുക?**

1. നൂഹ് (അ) ന്റെ ജനത. ഇവർ അർമീനിയയിലായിരുന്നു വസിച്ചിരുന്നത്.
2. ആദ് സമൂഹം ഹദ്റത്ത് ഹൂദ് (അ)ന്റെ ജനത
3. ഥമൂദ് സമൂഹം ഹദ്റത്ത് സ്വാലിഹ് (അ)ന്റെ ജനത.
4. അസ്ഹാബുർറസ്സ്ഥമൂദ് സമൂഹത്തിന്റെ തന്നെ ഭാഗമായിരുന്നു
5. അസ്ഹാബുൽ ഐക്കത്തി ഹദ്റത്ത് ശുഐബ് (അ) ന്റെ ജനത
6. ലൂത്ത് സമൂഹം ഹദ്റത്ത് ലൂത്ത് (അ)ന്റെ ജനത
7. ഫിർഔനിന്റെ സമുദായം. ഹദ്റത്ത് മൂസാ (അ) ന്റെയും ബനീ

ഇസ്റായീൽ സമൂഹത്തിനുമെതിരിൽ അതിക്രമം പ്രവർത്തിച്ച സമൂഹം.
8. അസ്ഹാബുൽ ഫീൽ. അബ്റഹയുടെ നേതൃത്വത്തിൽ കഅബ ആക്രമിക്കാൻ പുറപ്പെട്ട യമൻ സമൂഹം.

**30. വിശുദ്ധ ഖുർആന്റെ ആദ്യകാല വ്യാഖ്യാതാക്കളിൽ ഏതെങ്കിലും ഒരാളുടെ പേര് പറയുക?**
അല്ലാമ ഫഖ്റുദ്ദീൻ റാസി റഹ്മത്തുല്ലാഹി അലൈഹി. ഇദ്ദേഹത്തിന്റെ തഫ്സീറിന്റെ പേര് തഫ്സീർ കബീർ എന്നാകുന്നു.

☆☆☆

# ഹദ്റത്ത് മുഹമ്മദ് മുസ്തഫ (സ)

**31. റസൂൽ കരീം (സ) എപ്പോൾ എവിടെ ഭൂജാതനായി?**
റബീഉൽ അവ്വൽ 12, ക്രിസ്താബ്ദം 571. ഏപ്രിൽ 20ന് തിങ്കളാഴ്ച അറേബ്യയുടെ നഗരമായ മക്കയിൽ ജനിച്ചു.
(അവ: സീറത്ത് ഖാത്തമുന്നബിയ്യീൻ , പേജ് 98
ഗ്രന്ഥകർത്താ: ഹദ്റത്ത് മിർസാ ബശീർ അഹ്മദ്.എം.എ(റ))

**32. തിരുമേനിയുടെ വിളിപ്പേരും ഉപനാമവും എന്തായിരുന്നു?**
തിരുമേനിയുടെ പേര് മുഹമ്മദ്(സ) എന്നും, വിളിപ്പേര് (കുന്നിയത്ത്) അബുൽ കാസിം എന്നും, ഉപനാമം അമീൻ, സദൂഖ് എന്നുമായിരുന്നു. (വിശ്വസ്ഥൻ, ഏറ്റവും കൂടുതൽ സത്യം പറയുന്നവൻ).

**33. തിരുമേനിയുടെ പിതാമഹന്റെയും പിതാവിന്റെയും മാതാവിന്റെയും പേര് എന്താണ്?**
പിതാമഹൻ അബ്ദുൽ മുത്തലിബ്, പിതാവ് ഹദ്റത്ത് അബ്ദുല്ലാഹ്, മാതാവ് ഹദ്റത്ത് ആമിന ബിൻത്ത് വഹബ്.

**34. തിരുമേനിയുടെ മാതാവും പിതാവും എപ്പോഴാണ് അന്തരിച്ചത്?**
തിരുമേനിയുടെ പിതാവ് തിരുമേനിയുടെ ജനനത്തിന് ഏതാനും മാസങ്ങൾക്ക് മുമ്പ് അന്തരിച്ചു. എന്നാൽ മാതാവ് തിരുമേനിക്ക് ആറ് വയസ്സ് പ്രായമുള്ളപ്പോഴാണ് നിര്യാതയായത്.

**35. തിരുമേനിയെ ആരാണ് സ്തന്യപാനം ചെയ്യിച്ചത്?**
ഹദ്റത്ത് ഹലീമ സഅദിയ്യ.

**36. തിരുമേനിയുടെ ആദ്യവിവാഹം എത്രാമത്തെ വയസ്സിൽ ആരുമായി നടന്നു?**

25 വയസ്സ് പ്രായമുള്ളപ്പോൾ ഹദ്റത്ത് ഖദീജയുമായി വിവാഹം നടന്നു.അപ്പോൾ അവർക്ക് 40 വയസ്സ് പ്രായമുണ്ടായിരുന്നു.

**37. തിരുമേനിയുടെ സഹധർമിണിമാരുടെ പേരു പറയുക?**

1. ഹദ്റത്ത് ഖദീജത്തുൽ കുബ്റാ (റ) ബിൻത് ഖുവൈലിദ്
2. ഹദ്റത്ത് സൗദാ (റ) ബിൻത് സംഅ
3. ഹദ്റത്ത് ആയിശ സിദ്ദീഖ (റ) ബിൻത് ഹദ്റത്ത് അബൂബക്കർ (റ)
4. ഹദ്റത്ത് ഹഫ്സ (റ) ബിൻത് ഹദ്റത്ത് ഉമർ (റ)
5. ഹദ്റത്ത് സൈനബ് (റ) ബിൻത് ഖസീമ
6. ഹദ്റത്ത് ഉമ്മൂസൽമഹിന്ത് ബിൻത് അബീ ഉമൈമ
7. ഹദ്റത്ത് സൈനബ് (റ) ബിൻത് ജഹശ്
8. ഹദ്റത്ത് ജുവൈരിയ (റ) ബിൻത് ഹാരിസ്
9. ഹദ്റത്ത് സഫിയ (റ) ബിൻത് ഹുയയ്യിബിനു അഖ്തബ്
10.ഹദ്റത്ത് ഉമ്മൂ ഹബീബ (റ) ബിൻത് അബൂസുഫിയാൻ
11. ഹദ്റത്ത് മാരിയ (റ) ഖിബ്തിയ്യ ഉമ്മു ഇബ്റാഹിം
12.ഹദ്റത്ത് മൈമൂന (റ) ബിൻത് ഹാരിസ്.

(നോട്ട്: നബി (സ) ന് ഒരേസമയം ഒമ്പതിൽ അധികം ഭാര്യമാർ ഉണ്ടായിരുന്നില്ല. നാലിൽ കൂടുതൽ ഭാര്യമാരെ നിലനിർ ത്തുവാനുള്ള അനുവാദം റസൂൽ കരീം (സ) നു മാത്രമാണ്. ഇക്കാര്യം സൂറത്തുൽ അഹ് സാബിലെ 51-ാം ആയത്തിൽ പ്രതിപാദിച്ചിട്ടുണ്ട്.)

**38. തിരുമേനിയുടെ പെൺമക്കളുടെ പേർ പറയുക?**

1. ഹദ്റത്ത് സൈനബ് (ഹദ്റത്ത് അബുൽ ആസ് ബിൻ റബീഅയുടെ ഭാര്യ).
2. ഹദ്റത്ത് റുഖിയ്യ
3. ഹദ്റത്ത് ഉമ്മൂകുൽസും (ഇവർ രണ്ട് പേരുടേയും നിക്കാഹ് അബൂ

ലഹബിന്റെ മക്കളായ ഉത്ബയും, ഉതൈബയുമായി നടന്നിരുന്നു. വിവാഹത്തിന് മുമ്പ് തന്നെ (ഭർത്താവിന്റെ വീട്ടിൽ പോകുന്നതിന് മുമ്പ് തന്നെ) നിക്കാഹ് അസാധുവാക്കപ്പെടുകയും പിന്നീട് ഹദ്റത്ത് ഉസ്മാൻ ബിൻ അഫ്ഫാൻ ഒന്നിനു ശേഷം മറ്റൊന്നായി നിക്കാഹ് ചെയ്യുകയും ഉണ്ടായി.)

4. ഹദ്റത്ത് ഫാത്തിമതുസ്സുഹറ

(ഹദ്റത്ത് അലി (റ) ബിൻ അബീ ത്വാലിബിന്റെ ഭാര്യ.)

**39. തിരുമേനിയുടെ ആൺമക്കളുടെ പേര് പറയുക?**

1. ഹദ്റത്ത് ഖാസിം
2. ഹദ്റത്ത് ത്വാഹിർ
3. ഹദ്റത്ത് ത്വയ്യിബ് (ഇദ്ദേഹത്തിന് അബ്ദുല്ലാഹ് എന്നും പേരുണ്ട്)
4. ഹദ്റത്ത് ഇബ്റാഹീം

(ഒരു നിവേദനത്തിൽ തിരുമേനിക്ക് 11 മക്കൾ ഉള്ളതായും കാണുന്നു) (സീറത്തു ഖാത്തമുന്നബീയ്യീൻ വാള്യം 1, പേജ് 139).

**40. നബികരീം (സ) എത്രാംവയസ്സിലാണ് പ്രവാചകത്വം ലഭിച്ചത്?**

40-ാം വയസ്സിൽ.

**41. തിരുമേനിക്ക് ആദ്യ വഹ്യ് എവിടെ വെച്ചാണ് ഇറങ്ങിയത് അതിന്റെ സന്ദർഭം വിവരിക്കുക?**

ഹിറാ ഗുഹയിൽ വെച്ചാണ് ആദ്യ വഹ്യ് ഉണ്ടായത്. ഹദ്റത്ത് ജിബ്രീൽ (അ) തിരുമേനിയെ സംബോധന ചെ യ്തുകൊണ്ട് 'ഇഖ്റഅ്' (വായിക്കുവിൻ) എന്നു പറഞ്ഞു. തിരുമേനി പറഞ്ഞു എനിക്കു വായിക്കാൻ അറിയില്ല, അപ്പോൾ മലക്ക് തിരുമേനിയെ ശക്തമായി ആലിംഗനം ചെയ്തു. എന്നിട്ട് പറഞ്ഞു: ഇഖ്റഅ് വായിക്കൂ. തിരുമേനിയുടെ ഉത്തരം വീണ്ടും അതു തന്നെയായിരുന്നു. മലക്ക് രണ്ടാമതും ആദ്യം ചെയ്തതു പോലെ തന്നെ ചെയ്തു. എന്നിട്ട് പ

റഞ്ഞു ഇഖ്റഅ് വായിക്കൂ. തിരുമേനി ആദ്യം പറഞ്ഞ അതേ ഉത്തരം തന്നെ വീണ്ടും നൽകി. തിരുമേനി ഇങ്ങനെ മറുപടി പറയാൻ കാരണം വായിക്കാൻ അറിയില്ലായിരുന്നു എന്നതാണ്. മറ്റൊന്ന് ഇത്ര വലിയ ഉത്തരവാദിത്വം ഏറ്റെടുത്താൽ പൂർത്തിയാക്കാൻ സാധിക്കുമോ എന്ന ഭയവുമായിരുന്നു. മൂന്നാമത്തെ പ്രാവശ്യം മലക്ക് തിരുമേനിയെ മുമ്പത്തേക്കാളും വളരെ ശക്തമായി ആലിംഗനം ചെയ്തു എന്നിട്ട് പറഞ്ഞു: ഇഖ്റഅ് ബിസ്മി റബ്ബിക്കല്ലദീ ഖലഖ്... ഇത്തവണ തിരുമേനി തന്റെ റബ്ബിന്റെ പേര് കേട്ടപ്പോൾ സന്ദേശം ഏറ്റെടുക്കാൻ തയ്യാറായി.

**42. തിരുമേനിക്ക് ആദ്യത്തെ വഹ്യ് ലഭിച്ചപ്പോൾ ഹദ്റത്ത് ഖദീജ(റ)യുടെ പ്രതികരണമെന്തായിരുന്നു?**

നബി തിരുമേനി(സ) ഹിറാ ഗുഹായിൽ നിന്നും മടങ്ങി സംഭവിച്ചതെല്ലാം വളരെയധികം പരിഭ്രമത്തോടെ ഹദ്റത്ത് ഖദീജയോട് വിവരിക്കുകയും എനിക്കു എന്നെക്കുറിച്ചു ഭയമുണ്ടെന്നും പറയുകയുണ്ടായി. ഹദ്റത്ത് ഖദീജ തിരുമേനിയിൽ പരിപൂർണ്ണ വിശ്വാസമർപ്പിച്ചു കൊണ്ട് പറഞ്ഞു

كَلَّا وَاللّٰهِ مَا يُخْزِيْكَ اللّٰهُ اَبَداً اِنَّكَ لَتَصِلُ الرَّحِمَ وَ تَحْمِلُ الْكَلَّ
وَتَكْسِبُ الْمَعْدُوْمَ وَتَقْرِى الضَّيْفَ وَتُعِيْنُ عَلٰى نَوَائِبِ الْحَقِّ۔

(صحیح بخاری باب بدءِ الوحی)

ഇല്ല ഒരിക്കലുമില്ല;അല്ലാഹുവാണെ സത്യം, അല്ലാഹു താങ്കളെ ഒരിക്കലും നിന്ദ്യനാക്കുകയില്ല. അങ്ങ് കുടുംബബന്ധങ്ങളെ മാനിക്കുകയും ശ്രദ്ധിക്കുകയും ചെയ്യുന്ന ആളാണ്. അങ്ങ് ബലഹീനരായവരുടെ ഭാരം ചുമക്കുന്നയാളാണ്. നഷ്ടപ്പെട്ടുപോയ ധാർമിക ഗുണങ്ങളെ നിലനിർത്തുന്ന ആളാണ്, അതിഥികളെ സൽക്കരിക്കുന്ന ആളാണ് മാത്രമല്ല അങ്ങ് എല്ലാ

കാര്യങ്ങളിലും നീതിയും സത്യവും നിലനിർത്തുകയും ചെയ്യുന്ന വ്യക്തിയാണ്.

**43. താഴെ പറയുന്നവരിൽ ആദ്യം വിശ്വസിച്ചവരുടെ പേർ പറയുക?**

പുരുഷന്മാരിൽ - ഹദ്റത്ത് അബൂബക്കർ (റ)
സ്ത്രീകളിൽ - ഹദ്റത്ത് ഖദീജത്തുൽ കുബ്റ (റ)
കുട്ടികളിൽ - ഹദ്റത്ത് അലി (റ)
അടിമകളിൽ - ഹദ്റത്ത് സൈദ് ബിൻ ഹാരിസ് (റ)
രാജാക്കന്മാരിൽ - ഹബ്ശയുടെ രാജാവായ അസ്വമഹ നജ്ജാശി
ഇറാനികളിൽ - ഹദ്റത്ത് സൽമാനുൽ ഫാർസി (റ)
റോമക്കാരിൽ - ഹദ്റത്ത് സുഹൈബ് (റ) റോമി.

**44. തിരുമേനി തബ്ലീഗ് ചെയ്തുകൊണ്ട് കത്തയച്ച രാജാക്കന്മാരിൽ ചിലരുടെ പേർ പറയുക?**

1. റോം ചക്രവർത്തിയായ ഹിർഖൽ
2. ഇറാനിലെ കിസ്റാ ചക്രവർത്തിയായ ഖുസ്റോ പർവേസ്.
3. ഹബ്ശയിലെ ചക്രവർത്തിയായ അസ്വമഹ: നജ്ജാശി.
4. ഈജിപ്തിലെ രാജാവായ മഖൗഖസ്.
5. ഗസ്സാനിലെ രാജാവായ ഹാരിസ് ബിൻ അബീശമർ.
6. യമാമയിലെ രാജാവായ ഹുദാ ബിൻ അലി.
7. ബഹ്റൈൻ രാജാവായ മുൻസിർ തീമി.

**45. തിരുമേനിയുടെ എതെങ്കിലും കവിതാശകലം എഴുതുക?**

(اَنَا النَّبِيُّ لَا كَذِبْ അന ന്നബിയ്യു ലാ കദിബ്,
اَنَا ابْنُ عَبْدِ الْمُطَّلِبْ അനാ ഇബ്നു അബ്ദിൽ മുത്തലിബ്)
അർത്ഥം: *ഞാൻ പ്രവാചകനാണ്, കള്ളവാദിയല്ല*
*ഞാൻ അബ്ദുൽ മുത്തലിബിന്റെ മകനാണ്.*

**46. തിരുമേനി എത്രാമത്തെ വയസ്സിൽ വഫാത്തായി? എവിടെ വെച്ച്? ഖബർ എവിടെ സ്ഥിതി ചെയ്യുന്നു?**

ക്രിസ്താബ്ദം 632 മെയ് 26. ഹിജ്റ വർഷം11 റബീഉൽ അവ്വൽ 1-ാം തിയ്യതി 63-ാം വയസ്സിൽ തന്റെ അത്യുന്നതനായ അല്ലാഹുവിൽ അഭയം പ്രാപിച്ചു. മദീനയിൽ ഹദ്റത്ത് ആയിശ(റ) യുടെ മുറിയിൽ ഖബറടക്കം ചെയ്യപ്പെട്ടു.

**47. തിരുമേനി പ്രവാചകത്വവാദത്തിന്ന് ശേഷം എത്ര വർഷം ജീവിച്ചു?**

ഏകദേശം 23 വർഷം.

**48. ഹദ്റത്ത് റസൂൽ കരീം (സ)ന്റെ വിയോഗത്തിൽ ഹദ്റത്ത് ഹസ്സാനുബ്നു സാബിത്ത് രചിച്ച സുപ്രസിദ്ധ കവിതാശകലം എഴുതുക?**

كُنْتَ السَوَادَ لِنَاظِرِىْ　　فَعَمِىَ عَلَىَّ النَّاظِرُ
مَنْ شَآءَ بَعْدَكَ فَلْيَمُتْ　　فَعَلَيْكَ كُنْتُ اُحَاذِرُ

അർത്ഥം:

*എന്റെ പ്രിയപ്പെട്ടവരെ അങ്ങ്*
*എന്റെ കണ്ണിലെ കൃഷ്ണമണിയായിരുന്നു,*
*അങ്ങയുടെ നിര്യാണം കൊണ്ട് എന്റെ*
*കണ്ണിന്റെ കാഴ്ച്ച നഷ്ടപ്പെട്ടിരിക്കുകയാണ്.*
*അങ്ങയുടെ വിയോഗത്തിന്ന് ശേഷം*
*ആരു വേണമെങ്കിലും മരിച്ചുകൊള്ളട്ടെ,*
*ഞാൻ അങ്ങയുടെ നിര്യാണത്തെയായിരുന്നു ഭയപ്പെട്ടിരുന്നത്.*

☆☆☆

# ഹദീസ്

**49. ഹദീസ് എന്നാൽ എന്ത്?**

തിരുനബിയുടെ വചനം, പ്രവൃത്തി, സാഹചര്യങ്ങൾ എന്നിവയെ സംബന്ധിച്ച് വാക്കുകളിലൂടെ നിവേദനം ചെയ്യപ്പെട്ടതിനെയാണ് ഹദീസ് എന്ന് പറയുന്നത്.

**50. സ്വിഹായെ സിത്തയെക്കുറിച്ച് ചുരുക്കി വിവരിക്കുക?**

ഹദീസുകളുടെ വിശ്വാസയോഗ്യത അനുസരിച്ച് ഹദീസ് വ്യാഖ്യാതാക്കൾ ആറ് ഹദീസ് ഗ്രന്ഥങ്ങളെ മറ്റ് ഹദീസ് ഗ്രന്ഥങ്ങളിൽ വെച്ച് ഏറ്റവും പ്രാമാണികവും ആധികാരികവും എന്ന നിലക്ക് തരം തിരിച്ചിട്ടുണ്ട്. ആ ആറ് ഗ്രന്ഥങ്ങളെ സിഹാഹുസ്സിത്ത (ആറ് വിശ്വസനീയമായ ഗ്രന്ഥങ്ങൾ) എന്ന് പറയുന്നു. അവ യഥാക്രമം താഴെ പറയുന്നവയാണ്.

1. സഹീഹ് ബുഖാരി

(ഹദ്റത്ത് ഇമാം മുഹമ്മദ് ബിൻ ഇസ്മായീൽ ബുഖാരി, ഹിജ്റ 194 -256)

2. സഹീഹ് മുസ്ലിം

(ഹദ്റത്ത് ഇമാം മുസ്ലിം ബിൻ ഹിജാജ്, ഹിജ്റ 209 - 261)

3. ജാമിഅ് തിർമിദി

(ഹദ്റത്ത് ഇമാം അബൂ ഈസ മുഹമ്മദ് ബിൻ ഈസ തിർമിദി, ഹിജ്റ 204- 279)

4. സുനൻ അബൂദാവൂദ്

(ഹദ്റത്ത് ഇമാം അബൂദാവൂദ് സുലൈമാൻ ബിൻ അശ്അസ്, ഹിജ്റ 202 -275)

5. സുനൻ നിസായി

(ഹദ്റത്ത് ഇമാം ഹാഫിസ് അഹ്മ്മദ് ബിൻ ശുഐെബ് അന്നിസായി, വർഷം 215 - 306)

6. സുനൻ ഇബ്നു മാജ

(ഹദ്റത്ത് ഇമാം അബൂ അബ്ദുല്ലാഹ് മുഹമ്മദ് ബിൻ യസീദ് ഇബ്നു മാജ ഖസ്വീനി, ഹിജ്റ വർഷം 209 - 275)

**51. പുരുഷന്മാരിലും സ്ത്രീകളിലും വെച്ച് ഏത് സഹാബി**

**യും സഹാബിയയുമാണ് ഏറ്റവും കൂടുതൽ ഹദീസ് നിവേദനം ചെയ്തത്?**
ഹദ്റത്ത് അബൂഹുറൈറ (റ), ഹദ്റത്ത് ആയിശ (റ).

**52. മുസ്‌ലിം സമുദായത്തിൽ എല്ലാ നൂറ്റാണ്ടിലും മുജദ്ദിദുമാർ (പരിഷ്കർത്താക്കൾ ആഗതരാകുമെന്ന പ്രവചനമുള്ള ഏതെങ്കിലും ഹദീസ് വിവരിക്കുക?**

اِنَّ اللّٰہ یَبۡعَثُ لِھٰذِہِ الۡاُمَّۃِ عَلٰی رَأسِ کُلِّ مِائَۃِ سَنَۃٍ مَّنۡ یُّجَدِّدُلَھَادِ یۡنَھَا

അല്ലാഹു എല്ലാ നൂറ്റാണ്ടിന്റെയും തലക്കൽ മുസ്‌ലിം സമുദായത്തിൽ ദീനിന്റെ പുനരുദ്ധാരണത്തിനായി പരിഷ്കർത്താക്കളെ നിയോഗിക്കുന്നതാണ്. (സുനൻ അബൂദാവൂദ് വാള്യം 2)

**53. പ്രവാചകത്വ തുടർച്ചയിലേക്ക് വെളിച്ചം വീശുന്ന ഏതെങ്കിലും ഹദീസ് വിവരിക്കുക?**

ലൗ ആശ ലകാന സിദ്ദീഖൻ നബിയ്യാ:
അവൻ (തിരുനബി (സ) ന്റെ മകൻ ഇബ്റാഹിം) ജീവിച്ചിരുന്നെങ്കിൽ സത്യപ്രവാചകനാകുമായിരുന്നു. (ഇബ്നു മാജ വാള്യം 1)

**54. തിരുനബി (സ) ഈസാ (അ)ന്റെ വയസ്സ് എത്രയാണെന്നാണ് വിവരിച്ചത്?**

اِنَّ عِیۡسَی ابۡنَ مَرۡیَمَ عَاشَ عِشۡرِیۡنَ وَمِائَۃَسَنَۃٍ

നിശ്ചയമായും മറിയമിന്റെ മകൻ ഈസാ 120 വർഷം ജീവിച്ചു.
(കൻസുൽ ഉമ്മാൽ വാള്യം 2, പേജ് 160)

**55. മൂസാനബി(അ)ക്ക് ശേഷം വരുന്ന മസീഹിന്റെയും മുഹമ്മദ് നബി(സ)ക്ക് ശേഷം വരുന്ന മസീഹിന്റെയും രൂപവും ആകാരവും വിവരിക്കുക?**

മൂസായുടെ മസീഹിന്റെ നിറം രക്തവർണ്ണവും മുടിചുരുണ്ടതും നെഞ്ചു വിടർന്നതുമാണ്. എന്നാൽ മുഹമ്മദീ മസീഹിന്റെ നിറം കോതമ്പു വർണ്ണവും മുടി നീണ്ട് നേരെയുള്ളതും മനോഹരവുമാണ്. (സഹീഹ് ബുഖാരി വാള്യം 2)

**56. മസീഹും മഹ്ദിയും ഒരേ വ്യക്തിയാണെന്ന് വിവരിക്കുന്ന ഹദീസ് പറയുക?**

لَاالْمَهْدِیُّ اِلَّاعِیْسٰی

മഹ്ദിയും ഈസയും ഒരേ വ്യക്തിയാണ്.

(ഇബ്നു മാജ, കിത്താബുൽ ഫിത്തൻ, ബാബു ശിദ്ദത്തു സ്സമാൻ)

**57. മഹ്ദിക്ക് സലാം എത്തിക്കാൻ നിർദ്ദേശിച്ചിട്ടുള്ള റസൂൽ തിരുമേനിയുടെ ഹദീസ് വിവരിക്കുക?**

اَلَامَنْ اَدْرَکَہٗ فَلْیَقْرَاْ عَلَیْہِ السَّلَامَ

*അലാ മൻ അദ്റക്കഹു ഫൽയഖ്റഅ് അലൈഹിസ്സലാം.*

ഓർക്കുവിൻ, അദ്ദേഹത്തെ കാണുവാൻ ഭാഗ്യം ലഭിക്കുകയാണെങ്കിൽ എന്റെ സലാം അദ്ദേഹത്തിന്ന് എത്തിക്കുക.

(ത്വിബ്റാനി)

**58. ഹദ്റത്ത് മസീഹ് മൗഊദ് (അ) ഫാർസി വംശജനായിരിക്കുമെന്ന് പറഞ്ഞ ഹദീസ് ഏത്?**

നബികരീം(സ) ഹദ്റത്ത് സൽമാനുൽ ഫാർസിയുടെ തോളിൽ കൈവെച്ച് കൊണ്ട് പറഞ്ഞു,

لَوکَانَ الْاِیْمَانُ مُعَلَّقًا بِالثُّرَیَّا لَنَالَہٗ رَجُلٌ مِّنْ ھٰؤُلَآءِ

ഈമാൻ സുരയ്യാ നക്ഷത്രത്തോളം ഉയർന്ന് പോയാലും ഇദ്ദേഹത്തിന്റെ വംശത്തിൽ നിന്ന് ഒരാൾ അത് തിരികെ കൊണ്ടുവരുന്നതാണ്. (ബുഖാരി കിതാബു തഫ്സീർ)

**59. ഹദീസ് അനുസരിച്ച് മസീഹിന്റെ കർത്തവ്യങ്ങൾ എന്തൊക്കെയാണ്?**

കുരിശ് ഉടക്കുക, പന്നിയെ കൊല്ലുക, ദജ്ജാലിനെ ഉന്മൂലനം ചെയ്യുക, ഇസ്‌ലാമിക വിജയം, ഇസ്‌ലാം മതത്തെ പുനരുജ്ജീവിപ്പിക്കുക, ശരീഅത്ത് (ന്യായപ്രമാണം) നിലനിർത്തുക, ആന്തരീകവും ബാഹ്യവുമായ എല്ലാ ഭിന്നിപ്പുകളുടേയും വിധികർത്താവാവുക, നഷ്ടപ്പെട്ടു പോയ ഈമാനെ (വിശ്വാസത്തെ) ഭൂമിയിൽ തിരികെ കൊണ്ടുവരിക, അധികമായി ആത്മീയ സമ്പത്ത് വിതരണം ചെയ്യുക.

**60. പള്ളിയിൽ പ്രവേശിക്കുമ്പോഴും പുറത്തിറങ്ങുമ്പോഴുമുള്ള ദുആ പറയുക?**

بِسْمِ اللهِ الصَّلٰوةُ وَالسَّلَامُ عَلٰى رَسُوْلِ اللّٰهِ. اَللّٰهُمَّ اغْفِرْلِىْ ذُنُوْبِىْ
وَافْتَحْ لِىْ اَبْوَابَ رَحْمَتِكَ.

അല്ലാഹുവിന്റെ നാമത്തിൽ ഞാൻ പ്രവേശിക്കുകയാണ്. അല്ലാഹുവിന്റെ അനുഗ്രഹവും രക്ഷയും റസൂൽ തിരുമേനി (സ) യുടെ മേൽ വർഷിച്ചു കൊണ്ടിരിക്കുമാറാകട്ടെ. അല്ലാഹുവേ, നീ എന്റെ പാപങ്ങൾ പൊറുത്തുതരേണമേ, നിന്റെ കാരുണ്യത്തിന്റെ കവാടങ്ങൾ എനിക്ക് തുറന്ന് തരികയും ചെയ്യേണമേ. *പള്ളിയിൽ നിന്ന് പുറത്തിറങ്ങുമ്പോഴും ഇതേ ദുആ ചെയ്യേണ്ടതാണ്. എന്നാൽ അവസാനത്തെ അബ്‌വാബ റഹ്‌മത്തിക്ക എന്നതിന്ന് പകരമായി അബ്‌വാബ ഫദ്‌ലിക്ക എന്ന് മാറ്റി ചൊല്ലണം. അതിന്റെ അർത്ഥം; നിന്റെ കാരുണ്യത്തിന്റെ കവാടങ്ങൾ എന്നതിന്നു പകരം അനുഗ്രഹത്തിന്റെ കവാടങ്ങൾ എന്നാണ്.*

**61. ഫിഖ്ഹിന്റെ നാലു അടിസ്ഥാന ഉറവിടം പറയുക?**

1. വിശുദ്ധ ഖുർആൻ

2. സുന്നത്തും ഹദീസുകളും
3. ഇജ്മാഅ് (ഏകകണ്ഠമായ അഭിപ്രായം)
4. ഖിയാസ് (അനുമാനം)

62. സുന്നത്ത് എന്നാൽ എന്ത്?
നബി തിരുമേനി (സ) ചെയ്തു കാണിച്ച പ്രവൃത്തികളേയും കർമ്മരീതികളെയുമാണ് സുന്നത്ത് എന്ന് പറയുന്നത്.

☆ ☆ ☆

# നബി തിരുമേനി(സ)യുടെ സഹാബാക്കളും ഇസ്ലാമിലെ മറ്റു മഹാത്മാക്കളും

**63. ശൈഖൈൻ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് ആരെയാണ്? നബി(സ) തിരുമേനിയോടുള്ള അവരുടെ ബന്ധമെന്ത്?**
ഹദ്റത്ത് അബൂബക്കർ(റ) നേയും ഹദ്റത്ത് ഉമർ(റ) നേയും ശൈഖൈൻ എന്ന് പറയുന്നു. ഇവർ രണ്ടു പേരും തിരുമേനിയുടെ ഭാര്യാപിതാക്കളാണ്. മാത്രമല്ല തിരുമേനിയുടെ വഫാത്തിന്നു ശേഷം രണ്ടു പേരും ഖലീഫമാരുമായി.

**64. ഹദ്റത്ത് അബൂബക്കർ(റ)വിന്റെ പേരെന്താണ്?**
ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ അബീ ഖുഹാഫ.

65. അശറ മുബശ്ശറ (സുവിശേഷം നൽകപ്പെട്ട പത്ത് പേർ) ആരൊക്കെയാണ്?
നബികരീം (സ) ന്ന് വേണ്ടി ജീവൽ ത്യാഗം വരെ ചെയ്യാൻ എപ്പോഴും സന്നദ്ധരായിരിരുന്ന പത്ത് സഹാബാക്കൾക്ക് നബി തിരുമേനി അവരുടെ ജീവിതകാലത്ത് തന്നെ അവർ സ്വർഗസ്ഥരായിരിക്കുമെന്ന് സുവിശേഷം നൽകിയിരുന്നു. അവരെയാണ് അശറ മുബശ്ശറ എന്ന് പറയുന്നത്. അവരുടെ പേരുകൾ താഴെ ചേർക്കുന്നു;

1. ഹദ്റത്ത് അബൂബക്കർ സിദ്ദീഖ് (റ)
2. ഹദ്റത്ത് ഉമർ ഇബ്നു ഖത്ത്വാബ് (റ)
3. ഹദ്റത്ത് ഉസ്മാൻ ബിൻ അഫ്ഫാൻ (റ)
4. ഹദ്റത്ത് അലിയ്യുബിൻ അബീത്വാലിബ് (റ)
5. ഹദ്റത്ത് അബ്ദുർറഹ്മാൻ ബിൻ ഔഫ് (റ)
6. ഹദ്റത്ത് അബു ഉബൈദ ബിൻ അൽ ജർറാഹ് (റ)

7. ഹദ്റത്ത് സഈദ് ബിൻ സൈദ് (റ)
8. ഹദ്റത്ത് ത്വൽഹ ബിൻ ഉബൈദുല്ലാഹ് (റ)
9. ഹദ്റത്ത് സുബൈർ ബിൻ അൽ അവാം (റ)
10. ഹദ്റത്ത് സഅദ് ബിൻ അബീ വഖാസ് (റ)

**66. സ്വതന്ത്രമാക്കപ്പെട്ട ഏത് അടിമയെയാണ് നബിതിരുമേനി(സ) ഒരു മുസ്ലിം സേനയുടെ സർവ്വസേനാധിപതിയാക്കിയത്?**
ഹദ്റത്ത് സൈദ് ബിൻ ഹാരിസ് (റ).

**67. ദുന്നൂറൈൻ ആരാണ്? എന്തുകൊണ്ട്?**
ഹദ്റത്ത് ഉസ്മാൻ ഗനി (റ). ഹദ്റത്ത് റസൂൽ കരീം (സ) ന്റെ രണ്ട് പെൺമക്കൾ ഒന്നിനു പുറകെ മറ്റൊരാൾ ഇദ്ദേഹത്തിന്റെ ഭാര്യയായിരുന്നു. അതു കൊണ്ടാണ് അങ്ങിനെ പറയുന്നത്.

68.നബികരീം (സ) ന്റെ സദസ്സിലെ പ്രസിദ്ധനായ ഒരു കവിയുടെ പേരും അദ്ദേഹത്തിന്റെ കവിതാശകലവും എഴുതുക?
ഹദ്റത്ത് ഹസ്സാനിബ്നു സാബിത് (റ).
സ്നേഹം തുളുമ്പുന്ന അദ്ദേഹത്തിന്റെ കവിതാ ശകലം. ഇതാണു.

فَــاِنَّ اَبِــیْ وَ وَالِدَهٗ وَ عِـرْضِــیْ
لِعِـرْضِ مُـحَـمَّـدٍ مِّـنْكُمْ وِقَـاءٗ

അല്ലയോ നബിയുടെ ശത്രുക്കളെ! മുഹമ്മദ് (സ)യുടെ മഹനീയതയും സ്ഥാനമാനങ്ങളും എന്നും നിലനിർത്തുന്നതിനായി, എന്റെ പിതാവും അദ്ദേഹത്തിന്റെ പിതാവും, എന്റെ സ്ഥാനമാനങ്ങളും ആഭിജാത്യങ്ങളും നിങ്ങളുടെ മുന്നിൽ പരിചകളായിരിക്കും.

**69. ഹദ്റത്ത് ആയിശ(റ) ഖാത്തമുന്നബിയ്യീൻ എന്നതിന്റെ വിവക്ഷ എന്താണ് വിവരിച്ചത്?**

قُوْلُوْا اِنَّهٗ خَاتَمُ الْاَنْبِيَآءِ وَلَا تَقُوْلُوْا لَا نَبِيَّ بَعْدَهٗ

തിരുനബി (സ) ഖാത്തമുൽ അമ്പിയാഅ് ആണെന്ന് നിങ്ങൾ പറഞ്ഞുകൊള്ളുവീൻ എന്നാൽ തിരുമേനിക്ക് ശേഷം നബി വരില്ല എന്ന് പറയരുത്. (ദുർറെ മൻസൂർ വാള്യം 5, പേജ് 204)

**70. ഹദ്റത്ത് ഉമർ(റ)നേയും ഹദ്റത്ത് അലി(റ)നേയും ആരാണ് ശഹീദ് (രക്തസാക്ഷി) ആക്കിയത്?**

ഹദ്റത്ത് ഉമർ(റ)നെ ഹിജ്റാ വർഷം 23 മുഹർറം 1 നു അബൂ ലുഅ്ലു ഫിറോസ് എന്ന ഒരു ഇറാനി അടിമയും. ഹദ്റത്ത് അലി(റ)നെ ഹിജ്റ വർഷം 40 പരിശുദ്ധ റമളാൻ മാസം 21 നു അബ്ദുർറഹ്മാൻ ബിൻ മൽജും ഖാരിജിയുമാണ് ശഹീദാക്കിയത്.

**71. ഹദ്റത്ത് ഉസ്മാൻ(റ)വിനെ ശഹീദാക്കിയ സംഭവം ചുരുക്കി വിവരിക്കുക?**

അബ്ദുല്ലാഹ് ബിൻ സബാ എന്ന ആളും അയാളുടെ കൂട്ടാളികളും ആദ്യം മദീനയെ വളയുകയും ഹദ്റത്ത് ഉസ്മാൻ (റ) വിനെ അക്രമിക്കുകയും ഹിജ്റ 35 ൽ ദുൽഹജ്ജ് 18 നു കൃസ്താബ്ദം 656 മെയ് 20 നു ശഹീദാക്കുകയും ചെയ്തു. ആ സമയം ഹദ്റത്ത് ഉസ്മാൻ (റ) തന്റെ വീട്ടിൽ ഖുർആൻ പാരായണം ചെയ്യുകയായിരുന്നു.

**72. താബിഈൻ എന്നാൽ എന്ത്? പ്രസിദ്ധരായ രണ്ട് താബിഇകളുടെ പേര് പറയുക?**

സഹാബാക്കളുടെ സഹവാസം ലഭിച്ചുകൊണ്ടും അവരുടെ

സ്വാധീനം കൊണ്ടും ധന്യരായവരെയാണ് താബിഈൗൻ എന്ന് പറയുന്നത്.
1. ഹദ്റത്ത് ഹസ്സൻ ബസരി റഹ്മത്തുല്ലാഹി അലൈഹി
2. ഹദ്റത്ത് ഉവൈസ് ഖർനി റഹ്മത്തുല്ലാഹി അലൈഹി.

**73. ഏതെങ്കിലും മുസ്‌ലിം കവയിത്രിയുടെ പേര് പറയുക?**
ഹദ്റത്ത് ഖുനസാ (റ)

**74. ഏതെങ്കിലും ഒരു സൂഫിയായ സ്ത്രീയുടെ പേര് പറയുക?**
ഹദ്റത്ത് റാബിഅ ബസ്വരി.

**75. ഫിഖ്ഹിന്റെ നാല് ഇമാമുമാരുടെ പേരെഴുതുക?**
1. ഹദ്റത്ത് ഇമാം അബൂഹനീഫ. ഹിജ്റ 80 - 150
2. ഹദ്റത്ത് ഇമാം ശാഫിഈ. ഹിജ്റ 105 - 204
3. ഹദ്റത്ത് ഇമാം മാലിക്. ഹിജ്റ 95 - 179
4. ഹദ്റത്ത് ഇമാം അഹ്മദ് ബിൻ ഹമ്പൽ. ഹിജ്റ 164 - 241

**76. മുസ്‌ലിം സമുദായത്തിൽ ആഗതരായ ഓരോ നൂറ്റാണ്ടിലേയും മുജദ്ദിദുമാരുടെ പേര് ക്രമപ്രകാരം പറയുക?**
1. ഹദ്റത്ത് ഉമർ ബിൻ അബ്ദുൽ അസീസ്
2. ഹദ്റത്ത് ഇമാം ശാഫിഈ (ചിലരുടെ അഭിപ്രായമനുസരിച്ച് ഹദ്റത്ത് ഇമാം അഹ്മദ് ബിൻ ഹമ്പൽ ആണ്)
3. ഹദ്റത്ത് അബൂശറഹ്, ഹദ്റത്ത് അബുൽ ഹസൻ അശ് അരി
4. ഹദ്റത്ത് അബൂ അബ്ദുല്ലാഹ് നിശാപുരി, ഹദ്റത്ത് ഖാസി അബൂബക്കർ ബാഖിലാനി.
5. ഹദ്റത്ത് ഇമാം ഗസ്സാലി
6. ഹദ്റത്ത് സയ്യിദ് അബ്ദുൽ ഖാദിർ ജീലാനി
7. ഹദ്റത്ത് ഇമാം ഇബ്നു തീമിയ്യ, ഹദ്റത്ത് ഖാജാമുയിനുദ്ദീൻ ചിശ്തി അജ്മീരി.

8. ഹദ്റത്ത് ഹാഫിള് ഇബ്ൻ ഹജർ അസ്ക്കലാനി, ഹദ്റത്ത് സ്വാലിഹ് ബിൻ ഉമർ
9. ഹദ്റത്ത് അല്ലാമ ജലാലുദ്ദീൻ സുയൂത്തി.
10. ഹദ്റത്ത് ഇമാം മുഹമ്മദ് ത്വാഹിർ ഗുജ്റാത്തി.
11. ഹദ്റത്ത് മുജദ്ദിദ് അലിഫ് സാനി അഹ്മദ് സർഹിന്ദി
12. ഹദ്റത്ത് ശാഹ് വലിയുല്ലാഹ് മുഹദ്ദിസ് ദഹ്ലവി.
13. ഹദ്റത്ത് സയ്യിദ് അഹ്മ്മദ് ശഹീദ് ബറേൽവി (ഹജ്ജുൽ കിറാമ പേജ് 127 - 129)
14. ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് ഖാദിയാനി (അ) മസീഹ് മൗഊദ് വ മഹ്ദി മൗഊദ്.

**77. ഹദ്റത്ത് നിഅ്മത്തുല്ലാഹ് വലി(റ)യെക്കുറിച്ച് ചുരുക്കി വിവരിക്കുക?**

ഡൽഹിക്കടുത്ത ഒരു പ്രദേശത്ത് ജീവിച്ചിരുന്ന ഈ പുണ്യാത്മാവ് ദിവ്യദർശനങ്ങൾക്കും ദൈവദത്തമായ ദിവ്യാത്ഭുതങ്ങൾക്കും ഉടമയായിരുന്നു. ആത്മീയ വിഹായസ്സിൽ വളരെ ഉന്നതനായ അദ്ദേഹം മഹ്ദീ ഇമാമിന്റെ ആവിർഭാവ ത്തെ സംബന്ധിച്ച് ഫാർസിയിൽ രചിച്ച കവിത നൂറ്റാണ്ടുകളായി ജനങ്ങൾ ഉരുവിട്ട് കൊണ്ടിരിക്കുന്നുണ്ട്.

**78. ഹദ്റത്ത് ശാഹ് നിഅ്മത്തുല്ലാഹ് വലി(റ) ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ സത്യസാക്ഷ്യത്തെ സംബന്ധിച്ച് രചിച്ച രണ്ടു വരി കവിതാശകലങ്ങൾ എഴുതുക?**

ا ح م د مـــی خـــوانــم
نـــام آں نـــامـــدار مـی بینـم
دور او چـوں شـو د تـمام بکام
پـســرش یـــادگــار مـی بیـنـم

ആ ഇമാമിന്റെ പേര് അഹ്മദ് എന്നായിരിക്കുമെന്ന് ദിവ്യദർശനത്തിലൂടെ ഞാൻ കണ്ടിരിക്കുന്നു. വിജയശ്രീലാളിതനായിക്കൊണ്ട് അദ്ദേഹം തന്റെ കാലഘട്ടം പൂർത്തിയാക്കിയ ശേഷം അദ്ദേഹത്തിന്റെ മകൻ അദ്ദേഹത്തിന്റെ പ്രതിനിധിയായികൊണ്ട് സ്മരണ നിലനിർത്തും.

79. സുപ്രസിദ്ധരായ ഏതെങ്കിലും മുസ്‌ലിം ഭിഷഗരൻ, ശാസ്ത്രജ്ഞൻ, തത്വജ്ഞാനി എന്നിവരുടെ പേർ പറയുക?

- ഭിഷഗരൻ - ബൂ അലി സീന
- ശാസ്ത്രജ്ഞൻ - ജാബിർ ബിൻ ഹയ്യാൻ
- തത്വജ്ഞാനി - ഇബ്നു റുശ്ദ്

80. ഇബ്നു ഹിശാം, ഇബ്നു ഖുൽദൂൻ ആരായിരുന്നു?
ഇബ്നു ഹിശാം സുപ്രസിദ്ധനായ ചരിത്രകാരനായിരുന്നു. അസ്സീറത്തു നുബവ്വത്തു ഇബ്നു ഹിശാം. എന്ന അദ്ദേഹത്തിന്റെ ഗ്രന്ഥം ഇസ്‌ലാമിക ചരിത്രത്തിലേക്കും റസൂൽ തിരുമേനി(സ)ന്റെ ജീവചരിത്രത്തിലേക്കും വെളിച്ചം വീശുന്ന വിശ്വസനീയ രചനയാണ്. ഇബ്നു ഖുൽദൂൻ സുപ്രസിദ്ധ ചരിത്രകാരനും തത്വജ്ഞാനിയുമായിരുന്നു. താരീഖ് ഇബ്നു ഖുൽദൂൻ, മുഖദ്ദമ ഇബ്നു ഖുൽദൂനും അദ്ദേഹത്തിന്റെ പ്രസിദ്ധ ഗ്രന്ഥങ്ങളാണ്.

☆☆☆

# ഇസ്‌ലാമിക ചരിത്രം

**81. ഇസ്‌ലാമിന്റെ ആവിർഭാവം ക്രിസ്താബ്ദം ഏത് വർഷമാണ്?**

610 ൽ

**82. ഹബ്ശയിലേക്കുള്ള പലായനത്തെ (ഹിജ്റത്ത്) കുറിച്ച് നിങ്ങൾക്കെന്തറിയാം?**

മക്കക്കാരുടെ അതിക്രമങ്ങൾ അതിരൂക്ഷമാവുകയും അതിര് കടക്കുകയും ചെയ്തപ്പോൾ നബികരീ(സ)മിന്റെ നിർദ്ദേശപ്രകാരം കുറച്ച് മുസ്‌ലിം പുരുഷന്മാരും സ്ത്രീകളും കുട്ടികളും നബ്‌വി 5-ാം വർഷം *(നബ്‌വി വർഷം - നബി(സ)ന് നുബുവ്വത്ത് ലഭിച്ച് ഹിജ്റത്ത് വരെയുള്ള കാലഘട്ടത്തെ നബ്‌വി വർഷം എന്നാണ് ചരിത്രകാരന്മാർ രേഖപ്പെടുത്തിയിട്ടുള്ളത്)* ഹബ്ശയിലേക്ക് പലായനം ചെയ്തു. മക്കക്കാരായ ശത്രുക്കൾ ഹബ്ശയുടെ രാജാവായ നജ്ജാശിയെ മുസ്‌ലീമിങ്ങൾക്കെതിരിൽ പ്രകോപിപ്പിക്കാൻ നിരന്തരം ശ്രമിച്ചിട്ടും രാജാവ് മുസ്‌ലീമിംകളോട് വളരെ അനുഭാവപൂർവ്വവും നീതിയുക്തവുമായിട്ടായിരുന്നു പെരുമാറിയത്. അവസാനം ഹബ്ശയുടെ ഈ രാജാവും ഇസ്‌ലാം മതം സ്വീകരിക്കുകയും, ഇസ്‌ലാം മതം സ്വീകരിച്ച ആദ്യ രാജാവാകുകയും ചെയ്തു.

**83. ശഖ്ഖുൽ ഖമർ എന്ന അത്ഭുതദൃഷ്ടാന്തം എന്താണ്?**

അവിശ്വാസികളായ ചില മക്കക്കാർ റസൂൽ കരീം(സ)നോട് എന്തെങ്കിലും ദൃഷ്ടാന്തം കാണിക്കാൻ ആവശ്യപ്പെട്ടിരുന്നു. അതുപ്രകാരം ചന്ദ്രൻ പിളർന്ന് രണ്ട് കഷ്ണമായിട്ടുള്ള ഒരത്ഭുത ദൃഷ്ടാന്തം അവർക്ക് കാണിച്ചുകൊടുത്തു. ഈ

സംഭവം ഖുർആനിൽ സൂറത്തുൽ ഖമറിലെ 2 മുതൽ 7 വരെയുള്ള ആയത്തുകളിൽ പ്രതിപാദിച്ചിട്ടുണ്ട്.

**84. ആമുൽ ഹുസ്ൻ (ദുഖത്തിന്റെ വർഷം) എന്നതു കൊണ്ട് ഉദ്ദേശിക്കുന്നതെന്ത്?**

നബി തിരുമേനി(സ) ശിഅ്ബ് അബീത്വാലിബിലെ (ശിഅ്ബ് അബീത്വാലിബിൽ നബി(സ) നെയും കുടുംബത്തെയും മക്കക്കാർ ഉപരോധിക്കുകയും ഘെരാവോ ചെയ്യുകയുണ്ടായി) വലയത്തിൽ നിന്നും പുറത്തേക്ക് വന്നശേഷം ഒന്നിനു പിറകെ മറ്റൊന്നായി നബിക്ക് പല ദുഖങ്ങളും നേരിട്ടു. ആദ്യം പ്രിയപത്നി ഖദീജ(റ)യും അതിനുശേഷം അബൂത്വാലിബും വഫാത്തായി. അതിനാൽ നബ്‌വി പത്താം വർഷം ആമുൽ ഹുസ്ൻ (ദു:ഖങ്ങളുടെ വർഷം) എന്ന പേരിൽ പ്രസിദ്ധമായി.

**85.മിഅ്റാജ്, ഇസ്റാഅ് എന്നിവയിലെ വ്യത്യാസമെന്ത്?**

മിഅ്റാജ്, നബി (സ) വാനലോകത്തേക്ക് നടത്തിയ ആത്മീയ പ്രയാണമാണ്. ഈ സംഭവം സൂറത്ത് നജ്മിൽ വിവരിച്ചിട്ടുണ്ട്. മക്കയിൽ നിന്നു ബൈത്തുൽ മുഖദ്ദസിലേക്ക് നടത്തിയ മറെറാരു ആത്മീയ പ്രയാണമാണ് ഇസ്റാഅ് . ഈ സംഭവം സൂറത്ത് ബനീഇസ്റായീലിൽ പ്രതിപാദിച്ചിട്ടുണ്ട്.

**86. മദീനയിലേക്കുള്ള ഹിജ്റത്തിനെക്കുറിച്ച് നിങ്ങൾക്കെന്തറിയാം?**

നബികരീം(സ) നബ്‌വി 14-ാം വർഷം റബീഉൽ അവ്വൽ മാസം അല്ലാഹുവിന്റെ കൽപന അനുസരിച്ച് മദീനയിലേക്ക് ഹിജ്റത്ത് ചെയ്തു. ഹദ്റത്ത് അബൂബക്കർ സിദ്ദീഖ്(റ) ഉം നബിയോടൊപ്പം ഉണ്ടായിരുന്നു. ആദ്യം മക്കക്ക് മൂന്ന് മൈൽ ദൂരെ ഒരു വിജനമായ കുന്നിൻ മുകളിലുള്ള സൗർ ഗുഹയിൽ അഭയം തേടി. മക്കയിലെ അവിശ്വാസികൾ

ഇവരുടെ കാൽ ചുവടു നോക്കി പിന്തുടർന്നു കൊണ്ട് ഗുഹയുടെ മുൻഭാഗത്ത് എത്തി. ഗുഹക്കകത്ത് നിന്ന് പുറത്തുള്ള ശത്രുക്കളുടെ കാലുകൾ കാണാമെന്നായി. പക്ഷെ ദൈവിക വിധിക്ക് വിധേയമായി ഗുഹക്കകത്ത് അവർ പ്രവേശിക്കാൻ കഴിഞ്ഞില്ല. റസൂൽകരീം (സ) പിടിക്കപ്പെട്ടേക്കുമോ എന്ന വേവലാതി ഹദ്റത്ത് അബൂബക്കറിനെ വല്ലാതെ അലട്ടി. ആ അവസരത്തിൽ നബിതിരുമേനി ലാ തഹ്സൻ ഇന്നല്ലാഹ മഅനാ... എന്ന് സമാശ്വാസിപ്പിക്കുകയുണ്ടായി. അതായത് പരിഭ്രമിക്കേണ്ട അല്ലാഹു നമ്മോടൊപ്പം തന്നെ ഉണ്ട്.

**87. മദീനയിലേക്ക് പോയിക്കൊണ്ടിരുന്നപ്പോൾ തിരുമേനിയെ ആരായിരുന്നു പിന്തുടർന്നത്. അയാളെക്കുറിച്ച് നബി (സ) എന്ത് പ്രവചനമാണ് ചെയ്തത്. അതെപ്പോൾ പൂർത്തിയായി?**

സൗർ ഗുഹയിൽ നിന്നും ഇറങ്ങി നബിതിരുമേനി (സ) യും ഹദ്റത്ത് അബൂബക്കർ (റ) ഉം മദീനയിലേക്ക് പുറപ്പെട്ടപ്പോൾ വലിയൊരു സമ്മാനം കിട്ടുമെന്ന ദുരാഗ്രഹത്തിൽ നബിയെ പിടിക്കാൻ സുറാഖാ ബിൻ മാലിക്ക് പിന്തുടർന്നുകൊണ്ട് നബിയുടെ അടുക്കലെത്തി. അപ്പോൾ അയാളെ നോക്കികൊണ്ട് നബി തിരുമേനി പറഞ്ഞു: സുറാഖാ.. കിസ്റാ ചക്രവർത്തിയുടെ അധികാര ചിഹ്നങ്ങളായ വളകൾ നിന്റെ കൈകളിൽ അണിയിക്കുമ്പോൾ നിന്റെ സ്ഥിതി എന്തായിരിക്കും. ഈ പ്രവചനം ഹദ്റത്ത് ഉമർ (റ) ന്റെ ഖിലാഫത്ത് കാലത്ത് പൂർത്തിയായി.

**88. ഹിജ്റത്തിനു ശേഷം നബികരീം (സ) ഏത് പള്ളിയാണ് ആദ്യമായി നിർമ്മിച്ചത്?**

മസ്ജിദ് ഖുബ.

ഖുബ, മദീനക്ക് രണ്ട് രണ്ടര മൈൽ മുമ്പുള്ള ഒരു പ്രദേശമാണ്. അവിടെ കുറച്ചു അൻസാർ കുടുംബങ്ങൾ താമസിക്കുന്നുണ്ടായിരുന്നു. തിരുമേനി(സ) 10,12 ദിവസം അവിടെ താമസിച്ച ശേഷമാണ് മദീനയിൽ പ്രവേശിച്ചത്

**89. നബികരീം(സ) മദീനയിൽ പ്രവേശിച്ച സമയം അൻ സാരികളിൽപെട്ട സ്ത്രീകളും പെൺകുട്ടികളും ആലപിച്ച പദ്യം എന്തായിരുന്നുവെന്ന് പറയുക?**

طَلَعَ الْبَدْرُ عَلَيْنَا      مِنْ ثَنِيَّاتِ الْوَدَاعِ
جَبَ الشُّكْرُ عَلَيْنَا      مَا دَعَا لِلّٰهِ دَاعِ

ഇന്ന് വദാഅ് പർവ്വതത്തിന്റെ താഴ്വാരത്തുകൂടി നമ്മുടെ മേൽ പതിനാലാം രാവിലെ ചന്ദ്രനിതാ ഉദിച്ചുയർന്നിരിക്കുന്നു. അതിനാൽ നന്ദിസൂചകമായി എല്ലായ്പ്പോഴും അല്ലാഹുവിനെ നമിക്കൽ നമ്മുടെ മേൽ നിർബന്ധമായിരിക്കുന്നു.

**90. മദീന മുനവ്വറയുടെ ആദ്യത്തെ പേരെന്താണ്?**
ആദ്യപേര് യസ്രിബ് എന്നായിരുന്നു. നബിതിരുമേനി (സ) എത്തിയശേഷം മദീനത്തുർ റസൂൽ (റസൂലിന്റെ പട്ടണം) എന്ന് അറിയപ്പെടാൻ തുടങ്ങി.

**91. ഹിജ്റത്തിന്റെ ആദ്യദിനങ്ങളിൽ ഖുബയിലും മദീനയിലും നബിതിരുമേനി ഏതൊക്കെ സഹാബിമാരുടെ വീട്ടിലാണ് താമസിച്ചത്?**
ഖുബയിൽ ഹദ്റത്ത് കുൽസും ബിൻ ഹുദമിന്റെയും മദീനയിൽ ഹദ്റത്ത് അബൂ അയ്യൂബ് അൻസാരിയുടേയും വീട്ടിലായിരുന്നു താമസിച്ചിരുന്നത്.

**92. മദീനയിൽ ഏതൊക്കെ ഗോത്രങ്ങളായിരുന്നു വസിച്ചിരുന്നത്?**
അൻസാറുകളുടെ രണ്ട് ഗോത്രങ്ങൾ ഔസ്, ഖസ്റജ് എന്നിവയും യഹൂദികളുടെ മൂന്ന് ഗോത്രങ്ങൾ ബനുഖൈൻകാഅ്, ബനുനളിർ, ബനുഖുറൈള എന്നിവയുമാണ്.

**93. ഗസ്വായും, സരിയ്യായും തമ്മിലുള്ള വ്യത്യാസമെന്ത്?**
നബികരീം(സ) നേരിട്ട് പങ്കെടുത്ത യുദ്ധങ്ങളെ ഗസ്വാ എന്നും ചില കാരണങ്ങളാൽ തിരുമേനി നേരിട്ട് പങ്കെടുക്കാത്ത യുദ്ധങ്ങളെ സരിയ്യാ എന്നും പറയുന്നു.

**94. ബദ്ർ യുദ്ധം ഏത് കൊല്ലമാണ് ഉണ്ടായത്. അതിൽ എത്ര പേർ പങ്കെടുത്തിരുന്നു?**
ഹിജ്റത്തിന്റെ രണ്ടാം വർഷമാണ് അവിശ്വാസികളും മുസ്ലിംകളും തമ്മിൽ നിർണ്ണായകമായ ഈ യുദ്ധം ഉണ്ടായത്. ഇതിനെ യൗമുൽഫുർഖാൻ എന്നും പറയുന്നു. മുസ്ലിം സൈന്യത്തിന്റെ എണ്ണം കേവലം 313 ഉം അവിശ്വാസികൾ ആയിരവുമായിരുന്നു. എന്നിട്ടും അവർ അമ്പേ പരാജയപ്പെട്ടു.

**95. ഉഹദ് യുദ്ധം എപ്പോഴാണ് ഉണ്ടായത്?**
ഹിജ്റാ 3-ാം വർഷം ശവ്വാൽ മാസത്തിൽ. ക്രിസ്താബ്ദം 624 മാർച്ച്.

**96. അഹ്സാബ് യുദ്ധം എപ്പോഴുണ്ടായി. അതിനെ ഖന്തക്ക് യുദ്ധം എന്ന് എന്ത് കൊണ്ടാണ് പറയുന്നത്?**
ഹിജ്റ 5-ാം വർഷം ശവ്വാൽ മാസം ക്രിസ്താബ്ദം 627ൽ ഈ യുദ്ധമുണ്ടായി. ഈ യുദ്ധത്തിൽ ഹദ്റത്ത് സൽമാൻ ഫാർസിയുടെ അഭിപ്രായമനുസരിച്ച് കിടങ്ങ് കുഴിച്ചിരുന്നു. അതിനാൽ ഈ യുദ്ധം ഖന്തക്ക് യുദ്ധം (കിടങ്ങ്) എന്ന പേരിലും പ്രസിദ്ധമായി.

**97. സുൽഹ് ഹുദൈബിയ കൊണ്ട് എന്താണ് ഉദ്ദേശിക്കുന്നത്?**

ക്രിസ്താബ്ദം 628 ഹിജ്റവർഷം 6 ൽ ദുൽഖഅദ് മാസം ഹുദൈബിയ എന്ന സ്ഥലത്ത് വെച്ച് മുസ്ലിംകളും മക്കയിലെ അമുസ്ലിംകളും തമ്മിൽ ഒരു ഉടമ്പടി ഉണ്ടാക്കി. ഈ ഉടമ്പടിയെയാണ് സുൽഹ് ഹുദൈബിയ എന്ന് പറയുന്നത്.

**98. ബൈഅത്ത് റിള്വാൻ എന്നാൽ എന്ത്? അതു സംബന്ധമായി ഖുർആൻ കരീമിലെ ഏത് സൂറത്തിലാണ് പരാമർശമുള്ളത്?**

ഹുദൈബിയായിലെ ഉടമ്പടിക്ക് മുമ്പ് അപകടകരമായ സ്ഥിതിവിശേഷം മുൻനിർത്തിക്കൊണ്ട് 1500 സഹാബികൾ എല്ലാതരം ത്യാഗങ്ങൾക്കും തയ്യാറാണെന്ന പ്രഖ്യാപിച്ചുകൊണ്ട് നബികരീം (സ)ന്റെ കയ്യിൽ ബൈഅത്ത് ചെയ്യുകയുണ്ടായി. ആ ബൈഅത്താണ് ബൈഅത്തു റിള്വാൻ എന്ന പേരിൽ അറിയപ്പെടുന്നത്. ഇതിലൂടെ മുസ്ലിംകൾ അല്ലാഹുവിന്റെ പരിപൂർണ്ണ തൃപ്തിക്ക് പാത്രമായി. വിശുദ്ധ ഖുർആനിൽ സൂറത്ത് ഫത്ഹിലെ 11 മുതൽ 19 വരെ ആയത്തുകളിൽ ഇതു പരാമർശിച്ചിട്ടുണ്ട്.

**99. ഹബ്ശയിലേക്ക് പലായനം ചെയ്തിരുന്ന മുഹാജിരീങ്ങൾ ഏത് വിജയവേളയിലാണ് തിരിച്ചു വന്നത്?**

ഖൈബർ യുദ്ധത്തിന്റെ വിജയവേളയിൽ, നബി(സ) പറഞ്ഞു; ഖൈബർ യുദ്ധം വിജയിച്ചതുകൊണ്ടാണോ അതോ ഹദ്റത്ത് ജഅ്ഫർ(റ) തിരിച്ചെത്തിയതുകൊണ്ടാണോ എനിക്ക് കൂടുതൽ സന്തോഷം തോന്നുന്നത് എന്ന് എനിക്ക് മനസ്സിലാകുന്നില്ല എന്ന് നബി കരീം(സ) അരുൾ ചെയ്തിരുന്നു.

**100. സാത്തുർ റിഖാഅ് യുദ്ധം എന്നാണ് ഉണ്ടായത്. ആ പേര് വരാൻ കാരണമെന്ത്?**

ഈ യുദ്ധം ഹിജ്റ 7..ാം വർഷം ജമാദുസ്സാനിയിൽ നജ്ദിന്റെ ഭാഗത്താണ് ഉണ്ടായത്. യുദ്ധത്തിന്നായി സഹാബാക്കൾക്ക് ഒരു പാട് ക്ലേശങ്ങൾ സഹിക്കേണ്ടിവന്നു ഒട്ടകമോ കുതിരയോ പോലുള്ള യാത്ര ചെയ്യാനുതകുന്ന മൃഗങ്ങളുടെ ദൗർലഭ്യം കാരണം സഹാബാക്കൾക്ക് വളരെ കൂടുതൽ നടക്കേണ്ടിവന്നിരുന്നു. നടന്ന് നടന്ന് എല്ലാവരുടേയും കാലിന്ന് മുറിവ് പറ്റി എന്ന് മാത്രമല്ല ചിലരുടെ കാൽനഖങ്ങൾ പറിഞ്ഞുപോകുക പോലും ചെയ്തിരുന്നു. ആ അവസരത്തിൽ സഹാബാക്കൾ തങ്ങളുടെ വസ്ത്രങ്ങൾ കീറി മുറിവിൽ കെട്ടാനുള്ള തുണി കഷ്ണങ്ങളാക്കുകയും അത് മുറിവിൽ കെട്ടുകയും ചെയ്തു. റിഖാഅ് എന്ന് വെച്ചാൽ മുറിവിൽ കെട്ടാനുള്ള തുണികഷ്ണം അഥവാ ബാന്റേജ് എന്നാണ് വിവക്ഷ. അതുകൊണ്ടാണ് ഇതിനെ സാത്തുർ റിഖാഅ് യുദ്ധം എന്ന് പറയുന്നത്.

**101. മക്കാ വിജയത്തെകുറിച്ച് ചുരുക്കി വിവരിക്കുക?**

പരിശുദ്ധ റമസാൻ മാസം ഹിജ്റ 8..ാം വർഷം ക്രിസ്താബ്ദം 630ൽ സർവ്വലോകത്തിനും കാരുണ്യവാനായ (റഹ്മത്തുല്ലിൽ ആലമീൻ) നബികരീം (സ) പതിനായിരം വിശുദ്ധരായ തന്റെ അനുചരന്മാരോടൊപ്പം വരികയും മക്ക കീഴടക്കുകയും ചെയ്ത്തു. മക്കക്കാരിൽ നിന്നും കഠിനമായ ദ്രോഹങ്ങളും അതിക്രമങ്ങളും നേരിടേി വന്നിട്ടുണ്ടായിരുന്നുവെങ്കിലും നബി(സ), ഞങ്ങൾ ആരോടും പകരം ചോദിക്കുന്നില്ല നിങ്ങൾ എല്ലാം സ്വതന്ത്രരാണ് എന്ന് പറഞ്ഞ് കൊണ്ട് എല്ലാവർക്കും പൊതുമാപ്പ് നൽകിയതായി വിളംബരപ്പെടുത്തി.

**102. തബൂക്ക് യുദ്ധം എന്നുണ്ടായി? അതിന്റെ മറ്റൊരു പേര് എന്താണ്?**

ഈ യുദ്ധം ഹിജ്റ വർഷം 9 ലും ക്രിസ്താബ്ദം 631..ലാണ്

നടന്നത്. ഇതിനെ ഗസ്വ ഉസ്റ എന്നും പറയുന്നു. ഈ യു ദ്ധത്തിന്നായി മുസ്ലിംകൾക്ക് വളരെ ദൂരത്തേക്ക് യാത്ര ചെയ്യേണ്ടി വന്നതിനാൽ വന്നു പലതരത്തിലുള്ള കഷ്ടന ഷ്ടങ്ങളും പരീക്ഷണങ്ങളും നേരിടേണ്ടി വന്നിരുന്നു. അതു കൊണ്ട് ഉസ്റ (കഷ്ടപാടുകൾ) യുദ്ധം എന്ന് പറയുന്നു.

**103. ഹജ്ജത്തുൽ വിദാഅ് എന്നാൽ എന്ത്?**

ഹിജ്റ 10ാം വർഷം കൃസ്താബ്ദ്ം 632..ൽ നബിതിരുമേനി (സ)ക്ക് ഹജ്ജ് വേളയിൽ......

اَلْيَـوْمَ اَكْمَلْتُ لَكُمْ دِيْنَكُمْ وَ اَتْمَمْتُ عَلَيْكُمْ نِعْمَتِىْ وَرَضِيْتُ
لَكُمُ الْاِسْلَامَ دِيْناً.(المائده:4)

(ഈ ദിവസം നിങ്ങളുടെ മതത്തെ നിങ്ങൾക്ക് ഞാൻ പൂർണ്ണ മാക്കിതരികയും, എന്റെ അനുഗ്രഹത്തെ നിങ്ങൾക്ക് പൂർത്തീ കരിക്കുകയും ഇസ്ലാമിനെ നിങ്ങൾക്ക് മതമായി തൃപ്തിപ്പെ ടുകയും ചെയ്തിരിക്കുന്നു) എന്ന ആയത്ത് ഇറങ്ങുകയുണ്ടായി. (അൽമാഇദ..4) ആ സമയം തിരുമേനി ഒരു ഐതിഹാസികമായ ഖുതുബ ചെയ്യുകയുണ്ടായി. പിന്നീട് ഇത് ഹജ്ജത്തുൽ വിദാ അ് എന്ന പേരിൽ പ്രസിദ്ധമായി. (അഥവാ വിടവാങ്ങൽ) അതിൽ മുസ്ലിം സമുദായത്തോട് യാത്ര പറഞ്ഞ്കൊണ്ട് സാമൂഹ്യവും സാംസ്കാരികവുമായ വിധിവിലക്കുകളുടെ അടിസ്ഥാന തത്വങ്ങൾ വിവരിക്കുകയുമുണ്ടായി. ഇത് തിരു മേനിയുടെ ജീവിതത്തിലെ അവസാന ഹജ്ജായിരുന്നു.

**104. അല്ലാഹുവിന്റെ വഹ്യ് എഴുത്തുകാരാവാൻ ഭാഗ്യം സിദ്ധി ച്ച ഏതാനും ചില സഹാബാക്കളുടെ പേര് പറയുക?**

1.ഹദ്റത്ത് അബൂബക്കർ
2.ഹദ്റത്ത് ഉമർ
3.ഹദ്റത്ത് ഉസ്മാൻ

4.ഹദ്റത്ത് അലി
5.ഹദ്റത്ത് സുബൈർ ബിൻ അൽഅവാം
6.ഹദ്റത്ത് ഉബയ്യിബിൻ കഅബ്
7.ഹദ്റത്ത് സൈദ് ബിൻ സാബിത്..
വഹ്യ് എഴുത്തുകാരായ സഹാബാക്കൾ ഏകദേശം 40പേർ ഉണ്ട്.

**105. സഹാബാക്കളുടെ ഏകകണ്ഠമായ അഭിപ്രായസമന്വയം (ഇജ്മാഅ്) ഏത് കാര്യത്തിലാണ് ആദ്യമായി ഉണ്ടായത്. അത് എപ്പോൾ?**

നബി കരീം (സ) വഫാത്തായതറിഞ്ഞപ്പോൾ തിരുമേനി യോടുള്ള അതിരറ്റ സ്നേഹം കാരണം സഹാബാക്കൾ അതംഗീ കരിക്കാൻ തയ്യാറല്ലായിരുന്നു.
ഹദ്റത്ത് ഉമർ(റ) തിരുമേനി വഫാത്തായി എന്ന് പറയുന്ന വരുടെ തലവെട്ടും എന്നും പറഞ്ഞ് ഊരിയ വാളുമായി മസ്ജിദ് നബ്വിയിൽ നിൽക്കുകയാണ്. എല്ലാ സഹാബാ ക്കളും മൗനമവലംബിച്ചിരിക്കുന്നു. ആ സമയം ഹദ്റത്ത് അബൂബക്കർ(റ) പള്ളിയിൽ വന്ന് മിമ്പറിൽ കയറി ഈ ആയത്ത്

وَمَامُحَمَّدٌ اِلَّارَسُوْلٌ ۚ قَدْ خَلَتْ مِنْ قَبْلِهِ الرُّسُلُ ۗ(سورة آل عمران:145)

ഓതി ......മുഹമ്മദ് ഒരു (ദൈവ) ദൂതൻ മാത്രമാണ്. അദ്ദേഹ ത്തിന്ന് മുമ്പുണ്ടായിരുന്ന എല്ലാ ദൈവദൂതന്മാരും കാലഗതി പ്രാപിച്ച് കഴിഞ്ഞിരിക്കുന്നു. (ആലുഇംറാൻ..145). ഇത് സ ഹാബാക്കൾ അംഗീകരിക്കുകയും മുമ്പ് പ്രവാചകന്മാർ മരിച്ചു പോയതുപോലെ നബിതിരുമേനിയും വഫാത്തായിരിക്കുന്നു എന്ന് സമ്മതിക്കുകയും ചെയ്തു. ഇത് സഹാബാക്കളുടെ ആദ്യത്തെ ഇജ്മാഅ് ആണ്.

**106. ജന്നത്തുൽ ബഖീഅ് എന്നതു കൊണ്ട് ഉദ്ദേശിക്കുന്ന തെന്ത്?**

മദീനയിലെ ഒരു പ്രസിദ്ധമായ ഖബർസ്ഥാനാണ് ഇത്. ഇതിൽ റസൂൽ തിരുമേനിയുടെ പത്നിമാരും മറ്റു കുടുംബാഗങ്ങൾക്ക് പുറമെ സഹാബാക്കളായ പുണ്യാത്മാക്കളും അന്ത്യ വിശ്രമം കൊള്ളുന്നു.

**107. താഴെ പറയുന്നവ വിവരിക്കുക?**

1.ഹിൽഫുൽ ഫുളൂൽ
2.ദാറുന്നദ്‌വ
3.ശഅബ് അബീത്വാലിബ്
4.ഹജറുൽ അസ്‌വദ്
5.അറഫാത്ത്
6.ദാറുൽ അർഖം

1.ഹിൽഫുൽ ഫുളൂൽ:.. പുരാതന അറേബ്യയിലെ ചില കുലീനർ ചേർന്ന് സാധുക്കളെ സംരക്ഷിക്കുമെന്നും മർദ്ദിതർക്ക് സഹായം നൽകുമെന്നും പ്രതിജ്ഞ ചെയ്യുകയുണ്ടായി. ഈ ഉടമ്പടിയിൽ അംഗങ്ങളായിരുന്ന മൂന്ന് ആളുകളുടെ പേര് ഫസൽ എന്നായിരുന്നു. ഫുസൂൽ എന്നത് ഫസ്‌ലിന്റെ ബഹുവചനമാണ്. അതിനാൽ ഈ ഉടമ്പടി ഹിൽഫുൽ ഫുളൂൽ (ഫള്ലുമാരുടെ ഉടമ്പടി) എന്ന പേരിൽ പ്രസിദ്ധമാണ് ഇസ്‌ലാമിന്റെ ആവിർഭാവത്തിന് മുമ്പ് മക്കയിലെ ഖുറൈശികളിൽ ചിലർ ഈ ഉടമ്പടി പുതുക്കിയിരുന്നു. അതിൽ നബികരീം (സ) ഉൾപ്പെടുന്നു.

2.ദാറുന്നദ്‌വ:.. ഖുസ്വയ്യിബിൻ കിലാബ് എന്ന ഒരു വ്യക്തി പരിശുദ്ധ കഅബക്ക് അരികിൽ ഒരു വീടുണ്ടാക്കിയിരുന്നു. ഖുറൈശ് ഗോത്രക്കാർ ഈ വീട്ടിൽ സമ്മേളിച്ചു കൊണ്ട് തങ്ങളുടെ പ്രധാനപ്പെട്ട കാര്യങ്ങളെക്കുറിച്ചു കൂടിയാലോചനകൾ നടത്താറുണ്ടായിരുന്നു. ഈ വീടിനേയാണ് ദാറുന്നദ്‌വാ

എന്ന് പറയുന്നത്.

3.ശിഅബ് അബീത്വാലിബ്:..ഈ സ്ഥലം മക്കയിൽ തന്നെയുള്ള ഒരു മലയിടുക്കാണ്. ഇവിടെ ബനൂഹാശിം, ബനൂ അബ്ദുൽ മുത്തലിബ് എന്നീ ഗോത്രങ്ങൾ ശത്രുക്കളാൽ മൂന്ന് കൊല്ലത്തോളം വലയം ചെയ്യപെടുകയും ഉപരോധിക്കപ്പെടുകയും ചെയ്തിരുന്നു.

4.ഹജറുൽ അസ്‌വദ്:..പരിശുദ്ധ കഅബയുടെ പുറംഭാഗത്ത് ഒരു മൂലയിൽ സ്ഥാപിച്ചിട്ടുള്ള ഈ കല്ല് തവാഫ് ചെയ്യുന്നവർ ചുംബിക്കുന്നു. അല്ലെങ്കിൽ കൈ കൊണ്ട് ആംഗ്യം കാണിച്ചും ചുംബിക്കാറുണ്ട്.

5.അറഫാത്ത്:.. ഹാജിമാർ ദുൽഹജ്ജ് 9 നു ഒത്തു ചേരുന്ന ഒരു മൈതാനമാണിത് ളുഹർ, അസർ നമസ്കാരങ്ങൾ ചേർത്ത് നമസ്കരിക്കുകയും ഇമാം നടത്തുന്ന ഉപദേശ പ്രസംഗം കേൾക്കുകയും ചെയ്യുന്നു. അറഫ മൈതാനത്ത് ഒത്തുചേരൽ ഹജ്ജിന്റെ പ്രധാനകർമ്മങ്ങളിൽ ഒന്നാണ്.

6.ദാറുൽഅർഖം:.. ഹദ്റത്ത് അർഖം ബിൻ അർഖം (റ) ന്റെ വീട് റസൂൽകരീം(സ) നബവി 4..ാം വർഷം മുതൽ 6..ാം വർഷം വരെ ഇസ്ലാമിന്റെ തബ്‌ലീഗ് കേന്ദ്രമാക്കി വെച്ചിരുന്നു. ചരിത്രത്തിൽ ഇത് ദാറുൽ ഇസ്ലാം എന്ന പേരിലും അറിയപ്പെടുന്നു.

**108. ഖുലഫാഉ റാശിദുകളുടെ കാലഘട്ടം ?**

1.ഹദ്റത്ത് അബൂബക്കർ (റ).....ഹിജ്റ 11...13, ക്രിസ്താബ്ദം. 632..634.

2.ഹദ്റത്ത് ഉമർ (റ)...ഹിജ്റ 13...24, ക്രിസ്താബ്ദം 634..644.

3.ഹദ്റത്ത് ഉസ്മാൻ (റ)..ഹിജ്റ 24...35, ക്രിസ്താബ്ദം 644...656.

4.ഹദ്റത്ത് അലി (റ) ഹിജ്റ 35..40, ക്രിസ്താബ്ദം 656..661.

**109. ഹിജ്റ വർഷം നടപ്പിൽ വരുത്തിയത് ആരാണ്? ആ വർഷത്തിലെ മാസങ്ങളുടെ പേരുകൾ പറയുക?**
ഹദ്റത്ത് ഉമർ ഫാറൂഖ് (റ).
മാസങ്ങൾ: മുഹർറം, സഫർ, റബീഉൽ അവ്വൽ, റബീഉൽ ആഖിർ, ജമാദീൽ അവ്വൽ, ജമാദീൽ ആഖിർ, റജബ്, ശഅ ബാൻ, റമദാൻ, ശവ്വാൽ, ദുൽ ഖഅദ്, ദുൽഹജ്ജ്.

**110. ഹദ്റത്ത് ഇമാം ഹുസൈൻ ജനിച്ചതും ശഹീദായതും എപ്പോഴാണ്?**
ഹദ്റത്ത് ഇമാം ഹുസൈൻ ഹിജ്റ വർഷം 4..ൽ ശഅബാൻ മാസം ജനിച്ചു. യസീദ് ബിൻ മുആവിയയുടെ ഭരണകാലത്ത് ഹിജ്റ 61..ൽ മുഹർറം 10..ാനു കർബല മൈതാനത്തുവെച്ചു ശഹീദാക്കപ്പെട്ടു.

**111. ബനൂഉമയ്യാ സാമ്രാജ്യത്തിന്റെ സ്ഥാപകൻ ആരായി രുന്നു. കൊല്ലവും പറയുക?**
ഹിജ്റ വർഷം 41, ക്രിസ്താബ്ദം 661..ൽ ഹദ്റത്ത് അമീർ മുആവിയ ബിൻ അബൂ സൂഫിയാനാണ് ബനു ഉമയ്യാ സാമ്രാ ജ്യം സ്ഥാപിക്കുന്നത്. ഈ വംശപരമ്പര ഹിജ്റ 132..ൽ ക്രിസ്താബ്ദം 749..ൽ മർവാൻ രണ്ടാമനിൽ അവസാനിച്ചു.

**112. ബനൂ അബ്ബാസ് സാമ്രാജ്യത്തിന്റെ സ്ഥാപകന്റെ പേ രും ഭരണകാലവും പറയുക?**
അബുൽ അബ്ബാസ് അബ്ദുല്ലാഹ് ബിൻ സ്സഫാഹാണ് സ്ഥാപ കൻ. അവസാന ഖലീഫയായിരുന്ന അൽ മുസ്തഅ്സം ബില്ലായെ ഹലാക്കു ഖാൻ വധിച്ചു. ഹിജ്റ 132 മുതൽ 656. ക്രിസ്താബ്ദം 749 മുതൽ 1250 വരെയായിരുന്നു കാലഘട്ടം.

**113. താഴെ പറയുന്ന രാഷ്ട്രങ്ങളുടെ ദിഗ്വിജയി ആ**

**രൊക്കെ?**

1. ഈജിപ്ത് : ഹദ്റത്ത് ഉമറിബ്നു ആസ്.
2. ഇറാൻ : ഹദ്റത്ത് സഅദ് ബിൻ അബി വഖാസ്.
3. സ്പെയിൻ : ത്വാരിഖ് ബിൻ സിയാദ്.
4. സിന്ധ് : മുഹമ്മദ് ബിൻ ഖാസിം.

**114. മുസ്ലിംകൾ എത്ര വർഷം സ്പെയിനിൽ ഭരണം നടത്തി?**

ഏകദേശം 700 കൊല്ലം.

**115. സ്പെയിനിൽ രാജകൊട്ടാരമായ അൽ ഹംറയിൽ എഴുതി വെച്ച അറബിവാചകങ്ങൾ എന്തൊക്കെ?**

اَلْعِزَّةُ لِلّٰهِ، اَلْقُدْرَةُلِلّٰهِ، اَلْحُكْمُ لِلّٰهِ، لَاغَالِبَ اِلَّا اللّٰهُ۔

1. അൽ ഇസ്സതു ലില്ലാഹ്
2. അൽ ഖുദ്റത്തു ലില്ലാഹ്
3. അൽ ഹുക്മു ലില്ലാഹ്
4. ലാ ഗാലിബ ഇല്ലല്ലാഹ്.

☆☆☆

# ഹദ്റത്ത് മസീഹ് മൗഊദ്(അ)

**116. റസൂൽ കരീം(സ)യുടെ പ്രവചനപ്രകാരം വന്ന മസീഹ് മൗഊദ് (വാഗ്ദത്ത മസീഹ്) ആരാണ്?**
ഹദ്റത്ത് മിർസാ ഗുലാം അഹ്മദുൽ ഖാദിയാനി (അലൈഹിസ്സലാം). ഹിജ്റ വർഷം 1250, ക്രിസ്താബ്ദം ഫെബ്രുവരി 13..ാനു 1835 വെള്ളിയാഴ്ച ഖാദിയാനിൽ ഭൂജാതരായി.

**117. ഹുസൂറിന്റെ മാതാപിതാക്കളുടെ പേരു പറയുക?**
പിതാവ് ഖാദിയാൻ പ്രദേശത്തെ ഉടമസ്ഥാവകാശിയായ ഹദ്റത്ത് മിർസാ ഗുലാം മുർതളാ സാഹിബും, മാതാവ് ഹദ്റത്ത് ചിറഗ് ബീബി സാഹിബയുമാണ്.

**118. ഹദ്റത്ത് മസീഹ് മൗഊദിന്ന് ആദ്യമായി എപ്പോഴാണ് ഇൽഹാം ഉണ്ടായത്?**
ഏകദേശം 1865.ൽ.

**119. ആദ്യ ഇൽഹാം എന്തായിരുന്നു?**

ثَـمَا نِيْنَ حَوْلًا اَوْ قَرِيْباً مِّنْ ذٰلِكَ اَوْتَزِيْدُ عَلَيْهِ سِنِيْناً وَتَرٰى نَسْلاً بَعِيدًا۔

സമാനീന ഹൗലൻ ലൗഖരീബ്നാ മിൻ ദാലിക്ക ലൗതസീദു അലൈഹി സിനീന വതറാ നസ്ലൻ ബഈദാ
അർത്ഥം: നീ 80 വയസ്സ് വരെ ജീവിച്ചിരിക്കും. ഒന്നുകിൽ 3,4 വയസ്സ് കുറവോ ഏതാനും വയസ്സ് അധികമോ ആകാം. ഏതായാലും നീ വളരെ വിദൂരത്തിലുള്ള തലമുറയെ കാണുമാറ് ദീർഘായുസ്സ് നേടും. (തദ്കിറ 1969.ൽ അച്ചടിച്ചത്, പേജ്..7)

**120. ദൈവനിയോഗിതനാക്കി കൊണ്ടുള്ള ഇൽഹാം അല്ലാഹുവിൽ നിന്ന് എപ്പോഴാണ് ഉണ്ടായത്?**

1882..മാർച്ചിൽ قُلْ اِنِّیْ اُمِرْتُ وَاَنَا اَوَّلُ الْمُؤْمِنِیْنَ۔

(ഖുൽ ഇന്നീ ഉമിർത്തു വഅന അവ്വലുൽ മുഅ്മിനീൻ.)
അർത്ഥം: പറയുക നിശ്ചയമായും ഞാൻ അല്ലാഹുവിങ്കൽ നിന്നു നിയോഗിതനായിരിക്കുന്നു. ഞാൻ വിശ്വാസികളിൽ പ്രഥമനുമാണ്.

**121. ഹദ്റത്ത് മസീഹ് നാസിരി (ഈസാ നബി) (അ)യുടേയും ഹദ്റത്ത് മസീഹ് മൗഊദിന്റെയും ഇർഹാസുകൾ ആരായിരുന്നു? (വരാനുള്ള വ്യക്തിക്ക് മുന്നൊരുക്കക്കാരനായി ഒരു അടയാളമെന്ന നിലക്ക് വരുന്ന ആളെയാണ് ഇർഹാസ് എന്ന് പറയുന്നത്.)**

ഈസാ നബിയുടെ ഇർഹാസ് ഹദ്റത്ത് യഹ്യാ (അ) ആണ്. ഇഞ്ചീലിൽ ഇദ്ദേഹത്തിന്റെ പേര് യോഹന്നാൻ എന്നാണ്. ഇതുപോലെ ഹദ്റത്ത് മസീഹ്മൗഊദി(അ)ന്റെ ഇർഹാസ് ഹദ്റത്ത് സയ്യിദ് അഹ്മദ് ബറേൽവി ശഹീദ് (റഹ്) ആണ്.

**122. ഹദ്റത്ത് മസീഹ് മൗഊദി(അ)നെതിരിൽ ആരാണ് ആദ്യമായി കേസ് കൊടുത്തത്?**

1877..ൽ റലിയാറാം എന്ന ഒരു ക്രിസ്ത്യാനിയാണ് കേസ് കൊടുത്തത്. തപാൽ കേസ് എന്ന പേരിൽ ഇത് പ്രസിദ്ധമാണ്.

**123. മസ്ജിദ് മുബാറക്കിന്റെ നിർമാണസംബന്ധമായി നിങ്ങൾക്ക് എന്തറിയാം?**

മസ്ജിദ് മുബാറക്കിന്റെ ശിലാസ്ഥാപനം 1893ൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) ആണ് നിർവ്വഹിച്ചത്. അത് 1907 ൽ

ആണ് ആദ്യമായി വിപുലീകരിച്ചത്. രണ്ടാം ഘട്ടവിപു ലീകരണം ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി(റ) ന്റെ കാലത്ത് 1944ൽ.

**124. എപ്പോഴാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ) ബൈഅ ത്തിന്റെ പത്ത് നിബന്ധനകൾ വിളംബരപ്പെടുത്തിയത്?**
1889 ജനുവരി 12..ാനു തബ്‌ലീഗിന്റെ പൂർത്തികരണം (തക്മീ ലെ തബ്‌ലീഗ്) എന്ന വിജ്ഞാപനത്തിലൂടേയാണ് ബൈ അത്തിന്റെ നിബന്ധനകൾ പ്രസിദ്ധീകരിക്കുന്നത്.

**124A. ആദ്യ ബൈഅത്ത് എപ്പോൾ എവിടെവെച്ച് നടന്നു?**
1889 മാർച്ച് 23..ാനു ലുധിയാനയിൽ സൂഫി അഹ്മദ് ജാൻ സാഹിബിന്റെ ഭവനത്തിൽ വെച്ച് നടന്നു.

**125. ഒന്നാമത്തെ ദിവസം എത്രപേർ ബൈഅത്ത് ചെയ്തു? ഏറ്റവും ആദ്യം ബൈഅത്ത് ചെയ്തത് ആരാണ്?**
ഒന്നാം ദിവസം നാൽപ്പതു പേർ ബൈഅത്തു ചെയ്തു. ഹദ്റത്ത് ഹകീം മൗലാനാ നൂറുദ്ദീൻ സാഹിബ് (ഖലീഫത്തുൽ മസീഹ് അവ്വൽ) ആണ് ആദ്യം ബൈഅത്ത് ചെയ്യ്തത്.

**126. ജമാഅത്ത് അഹ്മദിയ്യാ എന്ന് ജമാഅത്തിന്റെ പേര് നാമകരണം ചെയ്തതെപ്പോൾ?**
1901 മാർച്ചിലെ കാനേഷുമാരി കണക്കെടുക്കുന്ന അവസരത്തി ലാണ് പേര് വെച്ചത്.

**127. ഹദ്റത്ത് മസീഹ് മൗഊദ് (അ) എഴുതിയ ഗ്രന്ഥങ്ങളുടെ എണ്ണമെത്ര? ആദ്യവും അവസാനവും രചിച്ച ഗ്രന്ഥത്തിന്റെ പേരുകൾ വർഷസഹിതം എഴുതുക?**
മൊത്തം 85 ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്. ഒന്നാമത്തെ ഗ്രന്ഥം

1880..ൽ പ്രസിദ്ധീകരിച്ച ബറാഹീനെ അഹ്മദിയ ഭാഗം..1ഉം, ഭാഗം..2 ഉം, അവസാനത്തേത് 1908..ൽ പ്രസിദ്ധീകരിച്ച പൈ ഗാമെ സുൽഹ് എന്ന ഗ്രന്ഥമാണ്.

**128. ഹദ്റത്ത് മസീഹ് മൗഊദി(അ)ന്റെ രണ്ടാമത്തെ വിവാഹം ഏത് കുടുംബത്തിൽ ആരുമായി നടന്നു?**

1884 നവമ്പർ മാസം ഡൽഹിയിലെ പ്രസിദ്ധ സൂഫിവര്യൻ ഹദ്റത്ത് ഖ്വാജാ മീർ ദർദ് സാഹിബിന്റെ കുടുംബത്തിലെ അംഗമായ ഹദ്റത്ത് സയ്യിദ നുസ്റത്ത് ജഹാൻ ബേഗം സാഹിബ(റ)യുമായാണ് രണ്ടാം വിവാഹം നടന്നത്. പിന്നീട് അവരിലൂടെയാണ് സുവിശേഷകരും പരിശുദ്ധരുമായ സന്താനങ്ങൾ പിറന്നത്.

**129. ഹദ്റത്ത് മസീഹ് മൗഊദി(അ)ന്റെ ഹോശിയാർപൂരിലേക്കുള്ള യാത്ര അഹ്മദീയ ചരിത്രത്തിൽ ഇടം പിടിക്കാൻ കാരണമെന്ത്?**

1886 ജനുവരിയിൽ ഹോശിയാർ പൂരിലേക്ക് യാത്ര ചെയ്തു കൊണ്ട് അവിടെ ഹുസൂർ ഒരു പ്രത്യേക തപോയജ്ഞത്തിൽ നിരതനായി. അവിടെ വെച്ചു മുസ്ലിഹ് മൗഊദിനെ കുറിച്ചുള്ള മഹത്തായ സുവിശേഷം അല്ലാഹുവിൽ നിന്നും ലഭിച്ചു.

**130. ഹദ്റത്ത് മസീഹ് മൗഊദി(അ)ന്റെ സുവാർത്ത നൽകപ്പെട്ട സന്താനങ്ങളുടെ പേര് ?**

1. സാഹിബ് സാദി ഇസ്മത്ത് സാഹിബ. (ജനനം 1886 മെയ്... വഫാത്ത് 1891 ജൂലായ്)

2. സാഹിബ് സാദാ ബശീർ അവ്വൽ. (ജനനം 1887 ആഗസ്ത് 7...വഫാത്ത് 1888 നവമ്പർ 4)

3. ഹദ്റത്ത് സാഹിബ് സാദാ മീർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്

മദ് സാഹിബ്. ഖലീഫത്തുൽ മസീഹ് സാനി(റ) മുസ്‌ലിഹ് മൗഊദ്. – (ജനനം 1889 ജനുവരി 12. വഫാത്ത് 1965 നവമ്പർ 8.)

4. സാഹിബ് സാദി ശൗക്കത്ത് സാഹിബ. (ജനനം 1891, വഫാത്ത് 1892)

5. ഹദ്റത്ത് സാഹിബ് സാദാ മിർസാ ബശീർ അഹ്മദ് സാഹിബ്. (ജനനം 1893 എപ്രിൽ 20, വഫാത്ത് 1963 സപ്തംബർ 2.)

6. ഹദ്റത്ത് സാഹിബ് സാദാ മിർസാ ശരീഫ് അഹ്മദ് സാഹിബ്. (ജനനം 1895 മെയ് 24, വഫാത്ത് 1961 ഡിസംബർ 26)

7. ഹദ്റത്ത് സാഹിബ് സാദി നവാബ് മുബാറക്ക ബേഗം സാഹിബ. (ജനനം 1897 മാർച്ച് 2, വഫാത്ത് 1977 മെയ് 23)

8. ഹദ്റത്ത് സാഹിബ് സാദാ മിർസാ മുബാറക്ക് അഹ്മദ് സാഹിബ്. (ജനനം 1899 ജൂൺ 14, വഫാത്ത് 1907 സപ്തംബർ 16)

9. സാഹിബ് സാദി അമത്തുന്നസീർ സാഹിബ. (ജനനം 1903 ജനുവരി 28, വഫാത്ത് 1903 ഡിസംബർ 3)

10.സാഹിബ് സാദി അമത്തുൽ ഹഫീസ് ബേഗം സാഹിബ. (ജനനം 1904 ജൂൺ 25, വഫാത്ത് 1987 മെയ് 6)

**131. ഹുസൂർ മസീഹും മഹ്ദിയുമാണെന്ന വാദം എപ്പോഴാണ് പുറപ്പെടുവിച്ചത്?**

1890..ൽ. മസീഹ് വാദം.1891..ൽ. മഹ്ദി വാദം.

കുറിപ്പ്: എന്നാൽ ദൈവനിയോഗിതനാണെന്ന ഇൽഹാം അല്ലാഹുവിൽ നിന്ന് ലഭിച്ച ശേഷം 1889 മാർച്ച് 23..ാനു മുതൽ ബൈഅത്തിന്ന് ആരംഭം കുറിച്ചിരുന്നു.

**132. അഹ്മദിയ്യാ ജമാഅത്തിന്റെ ആദ്യ ജലസ എപ്പോൾ എവിടെ വെച്ചു നടന്നു?**

1891 ഡിസമ്പർ 27..ാനു ഖാദിയാനിലെ മസ്ജിദ് അഖ്സയിൽ വെച്ച്.

**133. ചന്ദ്രഗ്രഹണം സൂര്യഗ്രഹണം എന്നീ അടയാളങ്ങൾ എപ്പോൾ വെളിപ്പെട്ടു?**

നബികരീം(സ.അ) തിരുമേനിയുടെ പ്രവചനപ്രകാരം ഇന്ത്യ യിൽ അതായത് ഭൂമിയുടെ പൂർവ്വഗോള മണ്ഡലത്തിൽ ഹി ജ്റ വർഷം 1311 റമളാൻ 11നു ക്രിസ്താബ്ദം 1894 മാർച്ച് 21നു ചന്ദ്രഗ്രഹണവും ഹിജ്റ 1311ൽ തന്നെ റമളാൻ 28നു ക്രിസ് താബ്ദം 1894 എപ്രിൽ 6നു സൂര്യഗ്രഹണവും വെളിപ്പെട്ടു. അടുത്ത വർഷം അതായത് ക്രിസ്താബ്ദം 1895 മാർച്ച് 11നു അമേരിക്കയിൽ അതായത് ഭൂമിയുടെ പശ്ചിമഗോളമണ്ഡലത്തി ൽ ചന്ദ്രഗ്രഹണവും 1895 മാർച്ച് 26നു സൂര്യഗ്രഹണവുമുണ്ടായി.

**134. ഖാദിയാനിൽ ളിയാഉൽ ഇസ്‌ലാം പ്രസ്സും ലൈബ്ര റിയും എപ്പോഴാണ് സ്ഥാപിതമായത്?**

1895..ൽ

**135. സർവ്വമത മഹാസമ്മേളനം എപ്പോൾ എവിടെ വെച്ചു നടന്നു?**

1896 ഡിസമ്പർ 26 മുതൽ 29 വരെ ലാഹോറിൽ വെച്ച് നടന്നു.

**136. ആ സമ്മേളനത്തിൽ എന്ത് ദൃഷ്ടാന്തമാണ് വെളിപ്പെ ട്ടത്?**

ആ സമ്മേളനത്തിൽ അവതരിപ്പിക്കുവാനായി ഹദ്റത്ത് മസീ ഹ് മൗഊദ്(അ) ഒരു പ്രബന്ധം തയ്യാറാക്കിയിരുന്നു. ആ പ്രബന്ധം മറ്റു പ്രബന്ധങ്ങളിൽ വെച്ച് ഏറ്റവും മികച്ചതാ യിരിക്കുമെന്ന് അല്ലാഹു എന്നെ അറിയിച്ചിരിക്കുന്നുവെന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ) ജലസക്ക് മുമ്പേതന്നെ വിളംബരപ്പെടുത്തിയിരിരുന്നു. ഹദ്റത്ത് മൗലവി അബ്ദു ൽ കരീം സാഹിബ് സിയാൽകോട്ടി പ്രബന്ധം വായിച്ചു കേൾപ്പിച്ചപ്പോൾ എല്ലാവരും ഒന്നടങ്കം ഈ പ്രബന്ധം എ

ല്ലാത്തിലും വെച്ച് ഏറ്റവും മികച്ചതായിരുന്നുവെന്ന് സമ്മതിക്കുകയുണ്ടായി. ഇത് പിന്നീട് ഇസ്ലാമി ഉസൂൽ കി ഫിലോസഫി (ഇസ്ലാമത തത്വജ്ഞാനം) എന്ന പേരിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

**137. രണ്ട് ആടുകൾ അറുക്കപ്പെടും ' شَاتَانِ تُذْبَحَانِ' എന്ന മസീഹ് മൗഊദി(അ)ന്റെ പ്രവചനത്തിന്റെ വിവക്ഷ എന്ത്?**

ഇതിൽ ഹദ്റത്ത് മൗലവി അബ്ദുർറഹ്മാൻ സാഹിബിന്റേയും ഹദ്റത്ത് അബ്ദുലത്തീഫ് സാഹിബിന്റേയും അതിദാരുണമായ രക്തസാക്ഷിത്വമാണ് സൂചിപ്പിക്കപ്പെട്ടിരുന്നത്. ഈ രണ്ടു മഹാത്മാക്കളും അഹ്മദി ആയതിന്റെ പേരിൽ അഫ്ഗാനിസ്ഥാനിൽ ശഹീദ് ആക്കപ്പെട്ടു. (1903 ജൂലൈ)

**138. ഹദ്റത്ത് മസീഹ് മൗഊദിന്ന് ഉണ്ടായ ഇന്നീ ഉഹാഫിളു കുല്ലമൻഫിദ്ദാർ "اِنِّیْ اُحَافِظُ کُلَّ مَنْ فِی الدَّارِ" എന്ന ഇൽഹാം ഏത് കാര്യവുമായി ബന്ധപ്പെട്ടിട്ടുള്ളതാണ്?**

ഹുസൂറിന്റെ വീട്, ദാറുൽ മസീഹിൽ താമസിക്കുന്ന മുഴുവൻ ആളുകളും മറ്റു വിശ്വസ്തരും മസീഹ് മൗഊദിനോട് കൂറ് പുലർത്തുകയും ചെയ്യുന്ന അഹ്മദികളും പ്ലേഗ് രോഗത്തിൽ നിന്നും സുരക്ഷിതരായിരിക്കുമെന്ന കാര്യവുമായി ബന്ധപ്പെട്ടിരിക്കുന്നു.

**139. ഹദ്റത്ത് മസീഹ് മൗഊദിന്റെ പ്രവചനപ്രകാരം മരണപ്പെട്ട അഞ്ച് എതിരാളികളുടെ പേര് വർഷ സഹിതം എഴുതുക?**

1. പാതിരി അബ്ദുല്ലാഹ് ആഥിം..1896
2. പണ്ഡിറ്റ് ലേഖ്റാം പിശാവരി..1897
3. മുൻശി ഇലാഹിബക്ശ് എക്കൗണ്ടന്റ് ലാഹോർ..1907
4. സഅദുല്ലാഹ് ലുധിയാനവി..1907
5. ഡോക്ടർ അലക്സാണ്ടർ ഡൂയി, അമേരിക്ക..1907

**140. ഹദ്റത്ത് മസീഹ് മൗഊദിന്ന് ഉണ്ടായിട്ടുള്ള അറബി, ഫാർസി, ഇംഗ്ലീഷ്, ഉറുദു, പഞ്ചാബി എന്നീ ഭാഷകളിലെ ഓരോ ഇൽഹാം എഴുതുക?**

1. അറബി ഇൽഹാം: "اَلَيْسَ اللّٰهُ بِكَافٍ عَبْدَهٗ" അലയ്സല്ലാഹു ബികാഫിൻ അബ്ദഹു..അല്ലാഹു തന്റെ ദാസന്ന് മതിയായവനല്ലേ.

2. ഫാർസി ഇൽഹാം: "مکن تکیہ بر عمر ناپائیدار" അർത്ഥം: നശ്വരമായ ഈ ജീവിതത്തിൽ വിശ്വാസമർപ്പിക്കരുത്.

3. ഇംഗ്ലീഷ് ഇൽഹാം: "I Shall Give You a Large Party Of Islam"

4. ഉറുദു ഇൽഹാം: "دنیا میں ایک نذیر آیا پر دنیا نے اس کو قبول نہ کیا لیکن خدا اسے قبول کرے گا اور بڑے زور آور حملوں سے اس کی سچائی ظاہر کر دے گا۔"

അർത്ഥം: ലോകത്ത് ഒരു താക്കീതുകാരൻ വന്നു പക്ഷെ ലോകർ അദ്ദേഹത്തെ സ്വീകരിച്ചില്ല എന്നാൽ അല്ലാഹു അദ്ദേഹത്തെ സ്വീകരിക്കുകയും അദ്ദേഹത്തിന്റെ സത്യസാക്ഷ്യം ശക്തിമത്തായ ആക്രമണങ്ങളോടുകൂടി വെളിപ്പെടുത്തുകയും ചെയ്യുന്നതാണ്.

5. പഞ്ചാബി ഇൽഹാം: "جے توں میرا ہو رہیں سب جگ تیرا ہو۔"
ജേ തൂ മേരാ ഹോ റഹേ സബ്ജഗ് തേരാ ഹോ...
അർത്ഥം: നീ എന്റേതായിത്തീരുകയാണെങ്കിൽ മുഴുലോകവും നിന്റേതായിതീരും.

**141. ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്ന് റസൂൽ കരീം (സ) മിനോടുള്ള സ്നേഹം വെളിപ്പെടുത്തുന്ന അറബി, ഫാർസി, ഉറുദു കവിതാ ശകലങ്ങൾ പറയുക?**

1.അറബി കവിതാ ശകലം: جِسْمِیْ يَطِيْرُ اِلَيْكَ مِنْ شَوْقٍ عَلَا
يَالَيْتَ كَانَتْ قُــــوَّةُ الطَّيَرَان

അർത്ഥം: ആവേശത്തള്ളിച്ചയാൽ അങ്ങയുടെ സന്നിധിയിലേക്ക് പറന്നെത്തുന്നതിന്ന് എന്റെ ദേഹം വെമ്പൽ കൊള്ളുകയാ

ണ്. അഹോ, എനിക്ക് പറക്കാനുള്ള കെൽപുണ്ടായിരുന്നെങ്കിൽ എന്ന് ഞാൻ ആശിച്ചു പോകുന്നു.

2. ഫാർസി കവിതാ ശകലം:

بعد از خدا بعشق محمدؐ مخمرم
گر کفر ایں بود بخدا سخت کافرم

അർത്ഥം: അല്ലാഹുവിനോടുള്ള എന്റെ സ്നേഹത്തിന്നും അനുരാഗത്തിനും ശേഷം ഞാൻ മുഹമ്മദ് മുസ്തഫാ (സ) തിരുമേനിയോടുള്ള സ്നേഹത്തിന്റേയും അനുരാഗത്തിന്റേയും ഉന്മാദലഹരിയിലാണ്, ആരെങ്കിലും ഇതിനെ കുഫ്ർ എന്ന് വിളിക്കുകയാണെങ്കിൽ, അല്ലാഹുവാണെ സത്യം ഞാൻ തന്നെ ഏറ്റവും വലിയ കാഫിർ.

3. ഉറുദു കവിതാ ശകലം:

ربط ہے جان محمدؐ سے مری جاں کو مدام
دل کو وہ جام لبالب ہے پلایا ہم نے

അർത്ഥം: എന്റെ ജീവൻ റസൂൽ കരീം (സ അ)ന്റെ ജീവനിലൂടെ ലഭിക്കുന്ന ആത്മീയ ബന്ധമാകുന്ന വീഞ്ഞ് കൊണ്ടാണ് നിലനിൽക്കുന്നത്. ആ വീഞ്ഞ് ഞാൻ മതിവരുവോളം എന്റെ ഹൃദയത്തെ കുടിപ്പിച്ചിട്ടുണ്ട്.

**142. മസീഹ് മൗഊദിന്ന് ഖുർആനോടുള്ള പ്രേമവും സ്നേഹവും സൂചിപ്പിക്കുന്ന ഒരു കവിതാ ശകലം എഴുതുക?**

دل میں یہی ہے ہر دم تیرا صحیفہ چوموں
قرآں کے گرد گھوموں کعبہ مرا یہی ہے

അർത്ഥം: എന്റെ ഹൃദയത്തിൽ എപ്പോഴും ഒരേ ഒരു ആഗ്രഹവും ചിന്തയും മാത്രമേ ഉള്ളൂ. അത് നിന്റെ തിരുഗ്രന്ഥം ചുംബിക്കുക എന്നതാണ്. മാത്രമല്ല ഞാൻ അതിനെ വലംവെക്കാനും ആഗ്രഹിക്കുന്നു. കാരണം ഈ ഖുർആൻ തന്നെയാണ് എന്റെ കഅബ.

**143. ഹദ്റത്ത് മസീഹ് മൗഊദിന്ന് ഇൽഹാമിലൂടെ ലഭിച്ച തും കൂടുതലായി ഉരുവിട്ട് കൊണ്ടിരിക്കണമെന്ന് നിർദ്ദേശി ക്കുകയും ചെയ്ത ഒരു ദുആ ഏത്?**

رَبِّ كُلُّ شَيْءٍ خَادِمُكَ رَبِّ فَاحْفَظْنِيْ وَانْصُرْنِيْ وَارْحَمْنِيْ۔

അർത്ഥം: എന്റെ നാഥാ, എല്ലാ വസ്തുക്കളും നിന്റെ സേവക രാണ്. എന്റെ നാഥാ എന്നെ സംരക്ഷിച്ചാലും എന്നെ സഹാ യിച്ചാലും എന്നിൽ കരുണ ചൊരിഞ്ഞാലും.

**144. جَرِيُّ اللّٰهِ فِيْ حُلَلِ الْاَنْبِيَآءِ (ജരിയുല്ലാഹി ഫീ ഹുലലിൽ അമ്പി യാഅ്) എന്ന് പറഞ്ഞത് ആരെ കുറിച്ചാണ്? എന്തുകൊണ്ട്?**

അർത്ഥം: അല്ലാഹുവിന്റെ ഗുസ്തിക്കാരൻ (ഫയൽവാൻ) പ്ര വാചകരുടെ വേഷത്തിൽ എന്ന ഈ വിശേഷണം അല്ലാഹു വാണ് ഇൽഹാം മുഖേന ഹദ്റത്ത് മസീഹ് മൗഊദിന്ന് നൽകിയത്. ഹദ്റത്ത് നബികരീം(സ) യുടെ ശിഷ്യത്വത്തിലൂടെ ഹുസൂർ മുഴുവൻ പ്രവാചകരുടേയും പ്രതിബിംബമായത് കൊണ്ടാണ് ഇങ്ങിനെ പറഞ്ഞത്.

**145. താഴെ കൊടുത്തിരിക്കുന്ന ഫാർസി കവിതാശകലം ആരെ കുറിച്ചാണ്.അതെങ്ങിനെ പുലർന്നു?**

الا اے دشمنِ نادان و بے راہ
بترس از تیغِ برّانِ محمدؐ

അർത്ഥം: അല്ലയോ വിഡ്ഢിയും വഴികേടിലായവനുമായ ശ ത്രോ! ....തുണ്ടം തുണ്ടമാക്കുന്ന മുഹമ്മദി(സ)ന്റെ വാളിനെ ഭയപ്പെട്ടുകൊൾക.

പണ്ഡിറ്റ് ലേഖ്റാം പിശാവരിയെകുറിച്ചാണ് ഇത്. അയാൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പ്രവചനപ്രകാരം ദൈവി കഹസ്തങ്ങളാൽ വധിക്കപ്പെടുകയുണ്ടായി.

**146. ഏതു പട്ടണത്തേയാണ് തന്റെ രണ്ടാം സ്വദേശമായി ഹദ്റത്ത് മസീഹ് മൗഊദ് (അ) നിശ്ചയിച്ചത്?**
സിയാൽകോട്ട്.

**147. ഹദ്റത്ത് മസീഹ് മൗഊദ്(അ) കപൂർത്തലയെകുറിച്ചും കപൂർത്തല ജമാഅത്തിനെകുറിച്ചും പറഞ്ഞത്?**
ഹുസൂർ പറഞ്ഞു. കപൂർത്തല ഖാദിയാന്റെ ഒരു മഹല്ലയാണ് എന്നത്രെ ഹുസൂർ അരുളിയത്. പിന്നീട് കപൂർത്തല ജമാഅത്തംഗങ്ങൾക്ക്  എഴുതി, ഖിയാമത്ത് നാളിൽ നിങ്ങൾ എന്നോടൊപ്പമായിരിക്കുമെന്ന് ഞാൻ പ്രത്യാശിക്കുന്നു. കാരണം ഈ ലോകത്ത് നിങ്ങൾ എന്നോടൊപ്പംനിന്നു കൊണ്ട് എന്നെ സഹായിച്ചു.

**148. ഹദ്റത്ത് മസീഹ് മൗഊദി (അ)ന്റെ അഞ്ച് സഹാബികളുടെ പേര് പറയുക?**
1. ഹദ്റത്ത് മുഫ്തി മുഹമ്മദ് സാദിഖ് സാഹിബ്.(റ)
2. ഹദ്റത്ത് മൗലാനാ ശേർ അലി സാഹിബ്. (റ)
3. ഹദ്റത്ത് മൗലാനാ സയ്യിദ് മുഹമ്മദ് സർവർ ശാഹ് സാഹിബ്. (റ)
4. ഹദ്റത്ത് ശേഖ് യഅ്ഖൂബ് അലി ഇർഫാനി സാഹിബ്. (റ)
5. ഹദ്റത്ത് ഹാഫിള് റോശൻ അലി സാഹിബ്. (റ)

**149. ഖാദിയാനിൽ നിന്നുള്ള ഹിജ്റ(പലായനം)ത്തിനെകുറിച്ചും തിരിച്ചുവരവിനെകുറിച്ചും ഹദ്റത്ത് മസീഹ് മൗഊദി(അ)നുണ്ടായ രണ്ട് ഇൽഹാമുകൾ പറയുക?**
1. ''داغِ ہجرت'' ദാഗെ ഹിജ്റത്  (ഹിജ്റത്തിന്റെ ദു:ഖം)
2. ''اِنَّ الَّذِیْ فَرَضَ عَلَیْکَ الْقُرْآنَ لَرَآدُّکَ اِلٰی مَعَادٍ''
അർത്ഥം: ഖുർആൻ നിനക്ക് നിയമമാക്കി കൽപിച്ചവൻ തീർ

ച്ചയായും നിന്നെ പ്രത്യാഗമന സ്ഥാനത്തേക്ക് തിരിച്ചെത്തി ക്കുന്നവനാണ്.

150. ഹദ്റത്ത് മസീഹ് മൗഊദിന്റെ ഏതെങ്കിലും പത്ത് പു സ്തകങ്ങളുടെ പേർ പറയുക?
1.സുർമ ചശ്മെ ആരിയ
2.തൗസീഹെ മറാം
3.ആയിനയെ കമാലാത്തെ ഇസ്ലാം
4.ഫത്ഹെ ഇസ്ലാം
5.ഇസാലെ ഔഹാം
6.ഹഖീഖത്തുൽ വഹ്യ്
7.ഇഅ്ജാസുൽ മസീഹ്
8.മസീഹ് ഹിന്ദുസ്ഥാൻ മെ
9.തുഹ്ഫ ഗോൾഡ്ഡവിയ
10.കിശ്തീ നൂഹ്

**151. ബറകാത്തു ദുആ എന്ന ഗ്രന്ഥം ആരുടെ വീക്ഷണത്തെ ഖണ്ഡിച്ചുകൊണ്ടാണ് രചിച്ചത്?**
സർ സയ്യിദ് അഹ്മദ് ഖാൻ സാഹിബിന്റെ ഒരു വീക്ഷണത്തെ ഖണ്ഡിച്ചുകൊണ്ടാണ് ഹുസൂർ ആ ഗ്രന്ഥം രചിച്ചത്. ക്രിസ് താബ്ദം 1893 എപ്രിൽ മാസമാണ് രചിച്ചത്.

**152.ജംഗെ മുഖദ്ദസ് എന്നാൽ എന്ത്?**
1893..ൽ അമൃതസറിൽ വെച്ച് ഹദ്റത്ത് മസീഹ് മൗഊദും(അ) പാതിരി അബ്ദുല്ലാഹ് ആഥിം എന്നയാളും എഴുത്തിലൂടെയും പ്രസംഗത്തിലൂടെയും നടത്തിയ വാദപ്രതിവാദത്തെയാണ് ജംഗെ മുഖദ്ദസ് എന്ന് പറയുന്നത്.

**153. അഹ്മദിയ്യാ ജമാഅത്തിന്റെ ആദ്യകാലത്തെ ഏത് രണ്ട്**

**പത്രങ്ങളെയാണ് മസീഹ് മൗഊദ്(അ) ജമാഅത്തിന്റെ രണ്ട് ഹസ്തങ്ങളായി വിശേഷിപ്പിച്ചത്?**
അൽ ഹകം.......അൽ ബദ്ർ

**154. ഉറുദുവിലും ഇംഗ്ലീഷിലുമുള്ള റിവ്യു ഓഫ് റിലിജിയൻസ് എന്ന് മുതലാണ് ആരംഭിച്ചത്?**
1902 ജനുവരിയിൽ

**155. മിനാരത്തുൽ മസീഹിന്റെയും ബൈത്തുദ്ദുആയുടെയും തറക്കല്ല് ഇട്ടതാര്? എപ്പോൾ?**
1903 മാർച്ച് 13ന്, ഹദ്റത്ത് മസീഹ് മൗഊദ് (അ)

**156. ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്റെ ഫാർസി കവിതയിൽ ശേഖ് അജം എന്ന് ആരേയാണ് സൂചിപ്പിച്ചത്?**
ഹദ്റത്ത് സാഹിബ് സാദാ അബ്ദുൽ ലത്തീഫ് സാഹിബ് ശഹീദിനെ. അദ്ദേഹം 1903 ജൂലായ് 16നു അഫ്ഗാനിസ്ഥാനിൽ ശഹീദാക്കപ്പെട്ടു.

**157. ഹദ്റത്ത് മൗലാനാ അബ്ദുൽ കരീം സാഹിബ് സിയാൽ കോട്ടി(റ)ളും ഹദ്റത്ത് മൗലവി ബുർഹാനുദ്ദീൻ സാഹിബ് ജഹ്ലമി(റ) യും എപ്പോഴാണ് വഫാത്തായത്?**
ഹദ്റത്ത് മൗലാനാ അബ്ദുൽ കരീം സാഹിബ് സിയാൽകോട്ടി (റ)* 1905 ഒക്ടോബർ 11നും ഹദ്റത്ത് മൗലവി ബുർഹാനുദ്ദീൻ സാഹിബ് ജഹ്ലമി(റ)* 1905 സപ്തബർ 3നും.

---

***ഹദ്റത്ത് മൗലാനാ അബ്ദുൽ കരീം സാഹിബ് സിയാൽകോട്ടി(റ)**: ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സംപ്രീതശിഷ്യനായിരുന്ന ഈ സഹായിയുടെ വേർപാട് ഹുസൂറിനെ ഏറെ വേദനിപ്പിച്ചിരുന്നു. ഇദ്ദേഹമാണ് ഇസ്ലാം മതതത്ത്വജ്ഞാനമെന്ന ഹുസൂറിന്റെ പ്രബന്ധം സർവ്വമതസമ്മേളനത്തിൽ അവതരിപ്പിച്ചത്. അഗാധപാണ്ഢിതനായിരുന്ന ഇദ്ദേഹത്തിന്റെ വേർപാടാണ് ജാമിഅ അഹ്മദിയ്യാ ആരംഭിക്കാൻ നിമിത്തമായത്. ബഹിശ്തി മഖ്ബറയിൽ ഏറ്റവും ആദ്യം ഖബറക്കപ്പെട്ടത് ഇദ്ദേഹമാണ്.
**ഹദ്റത്ത് ബുർഹാനുദ്ദീൻ സാഹിബ് ജഹ്ലവി(റ)** : ഹദ്റത്ത് മസീഹ് മൗഊദ്(അ) ന്റെ സംപ്രീത ശിഷ്യനാ

**158. സദർ അഞ്ചുമൻ അഹ്മദിയ എപ്പോൾ നിലവിൽ വന്നു?**

1906 ജനുവരി 29ന്

**159. ജീവിതം വഖ്ഫ് ചെയ്യുവാൻ വേണ്ടി വ്യവസ്ഥാപിതമായ രീതിയിലുള്ള ആഹ്വാനം ജമാഅത്തിൽ എപ്പോഴാണ് ഉണ്ടായത്?**

1907 സപ്തബറിൽ

**160. ബഹിശ്തീ മഖ്ബറയുടെ ശിലാസ്ഥാപനം ഏതു വർഷമാണ് നടത്തിയത്?**

1905..ൽ

**161. ഹദ്റത്ത് മസീഹ് മൗഊദ് എപ്പോൾ വഫാത്തായി?**

1908 മെയ് 26ന് ലാഹോറിൽ വഫാത്തായി, 1908 മെയ് 27ന് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ ഖാദിയാനിൽ ബഹിശ്തീ മഖ്ബറയിൽ ജനാസ നമസ്കരിപ്പിക്കുകയും അവിടെ തന്നെ ഖബറടക്കം ചെയ്യുകയും ചെയ്തു.

**162. ഹദ്റത്ത് മസീഹ് മൗഊദ് (അ) അവസാനമായി എന്താണ് പറഞ്ഞത്?**

*അല്ലാഹ് മേരെ പ്യാരെ അല്ലാഹ്.....*
*അല്ലാഹുവേ എന്റെ പ്രിയപ്പെട്ട അല്ലാഹുവേ.*

☆☆☆

---

യിരുന്ന ഈ മഹാത്മാവ് അഹ്മദിയായ കാരണത്താൽ ശത്രുക്കളുടെ നിരവധി പീഢനങ്ങൾക്ക് ഇരയായി. ഒരിക്കൽ ശത്രുക്കൾ അദ്ദേഹത്തിന്റെ വായിൽ ചാണകം തിരുകകയുണ്ടായി. ഇദ്ദേഹത്തിന്റെ മരണവും ജാമിഅ അഹ്മദിയ്യാ തുടങ്ങാൻ ഹദ്റത്ത് മസീഹ് മൗഊദ്(അ) നെ പ്രേരിപ്പിച്ച ഘടകമാണ്.

# ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ (റ)

**163. ഹദ്റത്ത് മസീഹ് മൗഊദി(അ)ന്റെ ഒന്നാമത്തെ ഖലീഫ ആരായിരുന്നു? അദ്ദേഹം ജനിച്ചതെപ്പോൾ? എപ്പോഴാണ് ഖിലാഫത്ത് പദവിയിൽ അവരോധിതനായത്?**

ഹദ്റത്ത് മൗലാനാ ഹകീം നൂറുദ്ദീൻ സാഹിബ് ഭേരവി(റ) ഹിജ്റ 1256, ക്രിസ്താബ്ദം1841-ൽ ഭൂജാതരായി. 1908 മെയ് 27ന് ഖലീഫയായി തിരഞ്ഞെടുക്കപ്പെട്ടു.

**164. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വലിന്റെ മാതാപി താക്കളുടെ പേര് പറയുക?**

പിതാവ്-ഹാഫിസ് ഗുലാം റസൂൽ സാഹിബ്
മാതാവ്-നൂർബക്ത് സാഹിബ

**165. ഹുസൂറിന്ന് ഹജ്ജ് ചെയ്യുവാനുള്ള ഭാഗ്യം എപ്പോഴാണ് ലഭിച്ചത്?**

1865..ൽ

**166. വിദ്യാഭ്യാസത്തിന്ന് വേണ്ടി ഹുസൂറിന്ന് പല സ്ഥലങ്ങ ളിലേക്കും യാത്ര ചെയ്യേണ്ടിവന്നിട്ടുണ്ട്, ഏതാനും പട്ടണ ങ്ങളുടെ പേരു പറയുക?**

മക്ക മുക്കർറമ, മദീന മുനവ്വറ, ലാഹോർ, മുംബൈ, പിണ്ട്ദാ ദൻഖാൻ, റാവൽ പിണ്ടി, റാംപൂർ, ലക്നൗ, ഭോപാൽ.

**167. ഹുസൂർ, മസീഹ് മൗഊദിനെ എപ്പോഴാണ് ആദ്യമായി കണ്ടത്?**

1885-ൽ

**168. ഹദ്‌റത്ത് മസീഹ് മൗഊദ്(അ) ഹുസൂറിനെ സദ്ർ അഞ്ചുമൻ അഹ്മദിയായുടെ സദറായി എപ്പോഴാണ് നിശ്ചയിച്ചത്?**
1906 ജനുവരി 29ന്

**169. ഹദ്‌റത്ത് ഖലീഫത്തുൽ മസീഹ് അവ്വലിന്റെ ജീവചരിത്രവുമായി ബന്ധപ്പെട്ട് ആദ്യമായി ക്രോഡീകരിക്കപ്പെട്ട പുസ്തകമേത്?**
മിർഖാത്തുൽ യഖീൻ ഫീ ഹയാത്തി നൂറുദ്ദീൻ

**170. ഹുസൂറിന്റെ പ്രസിദ്ധമായ കൃതികൾ ഏതോക്കെയാണ്?**
1.ഫസ്‌ലുൽ കിതാബ് ലി മുഖദ്ദമത്തിൽ അഹ്‌ലുൽ കിതാബി
2.തസ്ദീഖ് ബറാഹീനെ അഹ്മദിയ്യാ
3.ഇബ്താലുൽ ഉലൂഹിയത്തെ മസീഹ്
4. നൂറുദ്ദീൻ

**171. ഹുസൂറിനെക്കുറിച്ച് ഹദ്‌റത്ത് മസീഹ് മൗഊദ്(അ) എഴുതിയ കവിതശകലങ്ങൾ ഏതാണ്?**

چہ خوش بودے اگر ہریک ز امت نور دیں بودے
ہمیں بودے اگر ہر دل پر از نورِ یقیں بودے

നമ്മുടെ സമുദായത്തിലെ എല്ലാ ഓരോരാളും നൂറുദ്ദീൻ ആയിരുന്നുവെങ്കിൽ എത്ര നന്നായേനേ. പക്ഷേ അത് സാധിക്കണമെങ്കിൽ അവരുടെ ഹൃദയം ദൃഢവിശ്വാസത്തിന്റെ പ്രകാശംകൊണ്ട് നിറഞ്ഞിരിക്കണം.

**172. ഹുസൂറിന്റെ അനുസരണത്തെക്കുറിച്ച് ഹദ്‌റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞതെന്ത്?**
എപ്രകാരം നാഡിമിടിപ്പ് ശ്വാസോച്ഛ്വാസത്തെ അനുസരിച്ച് പ്രവർത്തിക്കുന്നുവോ അപ്രകാരം അദ്ദേഹം എന്നെ എല്ലാ

കാര്യത്തിലും അനുസരിക്കുന്നു. (ആയിനയെ കമാലാത്തെ ഇസ്ലാം)

**173. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ(റ) എപ്പോഴാണ് ബൈത്തുൽ മാലിന്റെ സംവിധാനം ആരംഭിച്ചത്?**

1908 മെയ് 30ന്

**174. ഖാദിയാനിലെ തഅ്ലീമുൽ ഇസ്ലാം ഹൈസ്കൂൾ ബോഡിംഗിന്റെ ശിലാസ്ഥാപനം എപ്പോഴായിരുന്നു? ആരായിരുന്നു ആ കർമം നിർവ്വഹിച്ചത്?**

1910ൽ, ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ(റ)

**175. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ (റ) വഫാത്ത ായതെപ്പോൾ?**

1914 മാർച്ച് 13 ന്

**176. ഒന്നാം ഖിലാഫത്ത് കാലത്ത് നടപ്പിൽ വരുത്തിയ പ്രധാന പദ്ധതികൾ എന്തൊക്കെ?**

1. മുബല്ലിഗുമാരുടെ നിയമനം വ്യവസ്ഥാപിത രീതിയിലാക്കി. ആദ്യം ഈ രീതിയിൽ ചൗധരി ഫത്ഹ് മുഹമ്മദ് സാഹിബ് സിയാൽ യുറോപ്പിൽ മുബല്ലിഗായി നിയമിക്കപ്പെട്ടു.
2. ബൈത്തുൽ മാൽ സ്ഥാപിതമായി.
3. ലങ്കർ ഖാന ഔപചാരികമായ രീതിയിൽ പ്രവർത്തനസജ്ജമായി.
4.നൂർ, അൽഹഖ് എന്നീ പത്രങ്ങളുടെ പ്രസിദ്ധീകരണം ആരംഭിച്ചു.(നൂർ സിക്കുകാരിൽ തബ്ലീഗ് ചെയ്യുവാനും, അൽഹഖ് ഹിന്ദുക്കളിൽ തബ്ലീഗ് ചെയ്യുവാനും വേണ്ടിയായിരുന്നു)
5. വ്യവസ്ഥാപിതമായി മദ്രസ അഹ്മദിയ സ്ഥാപിക്കപ്പെട്ടു.
6. ഖാദിയാനിൽ പബ്ലിക്ക് ലൈബ്രറി ആരംഭിച്ചു.

**177. അൽഫസൽ ദിനപത്രം ആരംഭിച്ചതെപ്പോൾ? ആദ്യ എഡിറ്റർ ആരായിരുന്നു?**

1913 ജൂൺ 18ന്, ആദ്യ എഡിറ്റർ ഹദ്റത്ത് സാഹിബ് സാദാ മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് സാഹിബ് ആയിരുന്നു. ആരംഭത്തിൽ ഇത് വാരികയായിരുന്നു. പിന്നീട് മൂന്ന് ദിവസത്തിലൊരിക്കൽ ആക്കി. അതിന്ന് ശേഷം 1935 മാർച്ച് 8നാണ് ദിനപത്രമാക്കുന്നത്.

**178. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വലിന്റെ തഫ്സീറുൽ ഖുർആൻ ഏത് പേരിലാണ് പ്രസിദ്ധീകരിച്ചത്?**

ഹഖാഇഖുൽ ഫുർഖാൻ.

☆☆☆

# ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി (റ)

**179. രണ്ടാം ഖിലാഫത്ത് ആരംഭിച്ചത് എപ്പോൾ?**
1914 മാർച്ച് 14 ൽ

**180. റസൂൽ കരീം(സ)ന്റെ ഏത് പ്രവചനത്തിന്റെ സാക്ഷാൽകാരമാണ് ഖലീഫത്തുൽ മസീഹ് സാനി(റ)?**
യത്തസവ്വജു വയൂലദു ലഹു- അതായത് വാഗ്ദത്ത മസീ ഹ് വരാനിരിക്കുന്ന ഇമാം മഹ്ദി വിവാഹം കഴിക്കും. അദ്ദേഹത്തിന്ന് അതിമഹത്തായ സന്താനങ്ങൾ ഉണ്ടാകും.

**181. ഖലീഫത്തുൽ മസീഹ് സാനി(റ) ജീവിതം വഖഫ് ചെയ്യുന്നതിന്ന് വേണ്ടി എപ്പോഴാണ് ആദ്യമായി ആഹ്വാനം ചെയ്തത് ?**
1917 ഡിസംബർ 7ന്

**182. സദ്ർ അഞ്ചുമൻ അഹ്മദിയായിൽ എപ്പോഴാണ് വിവിധ വകുപ്പുകൾ(നസാറത്ത്) സ്ഥാപിതമായത്?**
1919 ജനുവരി 1ന്

**183. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി(റ) എത്ര വിദേശപര്യടനം നടത്തി? ഏതൊക്കെ വർഷം?**
രണ്ട് വിദേശ പര്യടനങ്ങൾ. ആദ്യപര്യടനം 1924ൽ ആയിരുന്നു, ലണ്ടനിലെ വിംബ്ലെ സമ്മേളനത്തിൽ പങ്കെടുക്കാനാണ് പോയത്. ആ സമ്മേളനത്തിൽ അഹ്മദിയ്യത്ത് അഥവാ യഥാർഥ ഇസ്ലാം എന്ന പേരിൽ വളരെ വിശദവും ഗഹനവുമായ ഒരു പ്രബന്ധം അവതരിപ്പിച്ചു. പിന്നീട് അത് പുസ്തകരൂപത്തിൽ

പ്രസിദ്ധീകരിച്ചിട്ടുണ്ട്. ലണ്ടനിലേക്ക് പോകുന്ന വഴി ഈജിപ്ത്, സിറിയ, ഫലസ്തീൻ, എന്നി രാജ്യങ്ങളിൽ തങ്ങിയിരുന്നു. രണ്ടാം പര്യടനം- 1955 ലായിരുന്നു. ചികിൽസാർത്ഥം യുറോപ്പിലേക്ക് പോയി.

**183A. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി(റ) ഹജ്ജ് ചെയ്തത് എപ്പോൾ?**
1912ൽ

**184. ഹദ്റത്ത് മുസ്ലീഹ് മൗഊദ്(റ) വിദേശത്ത് ഏത് പള്ളിയുടെ ശിലാസ്ഥാപനകർമമാണ് സ്വന്തം കൈകളാൽ നിർവ്വഹിച്ചത്?**
മസ്ജിദ് ഫസ്ൽ ലണ്ടൻ, വിദേശത്ത് നിർമ്മിക്കപ്പെടുന്ന ആദ്യപള്ളിയാണ് ഇത്. 1924ൽ ശിലാസ്ഥാപനം നടന്നു. 1926ൽ പള്ളി നിർമ്മാണം പൂർത്തിയായി.

**185. അഹ്മദി സ്ത്രികളുടെ വാർഷിക സമ്മേളനത്തിന്ന് തുടക്കം കുറിച്ചതെപ്പോൾ?**
1926 ഡിസമ്പർ

**186. ഹുസൂറിന്റെ നിർദ്ദേശപ്രകാരം ഭാരതത്തിൽ അങ്ങോളമിങ്ങോളം യൗമെ സീറത്തുനബി (നബി കീർത്തനയോഗം) ജലസ ആദ്യമായി എപ്പോഴാണ് നടത്തിയത്?**
1928 ജൂൺ 17ന്

**187. ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) തന്റെ രണ്ടാമത്തെ സ്വദേശമായി ഏത് പട്ടണത്തേയാണ് വിശേഷിപ്പിച്ചത്?**
ലാഹോർ (അൽഫസ്ൽ, 1947 ഡിസംബർ 16)

**188. മുസ്ലിഹ് മൗഊദ് ആണെന്നതിലേക്ക് ഹുസൂറിന്ന് ഉണ്ടായ ഇൽഹാം എന്തായിരുന്നു? താൻ മുസ്ലിഹ് മൗഊദ് ആണെന്ന് പ്രഖ്യാപിച്ചതെപ്പോൾ?**

اَنَــاالْـمَسِيْــحُ الْـمَــوْعُــوْدُ مَثِيْــلُــهٗ وَخَلِيْفَتُــهٗ۔

1944 ജനുവരി 28, അനൽ മസീഹുൽ മൗഊദു വ മസീലുഹുവ ഖലീഫത്തുഹു.

**189. തഅ്ലീമുൽ ഇസ്ലാം കോളേജ് ഖാദിയാൻ ഉദ്ഘാടനം എപ്പോൾ ആര് നടത്തി?**

1944 ജൂൺ 4ന്, ഹദ്റത്ത് മുസ്ലിഹ് മൗഊദ് (റ).

**190. ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ)ന്റെ ഏതാനും ഗ്രന്ഥങ്ങളുടെ പേരു പറയുക?**

*ദഅ്വത്തുൽ അമീർ. *തഅല്ലുഖ് ബില്ലാഹ്.
*ഹസ്തിബാരി തആല. *മിൻഹാജുത്താലിബീൻ.
*മലായികത്തുല്ലാഹ്. *നിസാമെ നൗ.
*ഇസ്ലാം കാ ഇഖ്തിസാദി നിസാം.
*സീറത്ത് ഖൈറുർ റുസൂൽ. *ആയിനയെ സദാഖത്ത്
*തഫ്സീർ സഗീർ. *തഫ്സീർ കബീർ.
*തക്ദീറെ ഇലാഹി

**191. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി വഫാത്തായതെപ്പോൾ?**

1965 നവംബർ 7-8 രാത്രി മദ്ധ്യേ

**192. ഇന്ത്യക്ക് പുറത്ത് ആദ്യത്തെ തബ്ലീഗ് കേന്ദ്രം ആരാണ് തുറന്നത്, എപ്പോൾ?**

ഹദ്റത്ത് ചൗധരി ഫത്ഹ് മുഹമ്മദ് സാഹിബ് സിയാൽ 1914

ജൂൺ 28ന് ലണ്ടനിലാണ് ആദ്യ തബ്ലീഗ് കേന്ദ്രം തുറന്നത്.

**193. മജ്ലിസെ മുശാവറാത്ത് ഔപചാരികമായി ആരംഭിച്ച തെപ്പോൾ?**

1922 എപ്രിൽ 15-16 തിയ്യതികളിൽ

**194. ഹിജ്രി ശംസി കലണ്ടറിന്ന്ആരംഭം കുറിച്ചതാര്? മാസങ്ങളുടെ പേരും, ആ പേര് കൊടുക്കാനുള്ള കാരണ വും വിവരിക്കുക?**

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി(റ) 1940-ൽ ആണ് ഇതിന്ന് ആരംഭം കുറിച്ചത്. അതിലെ മാസങ്ങളുടെ പേര് ഇസ്ലാമിക ചരിത്രത്തിലെ പ്രസിദ്ധമായ ഓരോ സംഭവങ്ങളെ സൂചിപ്പിക്കുന്നു. അത് താഴെപറയുന്നവയാണ്..

1.**സുൽഹ് :** ജനുവരി. ഈ മാസം മക്കകാരുമായി നബിതിരുമേ നി ഹുദൈബിയ സന്ധി ഉണ്ടാക്കി. (സുൽഹ്..ഹുദൈബിയ)

2.**തബ്ലീഗ് :** ഫിബ്രവരി. റസൂൽ തിരുമേനി രാജാക്കന്മാർക്ക് തബ്ലീഗ് ചെയ്തുകൊണ്ട് കത്തയച്ചു

3.**അമാൻ :** മാർച്ച്. ഹജ്ജത്തുൽ വിദാഅ് അവസരത്തിൽ നബി കരീം(സ) ജനങ്ങളുടെ ജീവനും, സ്വത്തും, അഭിമാനവും ആഭി ജാത്യവും പരസ്പരം നിഷിദ്ധമാക്കി പ്രഖ്യാപിക്കുകയും അതിന് സംരക്ഷണം(അമാൻ) വിളംബരപ്പെടുത്തുകയും ചെയ്തു.

4.**ശഹാദത്ത് :** ഏപ്രിൽ. ഈ മാസം ഇസ്ലാമിന്റെ ശത്രുക്കൾ ചതിയിലൂടെ റജീഅ്, ബിഅ്ർ മഊന എന്നീ രണ്ട് സ്ഥലങ്ങ ളിൽ വെച്ച് 77 സഹാബികളെ ശഹീദാക്കി. ഈ പ്രദേശത്തെ ജനങ്ങൾ ഇസ്ലാം പഠിക്കാനായി മുഅല്ലിമുമാരെ അയക്കാനാ യി നബിതിരുമേനിയോട് അപേക്ഷിക്കുകയാണ് ചെയ്തത്. ബിഅ്ർ മഊനയിൽ ശഹീദാക്കപ്പെട്ട 69 പേർ ഹാഫിസ് ഖുർ ആൻ ആയിരുന്നു.

5.**ഹിജ്റത്ത് :** മെയ്. തിരുനബി (സ) മക്കയിൽ നിന്നും ഹിജ്റത്ത് ചെയ്ത് മദീനയിലേക്ക് പോയി

6.**ഇഹ്സാൻ :** ജൂൺ. ബനൂതയ്യിലെ പിടിക്കപ്പെട്ട തടവുകാർ ഹാത്തിം തായുമായി ബന്ധപ്പെട്ടവരാണെന്ന് മനസ്സിലായപ്പോൾ മുഹ്സിൻ ആയ നബികരീം(സ) അവരെ മോചിപ്പിച്ചു.

7.**വഫാ :** ജൂലായ്. ഈ മാസം ഗസ്‌വാ (യുദ്ധം) ദാതു റികാഅ്. ഉണ്ടായി. ദീർഘമായ യാത്രകാരണവും യാത്രാ മൃഗങ്ങളുടെ ദൗർലഭ്യവും കാരണവും സഹാബാക്കളുടെ കാലിന്ന് മുറിവ് പറ്റി. ചിലരുടെ നഖങ്ങൾ പറിഞ്ഞു പോയി. പക്ഷേ സഹാബാക്കൾ തികഞ്ഞ സഹനവും നബിതിരുമേനിയോട് അങ്ങേയറ്റത്തെ കൂറും കാണിച്ചു.

8.**സുഹൂർ :** ആഗസ്ത്. മൗതാ യുദ്ധത്തിലൂടെ അറബ് ലോകത്തിന്ന് വെളിയിൽ ഇസ്‌ലാമിന്റെ വിജയത്തിന്ന് നാന്ദികുറിച്ചു.

9.**തബൂക്ക് :** സപ്തമ്പർ. ഈ മാസം തബൂക്ക് യുദ്ധം ഉണ്ടായി

10.**ഇഖാഅ് :** ഒക്ടോബർ. ഇരു ലോകത്തിന്നും കാരുണ്യവാനായ നബിതിരുമേനി ഈ മാസം മക്കയിലെ മുഹാജിറുകൾക്കും മദീനയിലെ അൻസാറുകൾക്കുമിടയിൽ സാഹോദര്യ ബന്ധം സ്ഥാപിച്ചു.

11.**നുബൂവ്വത്ത് :** നവംമ്പർ. ഈ മാസം നബിതിരുമേനിയെ അല്ലാഹു തഅലാ പ്രവാചകത്വ പദവിയിൽ അവരോധിച്ചു.

12.**ഫതഹ് :** ഡിസംമ്പർ ഈ മാസം മക്കാ വിജയമുണ്ടാവുകയും എല്ലാവർക്കുമായി പൊതുമാപ്പ് പ്രഖ്യാപിക്കുകയും ചെയ്തു.

**195. ക്രിസ്താബ്ദം അറിയാമെങ്കിൽ ഹിജ്രി ശംസി വർഷം എങ്ങിനെ കണ്ടുപിടിക്കാം?**

ക്രിസ്താബ്ദം വർഷത്തിൽ നിന്ന് 621 കുറച്ചാൽ കിട്ടുന്നത് ഹിജ്രി ശംസി വർഷമായിരിക്കും. ഉദാഹരണത്തിന്ന് ക്രിസ്താബ്ദം 2014-ൽ നിന്ന് 621 കുറച്ചാൽ 1393. അതാണ് ഹിജ്രി ശംസി വർഷം.

**196. ഇന്ത്യൻ സ്വാതന്ത്ര്യത്തിനു മുമ്പ് കശ്മീർ മുസ്ലിമീം കളുടെ അവകാശ സംരക്ഷണത്തിന്നായി രൂപംകൊണ്ട കശ്മീർ കമ്മിറ്റിയുടെ ആദ്യ പ്രസിഡന്റ് (സദ്ർ) ആരായി രുന്നു?**
ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് സാഹിബ് ഖലീഫത്തുൽ മസീഹ് സാനി(റ), 1931 ജൂലായ് 15ന് സദ്റായി തിരഞ്ഞെടുക്കപ്പെട്ടു. ഈ മീറ്റിംങ്ങിൽ അല്ലാമാ ഇഖ്ബാൽ, സയ്യിദ് മുഹ്സിൻ ശാഹ്, സയ്യിദ് ഹബീബ്, ഖ്വാജാ ഹസൻ നിസാമി മുതലായവർ പങ്കെടുത്തിരുന്നു. അല്ലാമ ഇഖ്ബാ ലായിരുന്നു ഹുസൂറിന്റെ പേര് നിർദ്ദേശിച്ചത്.

**197. ജനാബ് മുഹമ്മദലി സാഹിബ് ജിന്ന മസ്ജിദ് ഫസൽ ലണ്ടനിൽ പ്രസംഗിച്ചതെപ്പോൾ?**
1933 ഏപ്രിൽ 23ന്

**198. ഖാദിയാനിലെ മസ്ജിദ് അഖ്സയിൽ ഹദ്റത്ത് ഖലീഫ ത്തുൽ മസീഹ് സാനി(റ) ആദ്യമായി ഉച്ചഭാഷിണി ഉപ യോഗിച്ച് ഖുതുബ നൽകിയതെപ്പോൾ?**
1938 ജനുവരി 7ന്

**199. ജമാഅത്തെ അഹ്മദിയായുടെ അമ്പതാം വർഷവും ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി(റ) ഖലീഫയായിട്ട് ഇരുപത്തഞ്ച് വർഷവും പൂർത്തിയായപ്പോൾ, ജൂബിലി എ പ്പോഴാണ് ആഘോഷിച്ചത്?**
1939..ൽ

**200. അഹ്മദിയാ പതാക ആദ്യമായി എപ്പോഴാണ് ഉയ ർത്തിയത്?**
ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) 1939 ഡിസംബർ 28നാണ്

ഖിലാഫത്ത് ജൂബിലിയുടെ അവസരത്തിൽ ആദ്യമായി അഹ് മദിയാ പതാക ഉയർത്തിയത്. പതാകയുടെ തുണി നെയ്യുവാനായി ആദ്യം പരുത്തി ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഒരു സഹാബിയാണ് കൃഷി ചെയ്തത്. പിന്നീട് കൃഷിക്ക് വെള്ളം കൊടുത്തതും പാകമായപ്പോൾ പറിച്ചു പരുത്തി കടഞ്ഞതും അദ്ദേഹം തന്നെയായിരുന്നു. അതിന്നു ശേഷം മസീഹ് മൗ ഊദിന്റെ സഹാബിയാത്ത് (സ്ത്രികൾ) നൂലുണ്ടാക്കി. ആ നൂലുകൊണ്ട് വീണ്ടും സഹാബാക്കൾ തുണി നെയ്തു. തുണിയുടെ നിറം കറുപ്പായിരുന്നു. നീളം 18 അടിയും വീതി 9 അടിയുമാണ് അളവ്. പതാകയുടെ മദ്ധ്യഭാഗത്ത് വെള്ള നിറത്തിൽ മിനാരത്തുൽ മസീഹും ഒരു ഭാഗം പൂർണ്ണ ചന്ദ്രനും മറ്റേ ഭാഗം ചന്ദ്രക്കലയും ഉണ്ടാക്കിയിരുന്നു. പൂർണ്ണ ചന്ദ്രന്റ കത്ത് ആറ് കോണുള്ള നക്ഷത്രവും ഉണ്ട്.

**201. ഖുദ്ദാമുൽ അഹ്മദിയായുടെ പതാക എപ്പോഴാണ് ഉയർത്തിയത്? ഇതു സംബന്ധമായി എന്തറിയാം?**

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി(റ) 1939 ഡിസമ്പർ 28-ാം തീയ്യതി അഹ്മദിയ്യ പതാക ഉയർത്തിയതിന്ന് ശേഷം ആദ്യമായി ഖുദ്ദാമുൽ അഹ്മദിയായുടെ പതാക തന്റെ തിരു കരങ്ങളാൽ ഉയർത്തുകയുണ്ടായി. ഈ പതാകയും 18 അടി നീളവും 9 അടി വീതിയുമുള്ളതായിരുന്നു. പതാകയുടെ മുന്നിൽ ഒരു ഭാഗത്ത് അഹ്മദിയാ പതാകയിലുള്ള ചിഹ്നങ്ങൾ ഉണ്ട്. ബാക്കി ഭാഗത്ത് കറുത്തതും വെളുത്തതുമായ 13 നീണ്ട വരകളും അടങ്ങിയിരിക്കുന്നു.

**202. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ഖാദിയാനിൽ നിന്ന് പാക്കിസ്ഥാനിലേക്ക് എപ്പോഴാണ് ഹിജ്റത്ത് (പലായനം) ചെയ്തത്?**

1947 ആഗസ്ത് 31ന്

**203. പാക്കിസ്ഥാനിൽ ആദ്യമായി മജ്ലിസെ മുശാവറത്ത് (കൂടിയാലോചനാ കമ്മിറ്റി) എപ്പോൾ സ്ഥാപിതമായി?**
1947 സപ്തംബർ 7ന്

**204. പാക്കിസ്ഥാനിൽ സദ്ർ അഞ്ചുമൻ അഹ്മദിയ നില വിൽ വന്നതെപ്പോൾ?**
1947 സപ്തമ്പർ 1ന്

**205. പാക്കിസ്ഥാനിൽ അഹ്മദിയ്യ ജമാഅത്തിന്റെ ആദ്യ വാർ ഷിക സമ്മേളനം (ജലസാ സാലാനാ) എപ്പോൾ എവിടെ നടന്നു?**
1947 ഡിസമ്പർ 27-28 തീയ്യതികളിൽ, ലാഹോറിൽ വെച്ച് ന ടന്നു.

**206.റബ്വക്ക് അസ്ഥിവാരം ഇട്ടത് ആര്? എപ്പോൾ?**
ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി(റ) താൻ കണ്ട ഒരു ദർശനത്തിന്റെ വെളിച്ചത്തിലും ഹദ്റത്ത് മസീഹ് മൗഊ ദി(അ)ന്റെ 'ദാഗെ ഹിജ്റത്ത്' എന്ന പ്രവചനത്തിന്റെ പൂർ ത്തീകരണത്തിനുമായി 1948 സപ്തമ്പർ 20നു റബ്വക്ക് അസ്ഥിവാരമിട്ടു.

**207. റബ്വയിൽ ആദ്യത്തെ വാർഷിക സമ്മേളനം എ പ്പോൾ നടന്നു?**
1949 ഏപ്രിൽ 15,16,17 തീയ്യതികളിൽ

**208. റബ്വയിൽ താഴെ പറയുന്ന കേന്ദ്ര ഓഫീസുകൾക്ക് എപ്പോഴാണ് തറക്കല്ലിട്ടത്?ആര്?**
1.ഖസ്റെ ഖിലാഫത്ത്
2.സദർ അഞ്ചുമൻ ഓഫീസുകൾ

3.തഹ്രീക് ജദീദിന്റെ ഓഫീസുകൾ
4.ലജ്ന ഇമായില്ലാഹ് ഓഫീസ്
ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി(റ) 1950 മെയ് 31നാണ് ഈ ഓഫീസുകൾക്കു തറക്കല്ലിട്ടത്.

**209. മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയായുടെ കേന്ദ്ര കമ്മിറ്റി ഓഫീസിന്ന് തറക്കല്ലിട്ടതും ഉദ്ഘാടനം നടത്തിയതും എപ്പോൾ?**
തറക്കല്ലിട്ടത് 1952 ഫിബ്രവരി 6നും, ഉദ്ഘാടനം 1952 ഏപ്രിൽ 5നുമാണ്.

**210. അഹ്മദിയ്യാവിരുദ്ധ പ്രക്ഷോഭവേളയിൽ ഹദ്റത്ത് സാഹിബ് സാദാ മിർസാ ശരീഫ് അഹ്മദ് സാഹിബിനെയും ഹദ്റത്ത് സാഹിബ് സാദാ മിർസാ നാസിർ അഹ്മദ് സാഹിബിനെയും അറസ്റ്റ് ചെയ്തതെപ്പോൾ?**
1953 ഏപ്രിൽ 1ന്

**211. ഹദ്റത്ത് മുസ്ലീഹ് മൗഊദ്(റ)വിനെ വധിക്കാൻ ശ്രമിച്ചതെപ്പോൾ? ആര്?**
റബ്വയിലെ മസ്ജിദ് മുബാറക്കിൽ 1954 മാർച്ച് 10ന് അസർ നമസ്കാരസമയത്ത് അബ്ദുൽഹമീദ് എന്ന് പേരുള്ള ഒരാളാണ് വധശ്രമംനടത്തിയത്.

**212. ഹുസൂർ രണ്ടാം യൂറോപ്യൻ പര്യടനത്തിനായി കറാച്ചിയിൽ നിന്ന് എപ്പോഴാണ് പുറപ്പെട്ടത്?**
1955 ഏപ്രിൽ 29ന്

**213. ഹുസൂർ പ്രഖ്യാപിച്ച ഏതാനും ചില പദ്ധതികളും ആഹ്വാനങ്ങളും എഴുതുക?**

തഹ്രീക് ജദീദ്, വഖ്ഫെ ജദീദ്, ജീവിതം വഖ്ഫ് ചെയ്യാനുള്ള ആഹ്വാനം, മജ്ലിസ് അൻസാറുല്ലാഹ്, മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യ, അത്ഫാലുൽ അഹ്മദിയ്യ, ലജ്ന ഇമാഇല്ലാഹ്, നാസിറാത്തുൽ അഹ്മദിയ്യ.

**214. തഹ്രിക് ജദീദിന്ന് എപ്പോഴാണ് ആരംഭം കുറിച്ചത്? അതിന്നുവേണ്ടി ജീവിതത്തിൽ നടപ്പിൽ വരുത്തേണ്ട എത്ര ആവശ്യങ്ങൾ ഉണ്ട്?**

1934.ൽ,മൊത്തം 27 ആവശ്യങ്ങൾ

ഉദാഹരണമായി 1.എളിയ ജീവിതം, 2.ജീവിതം വഖഫ് ചെയ്യുക 3.വഖാറെ അമൽ മുതലായവ

**215. തഹ്രീകെ ജദീദിന്റെ ആദ്യവർഷം ഹുസൂർ ആവശ്യപ്പെട്ട സംഖ്യ എത്രയായിരുന്നു? ജമാഅത്ത് നൽകിയത് എത്ര?**

ആവശ്യപ്പെട്ടത് 27000 രൂപയായിരുന്നു. ജമാഅത്ത് ഒരു ലക്ഷത്തിനാലായിരം(1,04,000) രൂപയുടെ വാഗ്ദാനവും, 35,000രൂപ റൊക്കവും നൽകി.

**216. തഹ്രീകെ ജദീദിന്റെ ദഫ്ത്തർ ദോമി(രണ്ടാം രജിസ്റ്റർ)ന്ന് തുടക്കം കുറിച്ചതെപ്പോൾ?**

1944 നവമ്പർ 24

**217. വഖഫെ ജദീദ് ആരംഭിച്ചതെപ്പോൾ? അത് മുഴുലോകത്തിനുമായി വികസിപ്പിച്ചതെപ്പോൾ?**

1957 ഡിസംബറിലാണ് ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) വഖ്ഫെ ജദീദ് ആരംഭിച്ചത്. ഇതുമുഖേന രാജ്യത്തിനകത്ത് മുഅല്ലിംകൾ തബ്ലീഗ്, തർബിയ്യത്ത് പ്രവൃത്തികൾ നടത്തി വരികയായിരുന്നു. 1985 ഡിസമ്പറിൽ ഹദ്റത്ത് ഖലീ

ഫത്തുൽ മസീഹ് റാബിഅ് ആണ് ഇതിനെ മുഴുലോകത്തേക്കുമായി വികസിപ്പിച്ചത്.

**218. ലജ്ന ഇമാഇല്ലായുടെ ചരിത്രം ചുരുക്കി വിവരിക്കുക?**

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി(റ) 1922 ഡിസമ്പർ 15നാണ് ലജ്ന ഇമാഇല്ലായ്ക്ക് രൂപം നൽകിയത്. ഇതിലെ അംഗങ്ങൾ ഹദ്റത്ത് സയ്യിദാ നുസ്റത്ത് ജഹാൻ ബേഗം സാഹിബ(റ)(അമ്മാജാൻ) യോട് അപേക്ഷിച്ചതു പ്രകാരം ആദ്യം അവർ ഇതിന്റെ പ്രസിഡന്റ് പദവി ഏറ്റെടുത്തെങ്കിലും അവരുടെ അദ്ധ്യക്ഷതയിൽ നടന്ന ആദ്യ യോഗാവസരത്തിൽ തന്നെ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി(റ)യുടെ ഭാര്യ ഹദ്റത്ത് സയ്യിദ ഉമ്മുനാസിർ സാഹിബയെ അദ്ധ്യക്ഷ പദവിയിലേക്ക് നാമനിർദ്ദേശം ചെയ്യുകയും അവരെ സദ്റായി അംഗികരിക്കുകയും ചെയ്തു. അവർ ഏകദേശം 1940–41 കാലം വരെ സദ്ർ ആയി സേവനമനുഷ്ടിച്ചു. ഈ കാലയളവിൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി (റ)ന്റെ ഭാര്യ ഹദ്റത്ത് സയ്യിദ അമത്തുൽ ഹയ്യ് ബേഗം സാഹിബ, ഹദ്റത്ത് മീർ മുഹമ്മദ് ഇസ്ഹാഖ് സാഹിബ് (റ)ന്റെ ഭാര്യ ഹദ്റത്ത് സ്വാലിഹ ബേഗം സാഹിബ, ഖലീഫത്തുൽ മസീഹ് സാനിയുടെ വേറൊരു ഭാര്യ ഹദ്റത്ത് സയ്യിദ സാറ ബേഗം സാഹിബ, ഖലീഫത്തുൽ മസീഹ് സാനിയുടെ തന്നെ മറ്റൊരു ഭാര്യ ഹദ്റത്ത് ഉമ്മൂ താഹിർ സാഹിബ എന്നിവർ ജനറൽ സെക്രട്ടറി പദവി അലങ്കരിച്ചു. 1940–41ൽ ഹദ്റത്ത് സയ്യിദ ഉമ്മുനാസിർ സാഹിബ ദീർഘനാൾ രോഗി ആയതിനാൽ സദർ പദവിയിൽ നിന്ന് വിരമിക്കുകയും ഹദ്റത്ത് ഉമ്മുതാഹിർ സാഹിബ സദ്ർ ആയി തെരഞ്ഞെടുക്കപ്പെടുകയും ചെയ്യ്തു. അപ്പോൾ ഹുസൂറിന്റെ മറ്റൊരു ഭാര്യയായ ഹദ്റത്ത് സയ്യിദ ഉമ്മൂ മതീൻ സാഹിബ ജനറൽ സെക്രട്ടറി ആയിരുന്നു. 1944 മാർച്ചിൽ ഹദ്റത്ത്

സയ്യിദ ഉമ്മുത്വാഹിർ സാഹിബ വഫാത്തായതിനാൽ ഹദ്റത്ത് സയ്യിദ ഉമ്മുനാസിർ സാഹിബ സദ്ർ ആയി വീണ്ടും തെരെഞ്ഞെടുക്കപ്പെടുകയും 1958 ജൂലായ് 31ന് അവർ വഫാത്താകുന്നതുവരെ ഈ സ്ഥാനത്ത് തുടരുകയും ചെയ്തു. 1958 ആഗസ്ത് മുതൽ ഈ ചുമതല ഹദ്റത്ത് സയ്യിദ ഉമ്മു മതീൻ സാഹിബയിൽ വന്നു ചേർന്നു. 1997 നവമ്പർ മുതൽ 2005 നവംബർ വരെ സാഹിബ് സാദി അമത്തുൽ ഖുദ്ദൂസ് സാഹിബയായിരുന്നു സദ്ർ. അതിന്നുശേഷം സാഹിബ് സാദി അമത്തുൽ അലീം ഇസ്മത്ത് സാഹിബയാണ് സദ്ർ. 1928ൽ നാസിറാത്തുൽ അഹ്മദിയായെ ലജ്ന ഇമാഇല്ലായോടൊപ്പം ചേർത്തു.

**219. ഖുദ്ദാമുൽ അഹ്മദിയ്യായുടെ ചരിത്രം ചുരുക്കി വിവരിക്കുക?**

1938 ജനുവരി 31ന് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി(റ)ന്റെ അനുവാദത്തോടെ ദീനീബോധമുള്ള ഏതാനും യുവാക്കൾ ചേർന്ന് ഒരു സംഘടനയ്ക്ക് രൂപം നൽകി. 1938 ഫിബ്രവരി 4ന് ഹുസൂർ ഈ സംഘടനയ്ക്ക് മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയാ എന്ന് നാമകരണം ചെയ്തു. ഈ മജ്ലിസിലെ അംഗങ്ങൾ 15 വയസ്സ് മുതൽ 40 വയസ്സുവരെ ഉള്ളവരാണ്. ഈ സംഘടനയുടെ ആദ്യത്തെ ഉപദേഷ്ടാവ് ജനാബ് ശേഖ് മഹ്ബൂബ് ആലം സാഹിബ് ഖാലിദ് എം.എ ആയിരുന്നു. ഒന്നാമത്തെ വർഷം ജനാബ് മൗലവി ഖമറുദ്ദീൻ സാഹിബ് ഫാസിൽ സദ്റായി തിരഞ്ഞെടുക്കപ്പെട്ടു. 1940 ജൂലായ് 26ന് അത്ഫാലുൽ അഹ്മദിയായെ തങ്ങളോടൊപ്പം ചേർത്തു കൊണ്ട് അതിനെ സുസംഘടിതമാക്കാൻ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി(റ) ഖുദ്ദാമുൽ അഹ്മദിയ്യയ്ക്ക് നിർദ്ദേശം നൽകി. ഖുദ്ദാമുൽ അഹ്മദിയായുടെ ഇതുവരെയുള്ള സദ്ർമാരുടെ പേരുവിവരങ്ങൾ താഴെ ചേർക്കുന്നു.

1. ജനാബ് മൗലവി ഖമറുദ്ദീൻ സാഹിബ്
2. ഹദ്റത്ത് മിർസാ നാസിർ അഹ്മദ് സാഹിബ്
3. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി(റ)
   (1949 ഒക്ടോബർ 31 മുതൽ 1959–60 വരെ )

(ഈ കാലയളവിൽ ഹദ്റത്ത് സാഹിബ് സാദാ മിർസാ നാസിർ അഹ്മദ് സാഹിബ്(റഹ്) 1949 ഒക്ടോബർ 31മുതൽ 1954 വരെയും, സാഹിബ് സാദാ മിർസാ മുനവ്വർ അഹ്മദ് സാഹിബ് 1954–55 മുതൽ 1959–60 വരെ നായിബ് സദർ അവ്വലും ആയിരുന്നു.)

4. സയ്യിദ് മീർ ദാവൂദ് അഹ്മദ് സാഹിബ്
5. സാഹിബ് സാദാ മിർസാ റഫീഅ് അഹ്മദ് സാഹിബ്
6. ഹദ്റത്ത് സാഹിബ് സാദാ മിർസാ ത്വാഹിർ അഹ്മദ് സാഹിബ്
7. ജനാബ് ചൗധരി ഹമീദുല്ലാഹ് സാഹിബ്
8. ജനാബ് അത്താഉൽ മുജീബ് റാശിദ് സാഹിബ്
9. ജനാബ് സാഹിബ് സാദാ മിർസാ ഗുലാം അഹ്മദ് സാഹിബ്
10. ജനാബ് മഹ്മൂദ് അഹ്മദ് സാഹിബ് ശാഹിദ്
11. ജനാബ് മൗലവി ഹാഫിസ് മുസഫ്ഫർ അഹ്മദ് സാഹിബ്

**ഇന്ത്യയിൽ**

1. ഹദ്റത്ത് സാഹിബ് സാദാ മിർസാ വസീം അഹ്മദ് സാഹിബ്
2. മൗലാനാ മുഹമ്മദ് ഇനാം സാഹിബ് ഗോരി
3. മൗലാനാ ഖുർശിദ് അഹ്മദ് സാഹിബ് അൻവർ
4. മൗലാനാ മുനീർ അഹ്മദ് സാഹിബ് ഖാദിം
5. ഡോക്ടർ മുഹമ്മദ് ആരിഫ് സാഹിബ് നംഗലി
6. മുബശ്ശിർ അഹ്മദ് സാഹിബ് ഭട്ട്
7. മൗലാനാ മുഹമ്മദ് നസീം ഖാൻ സാഹിബ്
8. മൗലാനാ മുഹമ്മദ് ഇസ്മാഈൽ സാഹിബ് താഹിർ
9. മൗലാനാ ഹാഫിസ് മഖ്ദൂം ശരീഫ് സാഹിബ്

10. മൗലാനാ റഫീഖ് അഹ്മദ് സാഹിബ് ബേഗ് (തുടരുന്നു)
നോട്ട്:..1989..90 കാലത്ത് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബി അ്(റ) കേന്ദ്രീകൃത സദാറത്ത് വ്യവസ്ഥിതി നിർത്തലാക്കുകയും അതാത് രാജ്യങ്ങളിലെ കീഴ്ഘടകങ്ങളിൽ സദാറത്ത് വ്യവസ്ഥിതി ആരംഭിക്കുകയും ചെയ്തിട്ടുണ്ടായിരുന്നു.

**220. മജ്‌ലിസ് അൻസാറുല്ലാഹ് എപ്പോഴാണ് സ്ഥാപിതമായത്?**

1940 ജൂലായ് 26ന്, 40 വയസ്സിന് മുകളിലുള്ളവരുടെ ഒരു സംഘടനയായി ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി മജ്‌ലിസ് അൻസാറുല്ലാഹ് എന്ന പേരിൽ ഒരു സംഘടനയ്ക്ക് രൂപം നൽകി. ഇതിന്റെ ആദ്യ സദ്ർ ഹദ്റത്ത് മൗലാന ശേർ അലി സാഹിബ് ആയിരുന്നു.

ഇതു വരെയുള്ള സദർമാരുടെ പേരുകൾ താഴെ പറയും പ്രകാരമാണ്:-

1. ഹദ്റത്ത് മൗലാനാ ശേർ അലി സാഹിബ്
2. ഹദ്റത്ത് ചൗധരി ഫത്ഹ് മുഹമ്മദ് സാഹിബ് സിയാൽ
3. ഹദ്റത്ത് സാഹിബ് സാദാ മിർസാ അസീസ് അഹ്മദ് സാഹിബ്
4. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി(റ) (1954 മുതൽ 1958 വരെ.) ആ അവസരത്തിൽ ഹദ്റത്ത് മിർസാ നാസിർ അഹ്മദ് സാഹിബ് നായിബ് സദ്ർ ആയിരുന്നു.
5. ഹദ്റത്ത് സാഹിബ് സാദാ മിർസാ നാസിർ അഹ്മദ് സാഹിബ്
6. ജനാബ് സാഹിബ് സാദാ മിർസാ മുബാറക്ക് അഹ്മദ് സാഹിബ്
7. ഹദ്റത്ത് സാഹിബ് സാദാ മിർസാ ത്വാഹിർ അഹ്മദ് സാഹിബ്
8. ജനാബ് ചൗധരി ഹമീദുല്ലാഹ് സാഹിബ്
9. ജനാബ് സാഹിബ് സാദാ മിർസാ ഖുർശിദ് അഹ്മദ് സാഹിബ്

10. സാഹിബ് സാദാ മിർസാ ഗുലാം അഹ്മദ് സാഹിബ്
11. ഹാഫിസ് മുസ്സഫർ അഹ്മദ് സാഹിബ്

**<u>ഇന്ത്യയിൽ</u>**

1. ഹദ്റത്ത് അബ്ദുർറഹ്മാൻ സാഹിബ് ജട്ട്(റ)
2. ഹദ്റത്ത് അത്വാഉർറഹ്മാൻ സാഹിബ്
3. മൗലാനാ മുഹമ്മദ് ഇനാം സാഹിബ് ഗോരി
4. മൗലാനാ ഹകീം മുഹമ്മദ് ദീൻ സാഹിബ്
5. മൗലാനാ മുഹമ്മദ് കരീമുദ്ദീൻ സാഹിബ്
6. മൗലാനാ മുനീർ അഹ്മദ് സാഹിബ് ഖാദിം
7. ഹാഫിസ് ഖാരി നവാബ് സാഹിബ്
8. മൗലാനാ സൈനുദ്ദീൻ സാഹിബ് ഹാമിദ് (തുടരുന്നു)

നോട്ട്:-1989..90 കാലത്ത് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ് (റ) കേന്ദ്രീകൃത സദാറത്ത് വ്യവസ്ഥിതി നിർത്തലാക്കുകയും അതാതു രാജ്യങ്ങളിലെ കീഴ്ഘടകങ്ങളിൽ സദാറത്ത് വ്യവസ്ഥിതി ആരംഭിക്കുകയും ചെയ്തിട്ടുണ്ടായിരുന്നു.

☆☆☆

# ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാലിസ്(റഹ്)

**221. മൂന്നാം ഖിലാഫത്ത് തെരെഞ്ഞെടുപ്പ് ഉണ്ടായതെപ്പോൾ? ആരായിരുന്നു ഖലീഫയായി തെരഞ്ഞെടുക്കപ്പെട്ടത്?**
1965 നവംമ്പർ 9ന്, ഹദ്റത്ത് സാഹിബ് സാദാ ഹാഫിസ് മിർസാ നാസിർ അഹ്മദ് സാഹിബ്(റഹ്) ഖലീഫയായി തെ രഞ്ഞെടുക്കപ്പെട്ടു.

**222. ഹദ്റത്ത് മസീഹ് മൗഊദി(അ)ന്ന് ഹദ്റത്ത് ഖലീഫ ത്തുൽ മസീഹ് സാലിസ്(റഹ്)നെക്കുറിച്ച് എന്ത് സുവിശേഷ മാണ് അല്ലാഹുവിൽ നിന്ന് ലഭിച്ചത്?**
“ اِنَّا نُبَشِّرُکَ بِغُلَامٍ نَافِلَةً لَّکَ ”: ഇന്നാ നുബശ്ശിറുക്ക ബി ഗുലാ മിൻ നാഫിലത്തലക്ക.....നാം നിനക്ക് ഒരു മകന്റെ സുവി ശേഷം നൽകുന്നു. അവൻ നിന്റെ പൗത്രനായിരിക്കും. (ഹഖീഖത്തുൽവഹ്യ്..പേജ് 95)

**223. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാലിസ്(റഹ്) ജനി ച്ചതും വഫാത്തായതും എപ്പോൾ?**
ജനനം-1909 നവമ്പർ 16ന് ഖാദിയാനിൽ
വഫാത്ത്-1982 ജൂൺ 8-9 രാത്രിമദ്ധ്യേ

**224. ഹുസൂർ എപ്പോഴാണ് ഖുർആൻ പൂർണ്ണമായും മനപാഠ മാക്കിയത്?**
1922 ഏപ്രിൽ 17ന്, അപ്പോൾ ഹുസൂറിന്ന് 13 വയസായിരുന്നു.

**225. ഹുസൂർ ഖലീഫയാകുന്നതിന്ന് മുമ്പ് ജമാഅത്തിന്റെ ഏതൊക്കെ സുപ്രധാന സ്ഥാനങ്ങൾ വഹിച്ചിട്ടുണ്ട്?**

1. 1939–1944 പ്രിൻസിപ്പാൾ ജാമിഅ അഹ്മദിയ്യ, ഖാദിയാൻ
2. 1939–1949 കേന്ദ്ര സദ്ർ മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യ
3. 1944–1965 പ്രിൻസിപ്പാൾ തഅ്ലീമുൽ ഇസ്ലാം കോളേജ് ഖാദിയാൻ, ലാഹോർ, റബ്വ.
4. 1954–1968 കേന്ദ്ര സദ്ർ മജ്ലിസ് അൻസാറുല്ലാഹ് മർക്കസിയ്യാ.
5. 1955–1965 സദ്ർ, സദ്ർ അഞ്ചുമൻ അഹ്മദിയ്യ, റബ്വ.

**226. മൂന്നാം ഖിലാഫത്ത് നടത്തിയ ആദ്യ സാമ്പത്തിക ത്യാഗത്തിനുള്ള ആഹ്വാനം എന്തായിരുന്നു? എത്ര സംഖ്യയായിരുന്നു ആവശ്യപ്പെട്ടത്?**
ഫസ്ലെ ഉമർ ഫൗണ്ടേഷൻ ആയിരുന്നു പദ്ധതി. മൂന്ന് കൊല്ലത്തിനകം 25 ലക്ഷം രൂപയായിരുന്നു ആവശ്യപ്പെട്ടത്. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി(റ)ന്റെ സ്മരണാർത്ഥം ഹുസൂറിന്റേമഹത്തായ ഉദ്ദേശലക്ഷ്യങ്ങളെ നിലനിർത്തുവാനും പൂർത്തികരിക്കുവാനും വേണ്ടിയായിരുന്നു ഈ ഫണ്ട്.

**227. ഏത് രാഷ്ട്രത്തലവനാണ് അഹ്മദിയായികൊണ്ട് ഒരു പ്രവചനത്തിന്റെ പൂർത്തീകരണത്തിന്ന് നിദാനമായത്?**
പശ്ചിമാഫ്രിക്കയിലെ രാജ്യമായ ഗാംബിയയുടെ ഗവർണ്ണർ ജനറൽ അൽഹാജ് എഫ്.എം.സിൻഘാട്ടെ 1965..ൽ ആണ് ആ പദവിയിൽ എത്തിയത്. 1963ൽ അദ്ദേഹം അഹ്മദിയ്യത്ത് സ്വീകരിച്ചിരുന്നു. രാഷ്ട്രത്തലവനായ ശേഷം ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാലിസ്(റഹ്)നോട് മസീഹ് മൗഊദി(അ)ന്റെ വസ്ത്രം അനുഗ്രഹലബ്ദിക്കായി ആവശ്യപ്പെട്ടിരുന്നു. ഇതിലൂടെ അദ്ദേഹം രാജാക്കന്മാർ നിന്റെ വസ്ത്രത്തിൽ നിന്നും അനുഗ്രഹം തേടും എന്ന മസീഹ് മൗഊദിന്റെ പ്രവചനം പൂർത്തിയാക്കുന്ന ആദ്യവ്യക്തിയായി.

**228. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാലിസ് (റഹ്) അഹ്മദി യുവാക്കൾക്കായി നിർദ്ദേശിച്ച ആദർശാത്മക വചനം (മോട്ടോ) എന്തായിരുന്നു?**
ഹദ്റത്ത് മസീഹ് മൗഊദിന്റെ ഇൽഹാം..തേരി ആജിസാന റാഹേം ഉസ്കൊ പസന്ദീ ആയീ....നിന്റെ വിനയാന്വിത മാർഗങ്ങൾ അവന്ന് ഇഷ്ടമായി.

**229. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാലിസ്(റഹ്)ന് ഉണ്ടായ ഏതെങ്കിലും ഇൽഹാം പറയുക?**
"بُشْرٰی لَکُمْ" ബുശ്റാ ലക്കും

**230. ഹദ്റത്ത് മസീഹ് മൗഊദിന്നും, ഹദ്റത്ത് മുസ്ലിഹ് മൗഊദിന്നും ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാലിസിന്നും ഉണ്ടായിട്ടുള്ള ഇൽഹാം പറയുക?**
يَادَاوُدُ اِنَّا جَعَلْنٰکَ خَلِيفَةً فِی الاَرْضِ യാ ദാവൂദ് ഇന്നാ ജഅൽനാക്ക ഖലീഫത്തൻ ഫിൽ അർളി...ദാവൂദ്. ഞാൻ നിന്നെ ഭൂമിയിൽ പ്രതിനിധി ആക്കിയിരിക്കുന്നു.

**231. തഹ്രീകെ ജദീദിന്റെ ദഫ്ത്തർ സോം ആരംഭിച്ചതെപ്പോൾ? ആരംഭിച്ചതാര്?**
1966 ഏപ്രിൽ 22ന്, ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാലിസ്(റഹ്) ആണ് ദഫ്ത്തർ സോം (മൂന്നാമത്തെ രജിസ്റ്റർ) പ്രഖ്യാപിച്ചത്. ഈ ലഡ്ജർ 1965 നവംബർ 1 മുതലാണ് കണക്കാക്കപ്പെടുന്നത്. അങ്ങിനെയായാൽ ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ)ന്റെ കാലം മുതൽ തന്നെ ഈ ലഡ്ജർ ഗണിക്കപ്പെടുന്നതായിരിക്കും എന്നും ഹുസൂർ പറയുകയുണ്ടായി.

**232. വഖ്ഫെ ജദീദിന്റെ ദഫ്ത്തർ അത്ഫാൽ സ്ഥാപിച്ചതെപ്പോൾ?**

1966 ഒക്ടോബർ 17ന്, ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാലിസ്(റഹ്) ആണ് അഹ്മദി കുട്ടികളോട് 50,000 രൂപ ആവശ്യപ്പെട്ടുകൊണ്ട് ഇത് സ്ഥാപിച്ചത്.

**233. റബ്വയിൽ മസ്ജിദ് അഖ്സായുടെ ശിലാസ്ഥാപനകർമ്മവും ഉദ്ഘാടനവും നടന്നതെപ്പോൾ?**
ശിലാസ്ഥാപനം 1966 ഒക്ടോബർ 28നും, ഉദ്ഘാടനം 1972 മാർച്ച് 31നും.

**234. റബ്വയിലെ ഖിലാഫത്ത് ലൈബ്രറി കെട്ടിടത്തിന്റെ ശിലാസ്ഥാപന കർമ്മവും ഉദ്ഘാടനവും എപ്പോൾ ആര് നിർവ്വഹിച്ചു?**
ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാലിസ് (റഹ്). ശിലാസ്ഥാപനം 1970 ജനുവരി 18നും, ഉദ്ഘാടനം 1971 ഒക്ടോബർ 3നും.

**235. 1970ലെ ആഫ്രിക്കൻ പര്യടന വേളയിൽ ഹുസൂർ ഏതൊക്കെ രാഷ്ട്രത്തലവന്മാരുമായാണ് കൂടികാഴ്ച നടത്തിയത്?**
1. നൈജീരിയയുടെ പ്രസിഡന്റ് യഅ്ഖൂബ് ഗോവൻ
2. ഘാന പ്രസിഡന്റ്,
3. ലൈബീരിയൻ പ്രസിഡന്റ് ടിബ്മാൻ
4. ഗാംബിയൻ പ്രസിഡന്റ് ദാവൂദ് അജ്വാർ
5. സിറാലിയോൺ പ്രധാനമന്ത്രി.

**236. ആഫ്രിക്കൻ രാജ്യങ്ങൾക്കായി സ്ഥാപിച്ച നുസ്റത്ത് ജഹാൻ സ്കീം ആരംഭിച്ചതെപ്പോൾ?**
1970 മെയ് 24ന്, ലണ്ടനിലെ മസ്ജിദ് ഫസ്ലിൽവെച്ച് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാലിസ്(റഹ്) നുസ്റത്ത് ജഹാൻ സ്കീം പ്രഖ്യാപിച്ചു. പിന്നീട് അതേ വർഷം ജൂൺ

12ന് റബ്‌വയിൽ വെച്ച് നുസ്റത്ത് ജഹാൻ റിസർവ് ഫണ്ടിന്റെ ആഹ്വാനവും നടത്തി.

**237. ഖുദ്ദാമുൽ അഹ്മദിയായുടെ കൈലേസിന്റെ (ഉറുമാൽ) മാതൃക എപ്പോൾ നിശ്ചയിച്ചു? ആര്?**

1972 ഒക്ടോബർ 5ന്, കേന്ദ്ര വാർഷിക ഇജ്തിമായുടെ അവസരത്തിൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാലിസ്(റഹ്).

**238. ഹുസൂർ ശതവാർഷിക ജൂബിലി എപ്പോഴാണ് പ്രഖ്യാപിച്ചത്?**

1973 ഡിസംബർ 28ന്, ജൽസ സാലാനയുടെ അവസരത്തിൽ. തുടർന്ന് 1974 ഫിബ്രവരി 8ന് ഹുസൂർ ശതവാർഷിക ജൂബിലി ആഘോഷത്തിന്റെ ഭാഗമായി ദുആ അടക്കമുള്ള ചില ആത്മീയ പദ്ധതിക്കും രൂപം നൽകുകയുണ്ടായി.

**239. 1974ൽ പാക്കിസ്ഥാൻ ജനറൽ അസംബ്ലിയിൽ ജമാഅത്തിനെ പ്രതിനിധീകരിച്ചു കൊണ്ട്പോയവർ ആരൊക്കെ?**

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാലിസ്(റഹ്), സാഹിബ് സാദാ മിർസാ ത്വാഹിർ അഹ്മദ് സാഹിബ് (റഹ്), ജനാബ് ശേഖ് മുഹമ്മദ് അഹ്മദ് മദ്ഹർ സാഹിബ്, ജനാബ് മൗലാനാ അബുൽ അത്താ സാഹിബ്, ജനാബ് മൗലാനാ ദോസ്ത് മുഹമ്മദ് ശാഹിദ് സാഹിബ്.

**240. ജനറൽ അസംബ്ലിയിൽ വിസ്താരവും എതിർവിസ്താരവും എത്ര ദിവസം നീണ്ടുനിന്നു?**

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാലിസ്(റഹ്) രണ്ട് ദിവസം വരെ ഒരു മെമ്മോറാണ്ടം വായിക്കുകയുണ്ടായി. അതിനു ശേഷം അതിന്മേൽ 11 ദിവസം വരെ ചോദ്യോത്തരം നടന്നു.

**241. 1974ൽ അഹ്മദിയ്യാ ജമാഅത്തിനെ അമുസ്‌ലിം ന്യൂന പക്ഷമായി പ്രഖ്യാപിച്ച ജനറൽഅസംബ്ലിയുടെ പാർലിമെന്റ് ലീഡറും മുൻപ്രധാനമന്ത്രിയുമായിരുന്ന സുൽഫിഖാർ അലി ഭൂട്ടോയെ എപ്പോൾ എവിടെവെച്ച് തൂക്കികൊന്നു?**
1979 ഏപ്രിൽ 4ന് റാവൽപിണ്ടി സെൻട്രൽ ജയിലിൽ.

**242. ഐതിഹാസികമായ കസ്റെ സലീബ് സമ്മേളനം എപ്പോൾ എവിടെ നടന്നു?**
1978 ജൂൺ 2,3,4 തീയ്യതികളിൽ ലണ്ടനിൽവെച്ചു നടന്നു. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാലിസ്(റ) ഇതിൽ പങ്കെടുക്കുകയും 4ന് സമാപനപ്രസംഗം നടത്തുകയും ചെയ്തു.

**243. അത്ഫാലുൽ അഹ്മദിയായിൽ മിഅ്യാറെ കബീർ (മുതിർന്ന കുട്ടികൾ) എന്ന തരംതിരിവ് എപ്പോൾ നടപ്പിൽ വന്നു?**
1980ൽ, ഇതനുസരിച്ച് 13വയസ്സ് മുതൽ 15വയസ്സ് വരെയുള്ള കുട്ടികൾ മിഅ്യാറെ കബീറിലും, 7 മുതൽ 12 വയസ്സ് വരെയുള്ള കുട്ടികൾ മിഅ്യാറെ സഗീർ (ചെറിയ കുട്ടികൾ) എന്ന ഗണത്തിലും പെടുന്നു.

**244. 1980ൽ നടന്ന കേന്ദ്ര ഖുദ്ദാമുൽ അഹ്മദിയായുടെ വാർഷിക ഇജ്തിമായ്ക്കുള്ള സവിശേഷ പ്രാധാന്യമെന്ത്?**
ഈ ഇജ്തിമ 14-ാം നൂറ്റാണ്ടിന്റേയും 15-ാം നൂറ്റാണ്ടിന്റേയും സംഗമത്തിലാണ് സംഘടിപ്പിക്കപ്പെട്ടത്. ഇജ്തിമായുടെ മൂന്ന് ദിവസവും ഹുസൂർ പങ്കെടുത്തുകൊണ്ട് ഭക്തിസാന്ദ്രവും, വൈജ്ഞാനികവും,ആവേശോജ്ജ്വലവുമായ പ്രസംഗത്തിലൂടെ ഖാദിംകളെ ധന്യരാക്കുകയുണ്ടായി.

**245. മസ്ജിദ് ബശാറത്ത് സ്പെയിനിനെ കുറിച്ച് വിശദമാക്കുക?**

ഇത് ഏകദേശം 700 വർഷങ്ങൾക്കുശേഷം സ്പെയിനിൽ നിർമ്മിക്കപ്പെടുന്ന ആദ്യത്തെ മസ്ജിദാണ്. ആ മഹാഭാഗ്യം അഹ്മദിയ്യാ ജമാഅത്തിനാണ് ലഭിച്ചത്. 1980 ഒക്ടോബർ 9ന് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാലിസ്(റഹ്)യാണ് അതിന്റെ ശിലാസ്ഥാപന കർമ്മം നിർവ്വഹിച്ചത്. 1982 സപ്തംബർ 10ന് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ് (റഹ്) അതിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു.

**246. സിതാര അഹ്മദിയ്യത്തിനെ (അഹ്മദിയാ നക്ഷത്രം) കുറിച്ച് ചുരുക്കി വിവരിക്കുക?**

1981 ലെ ജലസ സാലാനയുടെ അവസരത്തിൽ ജമാഅത്തിൽ ഇതുവരെ ഉണ്ടായിട്ടുള്ള പുണ്യാത്മാക്കളേയും ഇനി അവസാനനാളുവരെ വരാനിരിക്കുന്നവരെയും അനുസ്മരിച്ച് കൊണ്ട് ജമാഅത്തിന്ന് ഒരു അഹ്മദിയാ നക്ഷത്രം (സിതാര അഹ്മദിയ്യത്ത്) ഹുസൂർ തിരുമനസ്സ് നൽകുകയുണ്ടായി. ആ നക്ഷത്രത്തിന്ന് 14 കോണുകൾ ഉണ്ട്. ഓരോ കോണിലും അല്ലാഹു അക്ബർ എന്നും മദ്ധ്യത്തിൽ ലാ ഇലാഹ ഇല്ലല്ലാഹ് എന്നും ആലേഖനം ചെയ്തിട്ടുണ്ട്.

**247. ഹദ്റത്ത് ഖലീഫത്തുൽ മസീഹിന്റെ ഭാര്യ ഹദ്റത്ത് സയ്യിദാ മൻസൂറാ ബേഗം സാഹിബ എപ്പോഴാണ് വഫാത്തായത്?**

1981 ഡിസംബർ 3ന്

**248. ഹുസൂർ രണ്ടാം വിവാഹം ചെയ്തതെപ്പോൾ, ആരുമായി?**

ഹദ്റത്ത് ത്വാഹിറാ സിദ്ദീഖ സാഹിബയുമായി 1982 ഏപ്രിലിൽ.

**249. ഹുസൂറിന്റെ ചില ഗ്രന്ഥങ്ങളുടെ പേര് പറയുക?**

1. ഖുർആനീ അൻവാർ,
2. തഅ്മീർ ബൈത്തുല്ലാഹ് കെ 23 അസീമുശ്ശാൻ മഖാസിദ്,
3. ഏക് സച്ചേ ഔർ ഹഖീഖെ ഖാദിം കെ 12 ഔസാഫ്,
4. ഹമാരെ അഖായിദ്,
5. അൽ മസാബീഹ്,
6. ജലസ സാലാനയുടെ ദുആകൾ,
7. അമൻ കാ പൈഗാം ഏക് ഹർഫെ ഇൻതിബാ.

**250. മൂന്നാം ഖിലാഫത്ത് കാലത്തെ ചില പ്രധാന ആഹ്വാന ങ്ങളും പദ്ധതികളും ഏവ?**

1. ഫസ്ലെ ഉമർ ഫൗണ്ടേഷൻ,
2. വഖ്ഫെ ആർസി
3. നുസ്റത്ത് ജഹാൻ സ്കീം
4. ശതവാർഷിക ജൂബിലി
5. അഹ്മദികളുടെ വിദ്യഭ്യാസ പദ്ധതി
6. തഅ്ലീമുൽ ഖുർആൻ
7. റിട്ടയർമെന്റിനുശേഷമുള്ള വഖ്ഫ്

**251. അഹ്മദിയ്യാ വിദ്യഭ്യാസപദ്ധതി എന്താണ്?**

1979 ഒക്ടോബർ 28ന് അഹ്മദി ആൺകുട്ടികൾ ഏറ്റവും കുറഞ്ഞത് മെട്രിക്ക് വരെയും പെൺകുട്ടികൾ എട്ടാം ക്ലാസ് വരെ എങ്കിലും പഠിക്കണമെന്ന് ഹുസൂർ ആവശ്യപ്പെടുകയു ണ്ടായി. അതുപോലെതന്നെ പബ്ലിക്ക് പരീക്ഷയിലും യൂനി വേർസിറ്റി പരീക്ഷകളിലും ഒന്നാം സ്ഥാനവും രണ്ടാം സ്ഥാന വും കരസ്ഥമാക്കുന്നവർക്ക് മെഡലുകൾ നൽകപ്പെടുമെന്നും ഹുസൂർ വിളംബരപ്പെടുത്തുകയുണ്ടായി. 1980 ജൂൺ 13ന് ഇത്തരത്തിൽ ഒരു ചടങ്ങ് സംഘടിപ്പിക്കുകയും അതിൽ വെച്ചു മെഡൽ വിതരണം ചെയ്യുകയുണ്ടായി.

**252. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാലിസ്(റഹ്) ഏതൊക്കെ വർഷമാണ് വിദേശ പര്യടനം നടത്തിയത്?**

1. 1967ൽ ബ്രിട്ടൻ, ജർമ്മനി, സ്വിറ്റ്സർലാന്റ്, ഹോളണ്ട്, ഡന്മാർക്ക്, പര്യടനം നടത്തി. ഈ പര്യടനവേളയിൽ ഡന്മാർക്കിലെ കോപ്പൻ ഹേഗിൽ ഹുസൂർ മസ്ജിദ് നുസ്റത്ത് ഉദ്ഘാടനം ചെയ്യുകയുണ്ടായി.
2. 1970ൽ ഇംഗ്ലണ്ട്, പശ്ചിമ ആഫ്രിക്കയിലെ രാജ്യങ്ങളായ ഘാന, സിറാലിയോൺ, നൈജീരിയ, ഐവറികോസ്റ്റ്, ലൈബീരിയ, ഗാംബിയ മുതലായ രാജ്യങ്ങളിൽ പര്യടനം നടത്തി.
3. 1973ൽ ജർമനി, സ്വിറ്റ്സർലാന്റ്, ഹോളണ്ട്, ഡന്മാർക്ക്, സ്വീഡൻ, ബ്രിട്ടൻ.
4. 1975ൽ ഇംഗ്ലണ്ട്, സ്വീഡൻ, നോർവെ. നോർവെയിലെ ഗോൾഡൻ ബർലിൻ മസ്ജിദ് നാസിറിന്റെ ശിലാസ്ഥാപന കർമ്മവും നിർവ്വഹിച്ചു.
5. 1976ൽ യൂറോപ്പിലെ സ്വീഡൻ, നോർവെ, ഡന്മാർക്ക്, ജർമനി, സ്വിറ്റ്സർലാന്റ്,ഹോളണ്ട് എന്നീ രാജ്യങ്ങൾക്ക് പുറമെ ആഫ്രിക്കയും കാനഡയും സന്ദർശിച്ചു. .
6. 1978ൽ കസ്റെ സലീബ് സമ്മേളനത്തിൽ പങ്കെടുക്കാനായി യുറോപ്പ് പര്യടനം നടത്തി.
7. 1980ൽ യൂറോപ്പ്, അമേരിക്ക, ഓസ്ട്രേലിയ, ആഫ്രിക്ക, എന്നീ ഭൂഖണ്ഡങ്ങളിലെ 13 രാഷ്ട്രങ്ങളിൽ പര്യടനം നടത്തുകയുണ്ടായി.

☆☆☆

# ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്)

**253. നാലാം ഖലീഫയുടെ തിരഞ്ഞെടുപ്പ് എപ്പോഴായിരുന്നു? ആരാണ് ഖലീഫയായി തിരഞ്ഞെടുക്കപ്പെട്ടത്?**
1982 ജൂൺ 10ന് ളുഹർ നമസ്കാരത്തിനു ശേഷം റബ്വയിലെ മസ്ജിദ് മുബാറക്കിൽ വെച്ചുനടന്നു. ഹദ്റത്ത് സാഹിബ് സാദാ മിർസാ ത്വാഹിർ അഹ്മദ് സാഹിബ് ഖലീഫയായി തിരഞ്ഞെടുക്കപ്പെട്ടു.

**254. ഹുസൂർ എപ്പോൾ എവിടെ ജനിച്ചു? മാതാപിതാക്കളുടെ പേര് പറയുക?**
1928 ഡിസംബർ 18ന് ഖാദിയാനിൽ ജനിച്ചു. ഹുസൂറിന്റെ പിതാവ് ഹദ്റത്ത് സാഹിബ് സാദാ മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് സാഹിബ് അൽ മുസ്ലിഹുൽ മൗഊദാണ്. മാതാവ് ഹദ്റത്ത് സയ്യിദാ മറിയം ബേഗം സാഹിബ.

**255. ഹുസൂർ ജമാഅത്തിന്ന് തന്റെ ലിഖിതസന്ദേശം ആദ്യമായി നൽകിയതെപ്പോൾ? അതിന്റെ ഉദ്ദേശമെന്തായിരുന്നു?**
1982 ജൂൺ 13നാണ് ഹുസൂർ തന്റെ ആദ്യസന്ദേശം ജമാഅത്തിന്ന് നൽകിയത്. മർദ്ദിതരായ ഫലസ്തീനിലെ മുസ്ലിംകൾക്ക് വേണ്ടി ദുആ ചെയ്യുവാനുള്ള ആഹ്വാനമായിരുന്നു അതിലടങ്ങിയിരുന്നത്.

**256. ഹുസൂർ തന്റെ യൂറോപ്യൻ പര്യടനത്തിനായി എപ്പോഴാണ് പുറപ്പെട്ടത്? ഈ പര്യടനത്തിൽ ഏതൊക്കെ രാജ്യങ്ങൾ സന്ദർശിച്ചു?**
1982 ജൂലായ് 28ന് പുറപ്പെട്ടു. ഈ യാത്രയിൽ ഹുസൂർ സന്ദർശിച്ച രാജ്യങ്ങൾ...... നോർവെ, സ്വിഡൻ, ഡന്മാർക്ക്,

പശ്ചിമജർമനി, ആസ്ട്രേലിയ, സ്വിറ്റ്സർലാന്റ്, ഫ്രാൻസ്, ലക്സംബർഗ്, ഹോളണ്ട്, സ്പെയിൻ, ബ്രിട്ടൻ, സ്കോട്ലാന്റ്, ഈ പര്യടനവേളയിൽ 1982 സപ്തമ്പർ 10ന് ഹുസൂർ 700 വർഷങ്ങൾക്കുശേഷം പെഡ്രോബാദ് സ്പെയിനിൽ നിർമ്മിച്ച മസ്ജിദ് ബശാറത്ത് ഉദ്ഘാടനം ചെയ്യുകയുണ്ടായി.

**257. അമേരിക്കയിലെ ആദ്യത്തെ ശഹീദും (രക്തസാക്ഷി) ശഹാദത്ത് നടന്ന തീയ്യതിയും പറയുക?**
1983 ആഗസ്ത് 8ന് അമേരിക്കയിലെ ഡെറ്റ്റോയിറ്റിൽ ഡോക്ടർ മുസഫ്ഫർ അഹ്മദ് സാഹിബിനെ വെടിവെച്ചു ശഹീദാക്കി.

**258. ഹുസൂർ വിദൂരപൗരസ്ത്യ ദേശത്തേക്കും ആസ്ട്രേലിയയിലേക്കുമുള്ള തന്റെ പര്യടനം എപ്പോഴാണ് നടത്തിയത്?**
1983 ആഗസ്ത് 22 മുതൽ 1983 ഒക്ടോബർ 13 വരെ.

**259. പാക്കിസ്ഥാൻ പ്രസിഡന്റായിരുന്ന സിയാ അഹ്മദിയാ വിരുദ്ധ ഓർഡിനൻസ് എപ്പോഴാണ് പുറപ്പെടുവിച്ചത്?**
1984 എപ്രിൽ 26ന്, ഈ ഓർഡിനൻസ് അനുസരിച്ച് പാക്കിസ്ഥാനിൽ അഹ്മദികൾ ചില സാങ്കേതിക ഇസ്ലാമിക പദങ്ങൾ ഉപയോഗിക്കുന്നതും തബ്ലീഗ് ചെയ്യുന്നതും വിലക്കുകയുണ്ടായി.

**260. ഹുസൂർ എന്ത് കൊണ്ടാണ് റബ്വയിൽ നിന്നും ലണ്ടനിലേക്ക് ഹിജ്റത്ത് (പാലായനം ) ചെയ്തത്? എപ്പോൾ?**
അഹ്മദിയാ വിരുദ്ധ ഓർഡിനൻസ് കാരണം ജമാഅത്തിന്റെ ഖലീഫയ്ക്ക് തന്റെ കർത്തവ്യങ്ങൾ വേണ്ട വിധം നിർവ്വഹിക്കാൻ സാദ്ധ്യമല്ലാത്തതുകൊണ്ടാണ് 1984 ഏപ്രിൽ 29ന് ഹിജ്റത്ത് ചെയ്തത്.

**261. ഹിജ്റത്തിന്ന് മുമ്പായി റബ്വയിൽ അവസാനമായി ഹുസൂർ എപ്പോഴാണ് ജമാഅത്തിനെ അഭിസംബോധന ചെയ്തു സംസാരിച്ചത്?**
1984 ഏപ്രിൽ 28ന് റബ്വയിലെ മസ്ജിദ് മുബാറക്കിൽ ഇശാ നമസ്കാരത്തിന്ന് ശേഷം.

**262. പാക്കിസ്ഥാൻ ഭരണകൂടത്തിന്റെ ധവളപത്രത്തെക്കുറിച്ചുള്ള ഖുതുബപരമ്പര എപ്പോഴാണ് ആരംഭിച്ചത്?**
1984 ജൂലായ് 20 മുതൽ 1985 മെയ് 17 വരെ ഈ പരമ്പര തുടർന്നു. പിന്നീട് ഈ ഖുതുബാ പരമ്പര സഹഖൽ ബാത്തിൽ എന്നപേരിൽ പുസ്തകമായി പ്രസിദ്ധീകരിച്ചിട്ടുണ്ട്.

**263. ഏത് ലോകസംഘടനയാണ് അഹ്മദിയാവിരുദ്ധ ഓർഡിനൻസിനെ മനുഷ്യാവകാശലംഘനമായി പ്രഖ്യാപിച്ചത്?**
1986 ഏപ്രിൽ 29ന് ഐക്യരാഷ്ട്ര സംഘടന

**264. തഹ്രികെ ജദീദിന്റെ നാലാം ദഫ്തർ (ലഡ്ജർ) എപ്പോഴാണ് ആരംഭിച്ചത്? ആര്?**
1985 ഒക്ടോബർ 25ന് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ് ആണ് ആരംഭിച്ചത്.

**265. 1984 ൽ അഹ്മദിയ്യ വിരുദ്ധ ഓർഡിനൻസ് പുറപ്പെടുവിച്ച സിയാ എങ്ങിനെയാണ് നാശമടഞ്ഞത്? എപ്പോൾ?**
1988 ആഗസ്ത് 17ന് ഒരു വിമാനപകടത്തിൽ.

**266. അൽഫസ്ൽ ദിനപത്രത്തിനുമേൽ ഉണ്ടായിരുന്ന നിയന്ത്രണം അവസാനിച്ചതെപ്പോൾ?**
1988 നവംബർ 28ന്, 1984 ഡിസംബർ 12നായിരുന്നു ഈ നി

യന്ത്രണം നടപ്പിൽ വരുത്തിയത്. അങ്ങിനെ 3 വർഷം11 മാസം 9 ദിവസത്തിനു ശേഷം അൽഫസ്ൽ വീണ്ടും പ്രസിദ്ധീകരിക്കാൻ തുടങ്ങി.

**267. ഐക്യരാഷ്ട്ര സഭയുടെ ജനറൽ അസംബ്ലിയുടേയും ലോക നീതിന്യായകോടതിയുടേയും അഹ്മദിയായിരുന്ന പ്രസിഡന്റ് ആരായിരുന്നു?**

ഹദ്റത്ത് ചൗധരി സഫറുല്ലാഹ് ഖാൻ സാഹിബ്.

1962 മുതൽ 1963 വരെ ഐക്യരാഷ്ട്രസഭയുടെ ജനറൽ അസംബ്ലിയുടെയും, 1970 മുതൽ 1973 വരെ നീതിന്യായ കോടതിയുടേയും പ്രസിഡന്റായിരുന്നു. മുഹമ്മദലി ജിന്ന നിയമിച്ച ആദ്യ പാക്കിസ്ഥാൻ വിദേശകാര്യമന്ത്രിയായിരുന്നു. 1985 സപ്തമ്പർ 1 നാണ് സഫറുല്ലാഹ് ഖാൻ സാഹിബ് വഫാത്തായത്.

**268. ഇംഗ്ലണ്ടിലെ ടിൽഫോഡിലുള്ള ഇസ്ലാമാബാദിനെക്കുറിച്ചും ജർമനിയിലെ നാസിർബാഗിനെക്കുറിച്ചും നിങ്ങൾക്കെന്തറിയാം?**

1984 മെയ് 18ന് ഹുസൂർ(റഹ്) ഇംഗ്ലണ്ടിലും ജർമനിയിലും രണ്ട് വിശാലമായ മിഷ്യൻ ഹൗസ് നിർമ്മിക്കാൻ ആഹ്വാനം ചെയ്യു കയുണ്ടായി. അതുപ്രകാരം ഇംഗ്ലണ്ടിൽ ഇസ്ലാമാബാദും ജർമനിയിൽ നാസിർബാഗും നിർമ്മിക്കപ്പെട്ടു. അവിടെ ജമാഅത്തിന്റെ ഇജ്തിമാഅകളും വാർഷികസമ്മേളനങ്ങളും നടന്നു വരുന്നു.

**269. ലോകനിലവാരത്തിലുള്ള നീന്തൽകുളം റബ്വയിൽ എപ്പോഴാണ് നിർമ്മിക്കപ്പെട്ടത്?**

1984 ജൂലായ് 31ന് നീന്തൽകുളത്തിന്ന് തറക്കല്ലിട്ടു. 1988 സപ്തമ്പർ 10ന് ഇതിന്റെ ഉദ്ഘാടനം നടന്നു.

**270. രക്തസാക്ഷിയായ ആദ്യ അഹ്മദിസ്ത്രിയുടെ പേര് പറയുക?**

റുക്സാന സാഹിബ, 1986 ജൂൺ 9ന് മർദാനിൽ (പാകിസ്താൻ) ശഹീദാക്കി.

**271. ഹദ്‌റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്) എതിരാളികളോട് എപ്പോഴാണ് ആഗോള മുബാഹല സമരാഹ്വാനം നടത്തിയത്?**

1988 ജൂൺ 10നാണ് ഹുസൂർ മുഴുലോകത്തുള്ള വിരോധികളോടും മുബാഹല ചാലഞ്ച് നടത്തിയത്.1997 ജനുവരിയിൽ ഈ വെല്ലുവിളി രണ്ടാമതും നടത്തുകയുണ്ടായി.

**272. അഹ്മദിയ്യാ ശതവാർഷിക ജൂബിലി (നന്ദിസൂചകമായ ആഘോഷം) എന്നായിരുന്നു?**

ജമാഅത്തെ അഹ്മദിയ്യാ സ്ഥാപിതമായിട്ടു 100കൊല്ലം പൂർത്തിയാകുന്ന 1989ൽ നന്ദിസൂചകമായി ജൂബിലി ആഘോഷിച്ചു. ലോകത്തുള്ള മുഴുവൻ അഹ്മദികളും അല്ലാഹുവിന്റെ മുമ്പിൽ അനിതരസാധാരണമായ ത്യാഗങ്ങളും ഇബാദത്തുകളും സമർപ്പിച്ചു. എന്നാൽ പാക്കിസ്ഥാൻ സർക്കാർ റബ്‌വയിലും രാജ്യത്തിന്റെ മറ്റു പല പട്ടണങ്ങളിലും ഈ ദിവസം ആഘോഷം നടത്തുന്നതിൽ നിന്നും അഹ്മദികളെ വിലക്കുകയും തടയുകയും ചെയ്തു. ദീപാലങ്കാരങ്ങൾ ചെയ്യുന്നതിൽ നിന്ന് മാത്രമല്ല സന്തോഷസൂചകമായി മധുരം വിതരണം ചെയ്യാൻ പോലും അനുവദിച്ചില്ല.

**273. ശതവാർഷിക ജൂബിലിയോടനുബന്ധിച്ച് ഏതൊക്കെ രാഷ്ട്രങ്ങളാണ് സ്മരണാർത്ഥം തപാൽ സ്റ്റാമ്പിറക്കിയത്?**

1. സിറാലിയോൺ.
2. ഗയാന

**274. അഞ്ച് അടിസ്ഥാനപരമായ ധാർമ്മികഗുണങ്ങൾ പറയുക?**

1. സത്യം പറയുന്ന സ്വഭാവം
2. മൃദുവായ സംസാരം
3. വിശാലമായ മനോധൈര്യം
4. അന്യരുടെ വേദന അറിയുകയും അതിനെ ദൂരീകരിക്കുകയും ചെയ്യുക.
5. നിശ്ചയദാർഢ്യവും ധീരതയും

**275. അഹ്മദിയത്തിന്റെ രണ്ടാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ ഹുസൂർ(റഹ്)നുണ്ടായ സുവിശേഷസൂചകമായ ഇൽഹാം എന്തായിരുന്നു?**

അസ്സലാമു അലൈക്കും വറഹ്മത്തുല്ലാഹ്

**276. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റ)ന്റെ ജുമുഅ ഖുത്തുബകൾ എന്നാണ് പ്രക്ഷേപണം ചെയ്യാൻ തുടങ്ങിയത്? പിന്നീട് പുരോഗതിയുടെ പാരമ്യത്തിൽ എത്തിയതെപ്പോൾ?**

1989 മാർച്ച് 24ന് ആദ്യമായി ടെലഫോണിലൂടെ ഖുത്തുബ കേൾപ്പിക്കപ്പെട്ടു. പിന്നീട് 1992 ജനുവരി 31ന് ആദ്യമായി സാറ്റലൈറ്റ് മുഖേന ഹുസൂറിന്റെ ഖുത്തുബ മുഴുവൻ യൂറോപ്പിലും ടെലിവിഷനിൽ കാണുകയും കേൾക്കുകയും ചെയ്തു. അതിനുശേഷം 1992 ആഗസ്ത് 21ന് ഏകദേശം മുഴുലോകവും ഡിഷ് ആന്റിന മുഖേന ഹുസൂറിന്റെ ഖുത്തുബ കേൾക്കുകയും കാണുകയും ചെയ്തു.

ഇത് ലോക ചരിത്രത്തിൽ ഒരു വേറിട്ട സംഭവമാണ്. ഇതിലൂടെ മുൻകാലപ്രവചനങ്ങൾ എല്ലാം തന്നെ പൂർത്തിയാവുകയുമുണ്ടായി.

**277. പാക്കിസ്ഥാൻ രൂപീകരണത്തിന്നു ശേഷം ഹുസൂർ (റഹ്) ആദ്യമായി ഖാദിയാനിൽ വന്നതെപ്പോൾ?**
ഖാദിയാനിലെ നൂറാം വാർഷിക സമ്മേളനത്തിൽ പങ്കെടുക്കാനായി 1991 ഡിസംബർ 19നാണ് ഖാദിയാനിലേക്ക് വന്നത്.

**278. ഹദ്റത്ത് ശേഖ് മുഹമ്മദ് അഹ്മദ് സാഹിബ് മസ്ഹർ (1894–1993)ന്റെ അതിമഹനീയ കർമ്മം എന്തായിരുന്നു?**
അറബി ഭാഷകളുടെ മാതാവാണെന്നത് ഹദ്റത്ത് മസീഹ് മൗഊദിന്റെ സിദ്ധാന്തമാണ്. ഹദ്റത്ത് ശേഖ് മുഹമ്മദ് അഹ്മദ് മസ്ഹർ സാഹിബ് അമ്പതോളം ഭാഷകളിൽ ഗവേഷണം നടത്തികൊണ്ട് അവയെല്ലാം തന്നെ അറബി ഭാഷയിൽ നിന്ന് നിഷ്പന്നമാണെന്ന് തെളിയിക്കുകയുണ്ടായി.

**279. ആറ്മാസം തുടർച്ചയായി പകലുള്ള ഒരു പ്രദേശത്ത് ഹുസൂർ(റഹ്) ഐതിഹാസികമായ ഒരു ജുമുഅ ഖുതുബയും ജമാഅത്തോടുകൂടി അഞ്ച്നേര നമസ്കാരവും നിർവ്വഹിക്കുകയുണ്ടായി. ചരിത്രത്തിൽ അതുല്യവും അനുപമവുമായ ഈ സംഭവം എപ്പോൾ നടന്നു?**
1993 ജൂൺ 24,25 തിയ്യതികളിൽ നോർവ്വേയുടെ ഉത്തര ധ്രുവ (നോർത്ത് പോൾ)ത്തിൽ ഭൂമിയുടെ ഏറ്റവും അറ്റത്ത് ഹുസൂർ കുടുംബത്തിലേയും ഖാഫിലയിലേയും അംഗങ്ങളോടൊപ്പം സമയം കണക്കാക്കികൊണ്ട് അഞ്ച്നേരം ജമാഅത്തോടുകൂടി നമസ്കരിച്ചു.

**280. അൽഫസ്ൽ ഇന്റർനാഷണൽഎപ്പോഴാണ് പ്രസിദ്ധീകരിക്കാൻ തുടങ്ങിയത്?**
1993 ജൂലായ് 30ന് ലണ്ടൻ ജലസ സാലാനയുടെ അവസരത്തിലാണ് അൽഫസൽ ഇന്റർനാഷണൽ വാരികയുടെ മാതൃക പ്രസിദ്ധീകരിക്കുകയുണ്ടായത്. പത്രത്തിന്റെ ചീഫ് എ

ഡിറ്റർ റശീദ് അഹ്മദ് സാഹിബ് ചൗദരി ആയിരുന്നു.

**281. അൽഫസൽ ഇന്റർനാഷണൽ വാരികയുടെ സാധാരണ രീതിയിലുള്ള പ്രസിദ്ധീകരണം എപ്പോഴാണ് ആരംഭിച്ചത്?**
ആ സമയം മുതൽ അതിന്റെ പത്രാധിപർ ആരായിരുന്നു?
1994 ജനുവരി 7ന്, അന്നുമുതൽ നസീർ അഹ്മദ് സാഹിബ് ഖമർ ആയിരുന്നു പത്രാധിപർ.

**282. ആദ്യത്തെ ചരിത്ര ആഗോള ബൈഅത്ത് എപ്പോഴായിരുന്നു? അതിൽ ഏതൊക്കെ രാജ്യങ്ങളിൽ നിന്നുള്ള എത്ര പേർ ബൈഅത്ത് ചെയ്തു അഹ്മദിയ്യത്തിൽ പ്രവേശിച്ചു?**
1993 ജൂലായ് 31ന്, ലണ്ടൻ ജൽസ സാലാനയുടെ രണ്ടാം ദിവസം 84 രാഷ്ട്രങ്ങളിലെ 115 വംശജരിൽ നിന്നുള്ള രണ്ട് ലക്ഷത്തി നാലായിരത്തി മുന്നൂറ്റി എട്ടു പേർ(2,04,308) സാറ്റലൈറ്റ് ഉപയോഗിച്ചുള്ള വാർത്താ വിനിമയസംവിധാനത്തിലൂടെ ഹുസൂർ(റഹ്)ന്റെ കയ്യിൽ ബൈഅത്തു ചെയ്തുകൊണ്ട് ജമാഅത്ത് അഹ്മദിയായിൽ പ്രവേശിക്കുകയും തങ്ങളുടെ ബൈഅത്ത് പുതുക്കുകയും ചെയ്തു. ഇത് ലോകചരിത്രത്തിലെ  അനുപമമായ സംഭവമാണ്.

**283. നാലാം ഖിലാഫത്ത് കാലത്ത് നടപ്പിൽ വരുത്തിയ ഏതാനും ചില പ്രധാന പദ്ധതികൾ ഏവ?**

1. ബുയൂത്തുൽ ഹംദ് സ്കീം
2. വഖ്ഫെ നൗ പദ്ധതി
3. വഖ്ഫെ ജദീദ് മുഴു ലോകത്തിലേക്കുമായി വ്യാപിപിച്ചു.
4. മുഴുവൻ അഹ്മദികളോടും അറബി, ഉറുദു ഭാഷ പഠിക്കുവാനുള്ള ആഹ്വാനം
5. സയ്യിദുനാ ബിലാൽ ഫണ്ട്
6. മറിയം ശാദി ഫണ്ട്.

**284. വഖ്ഫെ നൗ പദ്ധതിയെക്കുറിച്ച് നിങ്ങൾക്കെന്തറിയാം?**
ഹിജ്റ 15-ാം നൂറ്റാണ്ടിലെ ജമാഅത്തിന്റെ വിപുലമായ ആവശ്യങ്ങളെ മുൻനിറുത്തികൊണ്ട് 1987 ഏപ്രിൽ 3നാണ് ഹുസൂർ തിരുമനസ്സ് ഈ പദ്ധതിക്ക് ആഹ്വാനം ചെയ്തത്. വരുന്ന രണ്ട് വർഷങ്ങളിൽ ജനിക്കുന്ന കുട്ടികളെ ദീനിസേവനത്തിനായി വഖഫ് ചെയ്യുക എന്നതാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിച്ചത്. പിന്നീട് ഈ പദ്ധതി അടുത്ത രണ്ട് വർഷത്തേക്ക് കൂടിനീട്ടി. അതിന്നു ശേഷം ഇതു വരേ യും തുടർന്നുകൊണ്ടു പോവുകയാണ്. 30000 കുട്ടികൾ ഈ പദ്ധതി മുഖേന വഖ്ഫ് ചെയ്യപ്പെട്ടു.

285. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ് (റ) രചിച്ച ചില ഗ്രന്ഥങ്ങളുടെ പേരുകൾ പറയുക?
1. സൗഖെ ഇബാദത്ത് ഔർ ആദാബെ ദുആ
2. സഹഖൽ ബാത്തിൽ
3. സീറത്ത് ഫസ്ലെ ഉമർ
4. ഹോമിയോപ്പതി-ഇലാജ് ബിൽ മിസ്ൽ
5. മസ്ഹബ് കെ നാം പർ ഖൂൻ
6. വിസാൽ ഇബ്നു മറിയം
7. ഖലീജ് കാ ബുഹ്റാൻ
8. വർസിശ് കെ സീനെ
9. ഔർ നിസാമെ നൗ
10. Islam's Responce to the Contemporary issues
11.Christianty - A Journey from Facts to Fiction
12.Revelation, Rationality, Knowledge and Truth.

**286. 1984ൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്), ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഏത് ഇൽഹാമീ ദുആയാണ് കൂടുതലായി ചൊല്ലാൻ നിർദ്ദേശിച്ചത്?**

കുത്സിതപ്രവർത്തകരും അനർത്ഥകാരികളും ശത്രുക്കളു മായവരുടെ കുഴപ്പങ്ങളിൽ നിന്ന് രക്ഷപ്പെടാൻ വേണ്ടി ഹു സൂർ ഈ ദുആ കൂടുതലായി ചെയ്യുവാൻ ആഹ്വാനം ചെയ്യു കയുണ്ടായി: اَللّٰهُمَّ مَزِّقْهُمْ كُلَّ مُمَزَّقٍ وَّسَحِّقْهُمْ تَسْحِيْقًا۔

അല്ലാഹുവേ, അവരെ തുണ്ടം തുണ്ടമാക്കുകയും തവിട്പൊടി യാക്കുകയും ചെയ്യേണമേ

**287. മാൻ ഓഫ് ഗോഡ് എന്ന ഗ്രന്ഥത്തെക്കുറിച്ച് നിങ്ങൾ ക്കെന്തറിയാം?**

മിസ്റ്റർ ആഡംസൺ ഹുസൂറിന്റെ ജീവചരിത്രവുമായി ബന്ധ പ്പെട്ട് രചിച്ച ഈ ഗ്രന്ഥം ഏക് മർദെ ഖുദാ എന്ന പേരിൽ ഉറുദുവിലും പ്രസിദ്ധീകരിച്ചിട്ടുണ്ട്.

**288. എം.ടി.എ യുടെ സാധാരണഗതിയിലുള്ള പ്രക്ഷേപ ണം ആരംഭിച്ചതെപ്പോൾ?**

1994 ജനുവരി 7ന്

**289. യൂറോപ്പ്, അമേരിക്ക എന്നീ ഭൂഖണ്ഡങ്ങളിലേക്കുള്ള എം.ടി.എ. ഇന്റർനാഷണലിന്റെ 24 മണിക്കൂർ നേരത്തേ ക്കുള്ള പ്രക്ഷേപണം ആരംഭിച്ചതെപ്പോൾ?**

1996 ഏപ്രിൽ 1ന്

**290. ഈ പ്രക്ഷേപണത്തിന്ന് നാന്ദി കുറിച്ചു കൊണ്ട് ചെ യ്ത ഐതിഹാസികമായ ഖുത്ത്ബ എന്നായിരുന്നു?**

1996 ഏപ്രിൽ 5ന് ലണ്ടനിലെ മസ്ജിദ് ഫസലിൽ വെച്ച്

**291. എം.ടി.എ.യിലെ ഏതൊക്കെ പരിപാടികളിലാണ് ഹു സൂർ നേരിട്ട് പങ്കെടുത്തുകൊണ്ടിരുന്നത്?**

ദർസുൽ ഖുർആൻ, മുലാഖാത്ത്, ലിഖാ മഅൽ അറബ്, ഹോമിയോപ്പതിക്ലാസ്സ്, ചിൽഡ്രൻസ് ക്ലാസ്സ്, ഉറുദു ക്ലാസ്സ്.

**292. എം.ടി.എ. ഇന്റർനാഷണൽ, തങ്ങളുടെ പ്രക്ഷേപണം ഗ്ലോബൽ ബീമിലൂടെ എന്നാണ് ആരംഭിച്ചത്?**
1996 ജൂലായ് 5ന് ഇന്ത്യൻ സമയമനുസരിച്ച് രാവിലെ 4:30ന്.

**293. ജർമനിയിൽ നിർമ്മിച്ചുകൊണ്ടിരിക്കുന്ന 100 മസ്ജിദുകൾക്ക് വേണ്ടി ഹുസൂർ ഏത് മഹതിയുടെ വകയായാണ് ഭാരിച്ച ഒരു സംഖ്യ സംഭാവനയായി നൽകിയത്?**
ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി(റ)ന്റെ ഭാര്യയായ ഹദ്റത്ത് സെയ്യിദ മെഹർ ആപ്പ സാഹിബ.

**294. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കുടുംബത്തിലെ രക്തസാക്ഷിത്വം വരിച്ച സൗഭാഗ്യവാന്റെ പേര് പറയുക?**
ജനാബ് മിർസാ മജീദ് അഹ്മദ് സാഹിബിന്റെ മകൻ സാഹിബ് സാദാ മിർസാ ഗുലാം ഖാദിർ അഹ്മദ് സാഹിബ്. ഇദ്ദേഹം ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് എം.എയുടെ പൗത്രനും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പ്രപൗത്രനുമാണ്. 1999 ഏപ്രിൽ 14ന് അഹ്മദിയ്യ ജമാഅത്തിന്റെ ശത്രുക്കൾ ഇദ്ദേഹത്തെ തട്ടികൊണ്ടുപോയി ശഹീദാക്കുകയാണ് ചെയ്തത്.

**295. ഹുസൂർ എം.ടി.എ. യിലെ എത്ര ക്ലാസ്സിലൂടെയാണ് ഖുർആൻ തർജ്ജുമ പൂർത്തിയാക്കിയത്?**
305 ക്ലാസ്സിലൂടെ

**296. ഹുസൂർ സലാത്തുൽ കുസൂഫ് (സൂര്യഗ്രഹണനമസ്കാരം) എപ്പോഴാണ് നിർവ്വഹിച്ചത്? എവിടെ?**
1999 ആഗസ്ത് 11ന് സൂര്യഗ്രഹണസമയത്ത് മസ്ജിദ് ഫസൽ

ലണ്ടനിൽ വെച്ചാണ് സലാത്തുൽ ഖുസൂഫ് നിർവ്വഹിച്ചത്.

**297. ഹുസൂർ ഇന്തോനേഷ്യൻ പര്യടനം നടത്തിയതെപ്പോൾ? അതിന്റെ ചരിത്രപരമായ പ്രാധാന്യമെന്ത്?**
ഹുസൂർ 2000 ജൂൺ 19 മുതൽ ജൂലായ് 11 വരെ ഇന്തോനേഷ്യയിൽ പര്യടനം നടത്തി. ഹുസൂർ ഇന്തോനേഷ്യയിൽ പര്യടനം നടത്തുന്ന ആദ്യത്തെ ഖലീഫയാണ്.

**298. 2001ൽ ഇംഗ്ലണ്ടിലെ ഇന്റർനാഷണൽ ജൽസ സാലാനയ്ക്ക് പകരമായി എവിടെയാണ് ജലസ ഉണ്ടായത്? ഇതിൽ എത്ര പേർ പങ്കെടുത്തു?**
2001 ആഗസ്ത് 24 മുതൽ 26 വരെ തീയ്യതികളിൽ ജർമനിയിലെ മാൻഹൈമിലാണ് ജലസ നടന്നത്. ഇതിൽ 50,000 പേർ പങ്കെടുത്തു.

**299. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്) മറിയം ശാദി ഫണ്ട് എന്നാണ് ആരംഭിച്ചത്?**
2003 ഫിബ്രവരി 21ന്

**300. ഹുസൂർ വഫാത്തായതെപ്പോൾ?**
2003 ഏപ്രിൽ 19ന് ലണ്ടൻ സമയം കാലത്ത്9:30ന്. ഹൃദയസ്തംഭനം മൂലം വഫാത്തായി. ഏപ്രിൽ 23ന് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഖാമിസ് ളുഹർ, അസർ നമസ്കാരത്തിനുശേഷം ലണ്ടനിലെ ഇസ്‌ലാമാബാദിൽ ഉച്ചക്ക് 2:30ന് ജനാസ നമസ്കരിച്ചു. ഇതിൽ മുപ്പതിനായിരത്തിൽ കൂടുതൽ ആളുകൾ പങ്കെടുത്തു. അതിന്നുശേഷം ഇസ്‌ലാമാബാദ് ടിൽഫോഡിൽ ഖബറടക്കം ചെയ്യുകയും വൈകുന്നേരം 4:30ന് ഖബറിടത്തിൽ ദുആ ചെയ്യുകയുമുണ്ടായി.

☆☆☆

# ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഖാമിസ് (അയ്യദഹുല്ലാഹ്)

**301. അഞ്ചാം ഖിലാഫത്ത് തെരഞ്ഞെടുപ്പ് എപ്പോഴാണ് നടന്നത്? ആരാണ് ഖലീഫയായി തെരെഞ്ഞെടുക്കപ്പെട്ടത്?**
2003 ഏപ്രിൽ 22ന് മസ്ജിദ് ഫസ്ൽ ലണ്ടനിൽ മഗ്‌രിബ് ഇശാഅ് നമസ്കാരത്തിനു ശേഷം മജ്‌ലിസ് ഇൻതിഖാബ് കമ്മിറ്റിയുടെ യോഗം ലണ്ടൻ സമയമനുസരിച്ച് രാത്രി 11:40ന്ന് (ഇന്ത്യൻ സമയം 2003 ഏപ്രിൽ 23ന് പുലർച്ചെ 4:10ന്) ചേരുകയും ഹദ്റത്ത് സാഹിബ് സാദാ മിർസാ മസ്റൂർ അഹ്മദ് സാഹിബ് (അയ്യദഹു) ഖലീഫയായി തെരെഞ്ഞെടുക്കപ്പെടുകയും ചെയ്തു.

**302. ഹുസൂർ എപ്പോൾ എവിടെ ജനിച്ചു?**
1950 സപ്തംബർ 15ന് റബ്‌വയിൽ ജനിച്ചു. ഹുസൂറിന്റെ പിതാവ് ഹദ്റത്ത് സാഹിബ് സാദാ മിർസാ ശരീഫ് അഹ്മദ് സാഹിബ്(റ)ന്റെ മകൻ ഹദ്റത്ത് സാഹിബ് സാദാ മിർസാ മൻസൂർ അഹ്മദ് സാഹിബാണ്. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി(റ)ന്റെ മകൾ ഹദ്റത്ത് സാഹിബ് സാദി നാസിറാ ബേഗം സാഹിബയാണ് മാതാവ്.

**303. ഹുസൂറിന്റെ വിവാഹം എപ്പോഴായിരുന്നു?**
1977 ജനുവരി 31ന് ജനാബ് സയ്യിദ് ദാവൂദ് മുസഫർ ശാഹ് സാഹിബിന്റേയും സാഹിബ് സാദി അമത്തുൽ ഹകീം സാഹിബയുടേയും മകളായ സയ്യിദ അമത്തുസ്സബൂഹ് ബേഗം സാഹിബയുമായി നടന്നു. ഫിബ്രവരി 2നു വലീമ സൽകാരവുമുണ്ടായി.

**304. ഹുസൂർ വഖ്ഫ് ചെയ്തുകൊണ്ട് ഏതു രാജ്യത്തേക്കാണ് പോയത്? എപ്പോൾ?**

ഹുസൂർ, നുസ്റത്ത് ജഹാൻ സ്കീമിന്റെ കീഴിൽ 1977 ആഗസ്റ്റിൽ ഘാനയിലേക്ക് പുറപ്പെട്ടു. അവിടെ 1977 മുതൽ 1979 വരെ സലാഗയിലെ സെക്കന്ററി സ്കൂളിൽ പ്രിൻസിപ്പാൾ ആയി ജോലി ചെയ്തു. അൽസയ്യാർച്ചറിലെ സെക്കന്ററി സ്കൂളിൽ 1979 മുതൽ 1983 വരെ പ്രിൻസിപ്പലായി സേവനമനുഷ്ടിച്ചു. അതുപോലെ ഉത്തര ഘാനയിലെ ടമാലയിലെ കാർഷികഫാമിൽ 1983 മുതൽ 1985 വരെ അഹ്മദിയാ കാർഷിക ഫാമിൽ മാനേജരായി ജോലി ചെയ്തു. ഹുസൂർ ഘാനയിൽ ആദ്യമായി ഗോതമ്പ് വിളയിക്കാനുള്ള പരീക്ഷണം വിജയകരമായി നടത്തുകയുണ്ടായി. 1985ൽ റബ്വയിലേക്ക് തിരിച്ചു വന്നു.

**305. ഹുസൂർ എപ്പോഴാണ് നാസിർ അഅ്ലാ വ അമീർ മഖാമി സ്ഥാനങ്ങളിൽ ഉപവിഷ്ടനായത്?**

1997 ഡിസംബർ 10ന്, അതിന് ശേഷം ഖലീഫയായി തെരഞ്ഞെടുക്കപ്പെടുന്നതുവരെ ആ സ്ഥാനത്ത് തുടർന്നു.

**306. ഹുസൂർ ഒരു കേസുമായി ബന്ധപ്പെട്ട് അസീറെ റാഹെ മൗലാ (അല്ലാഹുവിന്റെ മാർഗത്തിൽ ബന്ധനസ്ഥൻ) ആവുകയുണ്ടായി. എപ്പോൾ?**

1999 ഏപ്രിൽ 30ന് ജയിലിലാവുകയും 1999 മെയ് 10ന് മോചിതനാവുകയും ചെയ്തു.

**307. ഹുസൂർ തന്റെ ആദ്യപ്രസംഗത്തിൽ ജമാഅത്തിന്ന് എന്ത് സന്ദേശമാണ് നൽകിയത്?**

ധാരാളമായി ദുആ ചെയ്യുവിൻ, ധാരാളമായി ദുആ ചെയ്യുവിൻ, ധാരാളമായി ദുആ ചെയ്യുവിൻ.

**308. ഹുസൂർ ഖലീഫ ആയതിന്ന് ശേഷമുള്ള ഇംഗ്ലണ്ടിലെ ആദ്യത്തെ ജലസസാലാനയിൽ എത്ര ബൈഅത്ത് ഉണ്ടായി?**
2003 ജൂലായ് 25 മുതൽ 27 വരെ ടിൽഫോഡിലെ ഇസ്ലാമാബാദിൽ ഈ ജലസ നടന്നു. ഇതിൽ 98 രാജ്യങ്ങളിൽ നിന്നുള്ള 229 വംശജരിൽ നിന്നുള്ള എട്ട്ലക്ഷത്തി തൊണ്ണൂറ്റി രണ്ടായിരത്തി നാനൂറ്റി മൂന്ന് (8,92,403) പേർക്ക് ബൈഅത്ത് ചെയ്യുവാനുള്ള ഭാഗ്യം ലഭിക്കുകയുണ്ടായി. ഈ ജലസയിൽ 25,000പേർ പങ്കെടുത്തിരുന്നു.

**309. ഹുസൂർ ത്വാഹിർ ഫൗണ്ടേഷൻ എപ്പോഴാണ് സ്ഥാപിച്ചത്?**
2003 ജൂലായ് 26ന്

**310. അഹ്മദി വിദ്യാർത്ഥികൾ കുറഞ്ഞപക്ഷം ഏത് ക്ലാസ്സ് വരെ പഠിക്കണമെന്നാണ് ഹുസൂർ നിർദ്ദേശിച്ചത്?**
എഫ്. എ വരെ (നമ്മുടെ +2വിന്ന് തുല്യം)

**311. ഹുസൂർ തന്റെ ആദ്യ വിദേശപര്യടനത്തിനായി എപ്പോഴാണ് പുറപ്പെട്ടത്. എപ്പോൾ തിരിച്ചുവന്നു?**
2003 ആഗസ്റ്റ് 19ന് ലണ്ടനിൽ നിന്ന് പുറപ്പെട്ട് 20ന് ബെൽജിയം വഴി ജർമനി എത്തി. സപ്തമ്പർ 8ന് ഫ്രാൻസിൽ നിന്ന് ലണ്ടൻ തിരിച്ചെത്തി.

**312. ഹുസൂർ ഈ പര്യടനത്തിൽ ഏതൊക്കെ രാഷ്ട്രങ്ങൾ സന്ദർശിച്ചു?**
ബെൽജിയം, ജർമനി, ഹോളണ്ട്, ഫ്രാൻസ്.

**313. ജാമിഅ അഹ്മദിയ കനഡ എപ്പോഴാണ് ഉദ്ഘാടനം ചെയ്യപ്പെട്ടത്?**

കനഡയിലെ മിസ്സിബാഗ് പട്ടണത്തിൽ 2003 സപ്തമ്പർ 7ന്.

**314. പശ്ചിമ യൂറോപ്പിലെ ഏറ്റവും വലിയ പള്ളിയായ മസ്ജിദ് ബൈത്തുൽ ഫുത്തുഹിന്റെ ശിലാസ്ഥാപനകർമ്മം എപ്പോൾ? ആര് നിർവ്വഹിച്ചു?**
ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്) 1999 ഒക്ടോബർ 19ന് ലണ്ടനിൽ ഖാദിയാനിലെ മസ്ജിദ് മുബാറക്കിന്റെ ഒരു ഇഷ്ടിക കൊണ്ട് ശിലാസ്ഥാപനകർമ്മം നിർവ്വഹിച്ചു.

**315. ബൈത്തുൽ ഫുത്തൂഹിന്റെ ഉദ്ഘാടനം എപ്പോഴായിരുന്നു?**
ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഖാമിസ് (അയ്യദഹു) 2003 ഒക്ടോബർ 3ന് ജുമുഅ നമസ്കാരത്തോടെ ഉദ്ഘാടനം ചെയ്തു.

**316. റബ്വയിൽ ടെക്നിക്കൽ ട്രെയ്നിങ്ങ് ഇൻസ്റ്റിറ്റ്യൂട്ട് (ദാറുസ്സനാഅ്) രൂപം കൊണ്ടതെപ്പോൾ?**
2004 ഫിബ്രവരി 5ന്.

**317. അഞ്ചാം ഖിലാഫത്തിലെ ആദ്യ പാക്കിസ്ഥാൻ മജ്ലിസെ മുശാവറ എപ്പോഴായിരുന്നു?**
2004 മാർച്ച് 26 മുതൽ 28 വരെ, റബ്വയിൽ.

**318. ഹുസൂർ തന്റെ ആദ്യ പശ്ചിമാഫ്രിക്കൻ സന്ദർശനം ഏത് മുതൽ ഏത് വരെയായിരുന്നു നടത്തിയിരുന്നത്?**
2004 മാർച്ച് 13 മുതൽ 2004 ഏപ്രിൽ 13 വരെ

**319. ഈ പര്യടനവേളയിൽ ഹുസൂർ സന്ദർശിച്ച രാജ്യങ്ങൾ ഏവ?**
ഘാന, ബോർക്കിനാഫാസോ, ബെനീൻ, നൈജീരിയ

**320. ഈ പര്യടനവേളയിൽ ഏത് രാജ്യങ്ങൾക്കാണ് ആദ്യ മായി ഒരു ഖലീഫയുടെ പാദസ്പർശമേൽക്കാൻ ഭാഗ്യം ലഭിച്ചത്?**
ബുർക്കിനൊഫാസൊ, ബെനീൻ

**321. എം.ടി.എ. 2 എപ്പോഴാണ് ആരംഭിച്ചത്?**
2004 ഏപ്രിൽ 22ന്

**322. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഖാമിസ് തന്റെ ആദ്യ കനഡാ സന്ദർശനം നടത്തിയത് എപ്പോൾ?**
2004 ജൂൺ 21 മുതൽ ജൂലായ് 5 വരെ

**323. ഹുസൂർ തഹ്രീകെ ജദീദിന്റെ ദഫ്ത്തർ(ലഡ്ജർ) അഞ്ച് ആരംഭിച്ചതെപ്പോൾ?**
2004 നവംബർ 5ന്

**324. ശതവാർഷിക ഖിലാഫത്ത് ജൂബിലി ആഘോഷിച്ചതെ പ്പോൾ?**
ഖിലാഫത്തിന്ന് 100 വർഷം പൂർത്തിയാകുന്ന 2008ൽ

**325. ഹുസൂർ 2008 വരെയുള്ള കാലയളവിൽ എത്ര മൂസിക ളുടെ (വസിയ്യത്ത് ചെയ്തവർ) ടാർഗറ്റാണ് ജമാഅത്തിന്ന് നൽകിയത്?**
ആകെയുള്ള ചന്ദ നൽകുന്നവരുടെ 50 ശതമാനം.

**326. ഹുസൂറിന്റെ ആദ്യ സ്പെയിൻ സന്ദർശനം എപ്പോൾ?**
2005 ജനുവരി 1 മുതൽ 2005 ജനുവരി 16 വരെ.

**327. ഹുസൂർ സ്പെയിനിന്റെ ഏത് പട്ടണത്തിലാണ് രണ്ടാമ**

**ത്തെ പള്ളി നിർമ്മിക്കാൻ ആഹ്വാനം ചെയ്തത്?**
സ്പെയ്നിന്റെ പട്ടണമായ വലൻഷിയയിൽ.

**328. ത്വാഹിർ ഹോമിയോ ഹോസ്പിറ്റൽ എപ്പോൾ എവിടെ സ്ഥാപിക്കപ്പെട്ടു?**
2005 ഏപ്രിൽ 17ന് റബ്വയിൽ.

**329. നൂറുൽ ഐൻ ദായിറത്തുൽ ഖിദ്മത്തുൽ ഇൻസാനിയ എന്നത് ഏത് കെട്ടിടത്തിന്റെ പേരാണ്?**
ജമാഅത്തിന്റെ ആദ്യ ബ്ലഡ് & ഐ ബാങ്കിന്റെ പേരാണ്.

**330. ഹുസൂറിന്റെ ആദ്യ കിഴക്കൻ ആഫ്രിക്കൻ പര്യടനം എപ്പോൾ ഏത് മുതൽ ഏത് വരെയാണ് നടത്തിയത്?**
2005 ഏപ്രിൽ 26 മുതൽ 2005 മെയ് 25 വരെ

**331. ഹുസൂർ കിഴക്കൻ ആഫ്രിക്കയിലെ ഏതെല്ലാം രാജ്യങ്ങളിലാണ് പര്യടനം നടത്തിയത്?**
കെനിയ, ടൻസാനിയ, ഉഗാണ്ട

**332. ഹുസൂർ ആദ്യമായി ഖാദിയാനിൽ വന്നതെപ്പോൾ?**
2005 ഡിസംബർ 15ന്

**333. ഹുസൂറിന്റെ ആദ്യ വിദൂര പൗരസ്ത്യദേശ പര്യടനം എപ്പോൾ?**
2006 ഏപ്രിൽ 4 മുതൽ 2006 മെയ് 15 വരെ

**334. വിദൂര പൗരസ്ത്യദേശത്തെ ഏതെല്ലാം രാജ്യങ്ങളിലാണ് ഹുസൂർ പര്യടനം നടത്തിയത്?**
സിംഗപ്പൂർ, ആസ്ട്രേലിയ, ഫിജി, ന്യൂസിലാന്റ്, ജപ്പാൻ.

**335. ലോകത്തിന്റെ ഒരറ്റം എന്നറിയപ്പെടുന്ന ഫിജിയിൽ നിന്ന് ഹുസൂറിന്റെ നേരിട്ടുള്ള ഖുതുബ എപ്പോഴാണ് പ്രക്ഷേപണം ചെയ്യപ്പെട്ടത്?**
2006 ഏപ്രിൽ 28ന്

**336. ഹുസൂർ 2007 മാർച്ച് 23ന് ഏത് അഹ്മദിയ്യാ ചാനലിനാണ് ആരംഭം കുറിച്ചത്?**
എം.ടി.എ 3 അൽ അറബിയ

**337. ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് സാഹിബിന്റെ മകനായ ഹദ്റത്ത് സാഹിബ് സാദാ മിർസാ വസീം അഹ്മദ് സാഹിബ് വഫാത്തായതെപ്പോൾ?**
2007 ഏപ്രിൽ 29ന്, ഇദ്ദേഹം ഇന്ത്യാവിഭജനത്തിന്ന് ശേഷം ഖാദിയാനിൽ തന്നെ താമസിച്ചു വരികയായിരുന്നു. വഫാത്ത് സമയത്ത് നാസിർ അഅ്ലായും ഖാദിയാൻ അമീർ മഖാമിയുമായി സേവനമനുഷ്ടിക്കുകയായിരുന്നു.

☆☆☆

# പൊതുവിജ്ഞാനം (ജനറൽ)

**338. അഹ്മദിയ്യാ ജമാഅത്തിലെ സ്ത്രീകളുടെ സംഭാവനകൾ കൊണ്ടുമാത്രം വിദേശത്ത് നിർമ്മിക്കപ്പെട്ട പള്ളികൾ ഏതൊക്കെ?**
✶മസ്ജിദ് ഫസ്ൽ, ലണ്ടൻ. ✶മസ്ജിദ് മുബാറക്ക്, ഹേഗ് ഹോളണ്ട്. ✶മസ്ജിദ് നുസ്റത്ത് ജഹാൻ, കോപ്പൻ ഹേൽ ഡന്മാർക്ക്.

**339. വിദേശരാജ്യങ്ങളിൽ സേവനമനുഷ്ടിച്ചു കൊണ്ടിരിക്കെ വഫാത്തായ അഹ്മദിയാ മുബല്ലിഗുമാരിൽ ചിലരുടെ പേരു പറയുക?**

1. ഹദ്റത്ത് മൗലാനാ നസീർ അഹ്മദ് സാഹിബ്,സിറാലിയോൺ
2. ഹദ്റത്ത് ഹാഫിസ് ഉബൈദുല്ലാഹ് സാഹിബ്, മൊറീഷ്യസ്
3. ഹദ്റത്ത് ചൗധരി അബ്ദുർറഹ്മാൻ സാഹിബ് ബംഗാളി, അമേരിക്ക
4. ഹദ്റത്ത് മൗലാനാ അബൂബക്കർ അയ്യൂബ് സാഹിബ്, ഹോളണ്ട്
5. മൗലാനാ മുബശ്ശിർ അഹ്മദ് ചൗധരി സാഹിബ്,നൈജീരിയ

**340. എന്റെ കക്ഷിയിൽ പെട്ടവർ തങ്ങളുടെ അറിവിലും ദൈവികജ്ഞാനത്തിലും പരിപൂർണ്ണത കരസ്ഥമാക്കികൊണ്ട് തങ്ങളുടെ സത്യത്തിന്റെ പ്രകാശം മുഖേന തെളിവുകളുടേയും ദൃഷ്ടാന്തങ്ങളുടേയും ശക്തികൊണ്ട് സകലരുടേയും വായ അടപ്പിക്കും എന്ന ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പ്ര**

**വചനത്തെ സാക്ഷ്യപ്പെടുത്തുന്നവരിൽപെട്ട രണ്ട് പേരുടെ പേര് പറയുക?**

✪ഹദ്റത്ത് ചൗധരി മുഹമ്മദ് സഫറുല്ലാഹ് ഖാൻ സാഹിബ്....

✪പ്രൊഫ. ഡോക്ടർ അബ്ദുസ്സലാം സാഹിബ്.

**341. ഹദ്റത്ത് ചൗധരി മുഹമ്മദ് സഫറുല്ലാഹ് ഖാൻ സാഹിബ് ജനിച്ചതും വഫാത്തായതും എപ്പോൾ? അദ്ദേഹം ഹദ്റത്ത് മസീഹ് മൗഊദി(അ)ന്റെ കയ്യിൽ എപ്പോഴാണ് ബൈഅത്ത് ചെയ്തത്?**

ജനനം 1893 ഫിബ്രവരി 6നും വഫാത്ത് 1985 സപ്തമ്പർ 1നും, 1907 സപ്തംബർ 16 നാണ് മസീഹ് മൗഊദ്(അ)ന്റെ കയ്യിൽ ബൈഅത്ത് ചെയ്തത്.

**342. ഹദ്റത്ത് ചൗധരി മുഹമ്മദ് സഫറുല്ലാഹ് ഖാൻ സാഹിബ് അലങ്കരിച്ച ഭൗതീകസ്ഥാനമാനങ്ങളിൽ ചിലത് പറയുക?**

1. പഞ്ചാബ് നിയമ നിർമ്മാണ സമിതി അംഗം,
2. അഖിലേന്ത്യ മുസ്‌ലിം ലീഗ് പ്രസിഡന്റ്,
3. 1931 ലണ്ടനിലെ വട്ടമേശ സമ്മേളനത്തിൽ അംഗം,
4. ഇന്ത്യയിലെ വൈസറോയുടെ എക്സിക്യൂട്ടീവ് കൗൺസിൽ അംഗം,
5. ഇന്ത്യൻ റെയിൽവെ മന്ത്രി,
6. ഫെഡറൽ കോർട്ട് ഓഫ് ഇന്ത്യയുടെ ജഡ്ജി,
7. പാക്കിസ്ഥാന്റെ ആദ്യ വിദേശകാര്യ മന്ത്രി,
8. ഇന്റർനാഷണൽ കോർട്ട് ഓഫ് ജസ്റ്റിസിന്റെ ആദ്യ ഉപാദ്ധ്യക്ഷൻ, പിന്നീട് പ്രസിഡന്റ്
9. ഐക്യരാഷ്ട്രസഭയുടെ ജനറൽ അസംബ്ലി പ്രസിഡന്റ്,

ഐക്യരാഷ്ട്രസഭയുടെ ജനറൽ അസംബ്ലിയുടേയും ഇന്റർനാഷണൽ കോർട്ട് ഓഫ് ജസ്റ്റിസിന്റേയും തലവനാകുന്ന ആദ്യവ്യക്തിയാണ് ഇദ്ദേഹം.

**343. ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) ജമാഅത്തിലെ ആദരണീയരും വന്ദ്യവയോധികരായ മൂന്ന് പേർക്ക് ഖാലിദ് അഹ്മദിയ്യത്ത് എന്ന സ്ഥാനപേര് നൽകുകയുണ്ടായി. അത് ആർക്കൊക്കെ? എപ്പോൾ?**

1956 ലെ ജലസാ സാലാനയുടെ അവസരത്തിൽ താഴെ പറയുന്ന മൂന്ന് പേർക്കാണ് ഖാലിദ് അഹ്മദിയ്യത്ത് എന്ന സ്ഥാനപേര് നൽകിയത്?

1. ഹദ്റത്ത് മൗലാനാ ജലാലുദ്ദീൻ സാഹിബ് ശംസ്
2. ഹദ്റത്ത് മലിക്ക് അബ്ദുറഹ്മാൻ സാഹിബ് ഖാദിം
3. ഹദ്റത്ത് മൗലാനാ അബുൽ അത്താ സാഹിബ്

**344. പാക്കിസ്ഥാന്റെ ഏക നോബൽ സമ്മാനജേതാവായ ശാസ്ത്രജ്ഞന്റെ പേരു പറയുക?**

പ്രൊഫസർ ഡോക്ടർ മുഹമ്മദ് അബ്ദുസ്സലാം സാഹിബ്.

**345. ഡോക്ടർ മുഹമ്മദ് അബ്ദുസ്സലാം സാഹിബിന്ന് നോബൽ സമ്മാനം ലഭിച്ചതെപ്പോൾ?**

1979 ഡിസംബർ 10ന്

**346. ഡോക്ടർ മുഹമ്മദ് അബ്ദുസ്സലാം സാഹിബ് ജനിച്ചതും വഫാത്തായതും എപ്പോൾ? ഖബറടക്കം ചെയ്തതെവിടെ?**

ജനനം 1926 ജനുവരി 29ന്, 1996 നവംബർ 21ന് ഓക്സ്ഫോഡിൽ വഫാത്താവുകയും 1996 നവംബർ 25ന് റബ്വയിലെ ബഹിശ്തി മഖ്ബറയിൽ കബറടക്കം ചെയ്യപ്പെടുകയും ചെയ്തു.

**347. അഹ്മദിയ്യാ ജമാഅത്ത് മഹത്തായ ഒരു ദൈവിക ദൃഷ്ടാന്തത്തിന്റെ സ്മരണാർത്ഥം 1994 വർഷം ആഘോഷിക്കുകയുണ്ടായി ആ ദൈവീക ദൃഷ്ടാന്തം എന്തായിരുന്നു?**

1894ൽ ഇമാം മഹ്ദിയുടെ അടയാളമായി വെളിപ്പെട്ട സൂര്യ

ചന്ദ്രഗ്രഹണത്തിന്ന് 1994 ൽ 100 വർഷം പൂർത്തിയായി അതു കൊണ്ടാണ് അതൊരു വാർഷിക ദിനമായി കൊണ്ടാടിയത്.

**348. ഇസ്‌ലാം മത തത്ത്വജ്ഞാനത്തിന്റെ ശതവാർഷികാഘോഷം എങ്ങിനെ ആയിരുന്നു?**

ഹദ്റത്ത് മസീഅ് മൗഊദ്(അ)ന്റെ ഇസ്‌ലാമതതത്ത്വജ്ഞാനം എന്ന ഗ്രന്ഥത്തിന്ന് 1996ൽ 100 വർഷം പൂർത്തിയാകുന്ന അവസരത്തിൽ മുഴുലോകത്തും അതിന്റെ ലക്ഷക്കണക്കിന്ന് കോപ്പികൾ പ്രസിദ്ധീകരിക്കുകയുണ്ടായി. പല ഭാഷകളിലും ആ ഗ്രന്ഥം ഭാഷാന്തരം ചെയ്തു. മാത്രമല്ല എല്ലാ ഓരോ അഹ്മദിയും പ്രസ്തുത ഗ്രന്ഥം വായിക്കേണമെന്ന് ഹുസൂർ നിർദ്ദേശിക്കുകയും ചെയ്തു. മാസികകളായ ഖാലിദും അൻസാറുല്ലാഹ്‌യും അവരുടെ വിശേഷാൽപ്രതി പ്രസിദ്ധീകരിക്കുകയും ചെയ്തു.

**349. 1997ൽ ഏതു മഹത്തായ ദൃഷ്ടാന്തത്തിനാണ് 100 വർഷം പൂർത്തിയായത്?**

റസൂൽ കരീം(സ) തിരുമേനിയെ അസഭ്യം പറഞ്ഞ് നടന്നിരുന്ന ആര്യമത നേതാവ് പൺഡിറ്റ് ലേഖ്റാം പിശാവരി 1897 മാർച്ച് 6ന് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പ്രവചനപ്രകാരം അല്ലാഹുവിന്റെ ഉഗ്രകോപത്തിന്ന് ഇരയായി. 1997ൽ ആ ദൃഷ്ടാന്തത്തിന്ന് 100 വർഷം പൂർത്തിയായി.

**350. റബ്‌വയിൽ നിന്നും പുറപ്പെടുന്ന കേന്ദ്ര പത്രികകളുടെ പേരു പറയുക?**

1. ഖുദ്ദാമുൽ അഹ്മദിയായുടെ ഖാലിദ് മാസിക,
2.അത്ഫാലുൽ അഹ്മദിയായുടെ തശ്ഹീദുൽ അദ്ഹാൻ മാസിക,
3. അൻസാറുല്ലാഹ്‌യുടെ അൻസാറുല്ലാഹ് മാസിക,

4. ലജ്ന ഇമായില്ലായുടെ മിസ്ബാഹ് മാസിക,
5. തഹ്രീകെ ജദീദിന്റെ തഹ്രീക് ജദീദ് മാസിക.

**351. ഖാലിദ് മാസിക പ്രസിദ്ധീകരിക്കാൻ തുടങ്ങിയതെപ്പോൾ?**

1952 ഒക്ടോബർ

**352. അഹ്മദിയ ജമാഅത്തിന്റെ ആഭിമുഖ്യത്തിൽ ലണ്ടനിൽ നിന്നും പുറപ്പെടുന്ന പത്രങ്ങളുടേയും ആനുകാലിക പ്രസിദ്ധീകരണങ്ങളുടേയും ഏതാനും ചില പേര് പറയുക?**

1. റിവ്യൂ ഓഫ് റിലീജിയൻസ് മാസിക,
2. പ്രതിവാര പത്രികയായ അൽ ഫസ്ൽ ഇന്റർനാഷണൽ,
3. അത്തഖ്‌വാ മാസിക,
4. അഖ്ബാർ അഹ്മദിയ മാസിക.

**353. 1997ലെ ജലസ സാലാന ജർമനിയുടെ വ്യതിരിക്ത എന്ത്?**

ഹുസൂറിന്റെ നിർദ്ദേശപ്രകാരം ഈ അവസരത്തിൽ ബോസ്നിയൻ, അൽബിനിയൻ, അറബ് വംശജരുടെ പ്രത്യേകം പ്രത്യേകം ജലസ ആദ്യമായി നടത്തപ്പെടുകയുണ്ടായി.

**354. 2005 വർഷത്തിന്റെ പ്രത്യേകത എന്ത്?**

2005 വർഷത്തിൽ വസിയ്യത്ത് സംവിധാനത്തിന്ന് 100 വർഷം പൂർത്തിയായി. മാത്രമല്ല ചാന്ദ്രവർഷപ്രകാരം ഖിലാഫത്തിന്നും 100 വർഷം പൂർത്തിയായി.

**355. നിർബന്ധ ചന്ദയുടെ തോതെത്ര?**

1. വസിയ്യത്ത് ചന്ദ-മാസവരുമാനത്തിന്റെ ഏറ്റവും കുറഞ്ഞത് 1/10 (10%)

2. ആം ചന്ദ- 1/16 (6.25%).
3. ജലസ സാലാന ചന്ദയാകട്ടെ വാർഷിക വരുമാനത്തിന്റെ 1/120 ഭാഗം.

**356. ഖുദ്ദാമുൽ അഹ്മദിയായുടെ ചന്ദയുടെ തോതെത്ര?**
ചന്ദ മജ്ലിസ്-മാസവരുമാനത്തിന്റെ ഒരു ശതമാനം (1%)
ചന്ദ ഇജ്തിമാഅ്-വാർഷികവരുമാനത്തിന്റെ 2.5%.

**357. പാക്കിസ്ഥാനിൽ അതിഭീകരവും നാശം വിതച്ചതുമായ ഭൂകമ്പം ഉണ്ടായതെപ്പോൾ? അതിൽ എത്ര പേർ നാശമടഞ്ഞു?**
2005 ഒക്ടോബർ 8ന് ഭൂകമ്പമുണ്ടായി. അതിൽ എൺപതിനായിരത്തിൽ കൂടുതൽ ആളുകൾ നാശമടഞ്ഞു.

☆☆☆